ഗുണിക്ക, ബഹുമാനിക്ക, ആലാപിക്ക. പ്രലാപിക്ക, വിലാപിക്ക, വിചാരിക്ക, വാദിക്ക, വിധിക്ക, സംസാരിക്ക.

ii. തിപ്രത്യയാന്തനാമങ്ങൾ—കൃതി, കൃതിക്ക, പ്രവൃത്തിക്ക, നിവൃത്തിക്ക, സന്ധിക്ക, സിദ്ധിക്ക, സൃഷ്ടിക്ക. വൃൽ-വൎത്തിക്ക, ആവൃൽ-ആവൎത്തിക്ക, ഇവയെ അനുകരിച്ചു, പ്രവൎത്തിക്ക നിവൎത്തിക്ക എന്ന രൂപങ്ങൾ ഇവിടെ ഉണ്ടായവ തന്നെ.

iii. തൃപ്രത്യയാന്തം — മോഷ്ടൃ — മോഷ്ടാ—മോഷ്ടിക്ക. (138.)

തകാരാന്തനിഷ്ഠ, സമ്മതം — സമ്മതിക്ക, വിസമ്മതം, ഛിന്നം, ഭിന്നം, ക്രുദ്ധം ഇവയുടെ ക്രിയാപ്രകൃതികളെ ഉണ്ടാക്കുക.

iv. അനപ്രത്യയം:—വ്യസനം, വ്യസനിക്ക, ആഖ്യാനം, വ്യാഖ്യാനം, അവസാനം, ധ്യാനം, സ്നാനം, ഇവയുടെ ക്രിയാരൂപങ്ങളെപ്പറക.

ജ്ഞാപകം. i. ii. iii. iv. എന്നിവയിലെ അന്ത്യാക്ഷരം ഇക്ക പരമായാൽ ലോപിക്കും.

157. 1. ആകാരാന്തധാതുക്കളെ പരിഭാഷ ചെയ്വാൻ അവയുടെ കൃന്നാമങ്ങളോടു ചെയ്തു പ്രയോഗിക്കും.

സ്നാ — സ്നാനം ചെയ്ക; യാ — യാനം ചെയ്ക; പാ — പാനം ചെയ്ക; സ്ഥാ — സ്ഥിതിചെയ്ക. ആജ്ഞാ — ആജ്ഞചെയ്ക.

Admit ചെയ്ക, Enter ചെയ്ക, Pass ആക, Easy ആക, Fail ആക' Commit ആക, ഇത്യാദിപ്രയോഗങ്ങളെ ഒത്തു നോക്കുക.

2. ആകാരാന്തധാതുക്കളുടെ മുമ്പിൽ ഉപസൎഗ്ഗം ഉണ്ടെങ്കിൽ ഇക്ക വരും.

പ്രതിജ്ഞാ — പ്രതിജ്ഞിക്ക, അനുജ്ഞിക്ക, അനുമാ — അനുമിക്ക, ഉപമാ — ഉപമിക്ക.

3. ആകാരാന്തധാതുകളോടു 'പായ' ചേൎന്നു സംസ്കൃതത്തിൽ ഹേതുക്രിയകൾ ഉണ്ടാകും. സ്ഥാ + പയ + തി = സ്ഥാപയതി. ഈ ക്രിയകളുടെ പകാരത്തോട് ഇക്ക ചേൎത്തു ഭാഷയിൽ പ്രയോഗിക്കും.

സ്ഥാപ്+ഇക്ക — സ്ഥാപിക്ക, ആജ്ഞാപ്+ഇക്ക — ആജ്ഞാപിക്ക.

4. കൃ, മൻ, വിശ്, ആപ് മുതലായ ധാതുക്കളെ ഉപസൎഗ്ഗങ്ങളോടു കൂടിയേ ഉപയോഗിക്കാറുള്ളൂ.

കൃ — അനുകരിക്ക, ഉപകരിക്ക, സംസ്കരിക്ക, പരിഷ്കരിക്ക, മൻ — അനുമിക്ക, വിശ് — നിവേശിക്ക, പ്രവേശിക്ക, ആപ് — പ്രാപിക്ക, വ്യാപിക്ക.

5. പൂൎവ്വസ്ഥിതിയിൽ നിന്നു് ഒരു പുതിയ സ്ഥിതിയിൽ ആവുക ആക്കുക എന്ന അൎത്ഥത്തിൽ നാമങ്ങളോടു് ഈ പ്രത്യയം ചേൎത്തുണ്ടാക്കുന്ന പ്രകൃതിയോടു ഭൂകൃധാതുക്കളെ കൂട്ടി സമാസക്രിയകളെ ഉണ്ടാക്കാം.

ഭൂ — പാത്രീഭവിക്ക, ഗുണീഭവിക്ക, ശുചീഭവിക്ക എന്നിവ അകൎമ്മകങ്ങളാകുന്നു. പുത്രനല്ലാത്തവൻ പുത്രനായി എന്ന അൎത്ഥത്തിൽ പുത്രീഭവിച്ചു എന്നു പറയും.

കൃ — പാത്രീകരിക്ക, ഗുണീകരിക്ക, ശുചീകരിക്ക, ശുക്ലീകരിക്ക എന്നിവ സകൎമ്മകങ്ങൾ ആകുന്നു. ശുക്ലമല്ലാത്തതിനെ ശുക്ലമാക്കി = ശുക്ലീകരിച്ചു.

ഭാഷയിൽ ഈ ക്രിയകളെ പൂൎവ്വാവസ്ഥ വിട്ടു നവീനാവസ്ഥയെ പ്രാപിക്കുക എന്ന വികാരാൎത്ഥമില്ലാതെയും ഉപയോഗിക്കും.

'സൈന്യങ്ങളുടയ യഹോവയെ മാത്രം വിശുദ്ധീകരിപ്പിൻ.' വിശുദ്ധീകരിപ്പിൻ = വിശുദ്ധനാക്കിൻ; പാത്രീഭവിക്ക-പാത്രമാക.

(d) നാമധാതുക്കൾ.

158. നാമങ്ങളോടു് ക്ക, അക്ക, ഇക്ക, (എക്ക) എന്ന പ്രത്യയങ്ങൾ ചേൎന്നുണ്ടാകുന്ന നാമധാതുക്കൾക്കു തൽക്രിയ, തത്സാദൃശ്യം, തദവസ്ഥാപ്രാപ്തി, (=തദനുഭവം), തദ്ഗുണാധാനം മുതലായ അൎത്ഥങ്ങളുണ്ടാകും. ഈ പ്രത്യയങ്ങൾ ഭാഷാനാമങ്ങളിലും സംസ്കൃതനാമങ്ങളിലും ചേരും.

അടി, മുറി, ചൊൽ, എതിർ, മുൻ, പിൻ മുതലായ ധാതുക്കൾ ക്രിയാവാചികളോ അല്ലയോ എന്നതു നിശ്ചയിച്ചു കൂടായ്കയാൽ ഇവയെ ഇഷ്ടം പോലെ നാമധാതുക്കളായി വിചാരിക്കും. മേൽ പറഞ്ഞ അൎത്ഥങ്ങളിൽ ഒന്നിനെ യുക്തം പോലെ ഗ്രഹിക്കണം.

കൎമ്മകൎത്തൃക്രിയകളിൽ ചിലതു നാമങ്ങളിൽ നിന്നു ജനിച്ചവയാകുന്നു എന്നതു സ്മരണീയമാണു.

വള — വളയുക — വളക്ക. ഇണ — ഇണയുക — ഇണക്ക.

1. തൽക്രിയ a. അംശിക്ക, (അംശങ്ങളാക്ക), അടുക്കുക, അട്ടഹസിക്ക, അദ്ധ്യയനിക്ക, അധ്വാനിക്ക, അനാദരിക്ക, അനുകൂലിക്ക, അപമാനിക്ക, അഭ്യ

ദിക്ക, അവധാനിക്ക, അവസാനിക്ക, ആവിർഭാവിക്ക, ആഘ്രാണിക്ക, ആശീവ്ദിക്ക, ആഹാരിക്ക, കേന്ദ്രിക്ക, കേമിക്ക, കോലാഹലിക്ക, ഗദ്ദിക്ക, ഗർവ്വിക്ക, ഗുണിക്ക, ചേഷ്ടിക്ക, ഛിദ്രിക്ക, ഛിന്നിക്ക, ധൂപിക്ക, ധൂമിക്ക, ദർശ്നിക്ക, ധൂളിക്ക, ധ്യാനിക്ക, നിഷ്ഖണ്ഡിക്ക, പ്രതാപിക്ക, പ്രതിപാദിക്ക, പ്രതിഷ്ഠിക്ക, പ്രമാണിക്ക, ബലാൽകരിക്ക, മോക്ഷണിക്ക, യത്നിക്ക, യന്ത്രിക്ക, വധിക്ക, വർഗ്ഗിക്ക, വിതാനിക്ക, വിഭാഗിക്ക, വിവാഹിക്ക, വിഷമിക്ക, വൈഷമിക്ക, വിഷാദിക്ക, (പ്രസാദിക്ക), വ്യഗ്രിക്ക, വ്യാഖ്യാനിക്ക, ശകലിക്ക, ശബ്ദിക്ക, ശയനിക്ക, സമാധാനിക്ക, സമൂഹിക്ക, സിദ്ധാന്തിക്ക. ഇവയുടെ അർത്ഥം വെളിവാകാൻ വാക്യങ്ങളെ എഴുതുക.

b. അട്ടക്ക, അണിയുക, അൻപുക, ഇരട്ടിക്ക, ഈററിക്ക, ഉടമ്പിക്ക, ഇരുൾക, എരിയുക, ഏങ്കോണിക്ക, ഏഷണിക്ക, ഒന്നിക്ക, ഒരുമിക്ക, ഒരുങ്ങ, കക്ഷണിക്ക, കന്നിക്ക, കമിയുക, ക്രമ്പുക, ചലവിക്ക, തുണെക്ക, തുണ്ടിക്ക, തുഴയുക, തുഴക്ക, തെളിയുക, തൊലിക്ക, നിറക്ക (നിറം), നിലക്ക, നിഴലിക്ക, നുള്ളു, നേരുക, നൊടിക്ക, പണിയുക, പാതിക്ക, പൊടിക്ക, മരവിക്ക, മുതലിക്ക, വടിയുക, വടിക്ക. ഇവയെ വാക്യങ്ങളിൽ പ്രയോഗിച്ച് അർത്ഥം പറക.

2. **തത്സാദൃശ്യം.** ഉണലിക്ക, ഉരുളിക്ക, ഉരുളുക, കല്ലിക്ക, കന്നിക്കോലിക്ക, പന്തലിക്ക, വില്ലിക്ക, സ്തംഭിക്ക (സ്തംഭത്തിന്നു തുല്യമാക).

3. **തദവസ്ഥാപ്രാപ്തി**— ആ അവസ്ഥയിൽ വരിക — വരുത്തുക.
അങ്കുരിക്ക, അന്ധാളിക്ക, അലരുക, അല്ലല്യക, ഇടങ്ങുക, ഇണങ്ങുക, ഇരുട്ടുക, ഉക്ഷക്ക, ഉഷ്ണിക്ക, കനക്ക, കായ്ക്കു, കറയുക, കുളിരുക, കുഴിയുക, ക്രമ്പുക, ക്ഷീണിക്ക, ഘനിക്ക, ചവക്ക, ചുവെക്ക, ചൊടിക്ക, തണിയുക, തളിക്ക, തഴമ്പിക്ക, തഴെക്ക, തിളയുക, തുയരുക, തുളയുക, ദീർഘിക്ക, ദുഃഖിക്ക, നരയുക, പനിയുക, പയിക്ക, ദാഹിക്ക, പരുക്ക, പഴക്ക, പുകയുക, പുളുകുക, പുലരുക, പുളിക്ക, പുഴക്ക, പൂക്ക, പൂതലിക്ക, പെരുകുക, പേടിക്ക, പൊടിയുക, പൊതിയുക, പൊളിയുക, പൊള്ളുക, പൊഴിയുക, ബലക്ക, ഭയക്ക, ബിംബിക്ക, മഞ്ഞളിക്ക, മധുരിക്ക, മന്ദിക്ക, മയങ്ങുക, മലരുക, മഴല്യക, മുടയുക, ലജ്ജിക്ക, വക്രിക്ക, വമ്പിക്ക, വിറെക്ക, വിളയുക, വ്യഗ്രിക്ക, വ്യസനിക്ക, ശീതിക്ക. ഇവയിലെ കർമ്മകർത്തൃക്രിയകളെക്കാണിച്ച് അവയുടെ അർത്ഥം പറക.

ദുഃഖിക്ക — ദുഃഖാവസ്ഥയെ പ്രാപിക്ക — ദുഃഖമനുഭവിക്ക.

4. **തദ്ഗുണാധാനം.** ദ്രവ്യത്തിൽ ഒരു ഗുണം പുതുതായി ഉണ്ടാക്കുകയോ ഉള്ളതിനെ വെളിവാക്കുകയോ ചെയ്യുന്നതു തദ്ഗുണാധാനം.

വെളുക്ക, വെളുപ്പിക്ക, കറുക്ക, കറുപ്പിക്ക, ലഘ്വിപ്പിക്ക, ശുക്ലീകരിക്ക.

159. ത്രികാലങ്ങളേയും അപൂൎണ്ണക്രിയകളേയും കാണിപ്പാനുള്ള രൂപങ്ങൾ നശിച്ചുപോയ ധാതുക്കളെ ഊനക്രിയങ്ങൾ എന്നു പറയും.

അൽ, അരു, ഇൽ, ഇറു, ഉറു, ഉൾ, എൻ, തക, തറു, മേല, മിക, പക, വൽ, വഹി, വേൺ, പോൽ, ഇത്യാദി ഊനക്രിയകൾ ആകുന്നു.

160. •ആഖ്യാതത്തിന്റെ ധൎമ്മങ്ങളായ അന്വയത്തേയും വ്യതിരേകത്തേയും കാണിപ്പാൻ ഭാഷയിൽ ധാതുവിന്നു രൂപഭേദം ഉണ്ടു. ആഖ്യാഖ്യാതങ്ങളുടെ ഐക്യം കാണിക്കുന്ന ക്രിയ **അന്വയവാചിയും** ഭേദം കാണിക്കുന്നതു **വ്യതിരേകവാചിയും** ആകുന്നു.

അന്വയവാചി	പോകും	അറിഞ്ഞു	കളിക്കുന്നു.
വ്യതിരേകവാചി	പോകാ	അറിയാഞ്ഞു	കളിക്കായിന്നു.

സംസ്കൃതത്തിലും ഇംഗ്ലീഷിലും ഈ വിധം ക്രിയകൾ ഇല്ലാത്ത കാരണം ഈ ഭാഷകളുടെ ശക്തിയാൽ ഭാഷയിലെ വ്യതിരേകവാചിക്രിയകളുടെ പ്രയോഗം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. അന്വയവാചിക്രിയകളോടു് അൽ, ഇൽ, അരുതു, ഒല്ല മുതലായ ക്രിയകളെച്ചേൎത്തു വ്യതിരേകാൎത്ഥം കാണിക്കും. (നിഷേധക്രിയാപ്രകരണം നോക്കു.)

161. വാക്യത്തിലേ ക്രിയാപദം അന്യപദാപേക്ഷ കൂടാതെ വാക്യത്തെപ്പൂൎണ്ണമാക്കുന്നുവെങ്കിൽ അതു പൂൎണ്ണക്രിയയും പൂൎണ്ണമാക്കാത്ത പക്ഷം അതു് അപൂൎണ്ണക്രിയയും ആകും.

ഈശ്വരൻ ലോകങ്ങളെ രക്ഷിക്കുന്നു. ലോകങ്ങളെ സൃഷ്ടിച്ച ഈശ്വരൻ നമ്മേയും രക്ഷിക്കും.

162. പ്രകരണാൎത്ഥസംഗ്രഹം:— വ്യുൽപന്നങ്ങളും അവ്യുൽപന്നങ്ങളുമായ രണ്ടു വിധം ധാതുക്കളേയും രൂപപ്രകാരം ബലക്രിയകളായും അബലക്രിയകളായും വിഭാഗിക്കുന്നു. അൎത്ഥം പ്രമാണിച്ചു ക്രിയാപ്രകൃതികളെ സകൎമ്മകക്രിയ, അകൎമ്മകക്രിയ, കൎമ്മകൎത്തൃക്രിയ, നിഗീൎണ്ണകൎത്തൃകക്രിയ, കേവലപ്രകൃതി, പ്രയോജകപ്രകൃതി, സമഭിഹാരക്രിയ, നാമധാതു എന്നു് എട്ടു വിധമായി വിഭജിക്കും. ആഖ്യാതത്തിന്റെ പ്രാധാന്യം ആസ്പദമാക്കി അതിനെ പൂൎണ്ണക്രിയയായും അപൂൎണ്ണക്രിയയായും ഭാഗിക്കും. വസ്തുക്കളുടെ ഭേദാഭേദങ്ങളെ ആധാരമാക്കി ക്രിയകളെ അന്വയവാചിക്രിയകൾ, നിഷേധക്രിയകൾ,

എന്നു രണ്ടു വിധമായി വിഭാഗിക്കും. അംഗവൈകല്യവും ദാരിദ്ര്യവും പിടിപെട്ട ധാതുക്കളാകുന്നു ഊനക്രിയകൾ. ഈ വിഭാഗങ്ങളിൽ പലതും അന്യോന്യം ചേന്നിരിക്കയാൽ വിഭജനത്തിന്നു സാങ്കയ്യദോഷം ഇല്ലെന്നില്ല. ഓരോ വിഭാഗത്തിൻെറ സ്വരൂപം നിരൂപിക്കുമ്പോൾ വിഭാഗാന്തരങ്ങളെ ആവശ്യപ്പെടാത്തതു കൊണ്ടു സാങ്കയ്യം ബലവത്തായ ദോഷമല്ല.

ധാതുക്കളേയും ക്രിയകളേയും കുറിച്ചു പറഞ്ഞ വിഷയങ്ങളെ ഇപ്പോൾ ചുരുക്കിക്കാണിക്കാം.

ധാതു
- 1. അവ്യുൽപന്നം
  - 1. അബലക്രിയ
  - 2. ബലക്രിയ
- 2. വ്യുൽപന്നം
  - 1. പ്രയോജക പ്രകൃതി
  - 2. നാമധാതു
  - 3. സംസ്കൃതധാതു
  - 4. സമഭിഹാരക്രിയ

അത്ഥപ്രകാരം
- 1. അകമ്മകക്രിയ
- 2. സകമ്മകക്രിയ
- 3. പ്രാപ്യകമ്മകക്രിയ
- 4. കമ്മകത്തൃക്രിയ
- 5. നിഗീണ്ണകത്തൃകക്രിയ

രൂപപ്രകാരം
- 1. പൂണ്ണക്രിയ
- 2. അപൂണ്ണക്രിയ
- 3. അനുയവാചിക്രിയ
- 4. വ്യതിരേകവാചിക്രിയ
- 5. ഊനക്രിയ

പരീക്ഷ 142—162.

I. 1. ക്രിയയുടെ ലക്ഷണം പറഞ്ഞ് അതു നാമത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെടുന്നു എന്നു വിവരിക്കുക. 2. ധാതുവിൻെറ സ്വഭാവത്തേയും പ്രയോജനത്തേയും പൂണ്ണമായിപ്പറക. 3. വ്യുൽപന്നധാതു, പ്രകൃതി, പ്രകൃതി വിഭാഗങ്ങൾ എന്നിവയെ വിവരിച്ചുദാഹരിക്കുക. 4. ക്രിയകളെത്തരം തിരിക്കുക. 5. പ്രയോജകപ്രകൃതി ഉണ്ടാകുന്നതെങ്ങനെ? 6. നാമധാതുവിൻെറ സാമാന്യാത്ഥം വിവരിച്ചുദാഹരിക്കുക.

II. താഴെ എഴുതിയ പദ്യത്തിൻെറ അത്ഥം പറക. അതിലേ ക്രിയകളുടെ സ്വഭാവം പറക.

കണ്ണൻെറ വേണുതൻ നാദത്തെക്കേൾക്കയാൽ ¦ കണ്ണുങ്ങൾ തിണ്ണം പുലമ്പിച്ചപ്പോൾ ‖

കന്നുകളൊന്നും തന്നമ്മമാർചാരത്തു | ചെന്നു തുടങ്ങാതെ നിന്ന നേരം ||
അമ്മതാൻ ചെന്നുടൻ കണ്ണന്റെ ചാരത്തു | നന്മൊഴിയാണ്ടുടൻ ചൊന്നാള
പ്പോൾ:— ||
“കടന്നുകിടാങ്ങൾ കുടിപ്പതിന്നായിക്കൊ | ണ്ടൊന്നുമേ ചെല്ലുന്നില്ല കണ്ണാ. ||
ചെന്നവയൊന്നും കുടിക്കുന്നതുമില്ല | മന്ദമായ്നോക്കുന്നതിങ്ങു തന്നെ. ||
നിൻ കുഴൽ കേട്ടു തൻമക്കളെയൊന്നുമേ | നക്കുന്നതില്ല കാൺ ധേനുക്കളും. ||
രാവായിപ്പോയാലിക്കാലി കറപ്പതി | ന്നാവതല്ലെന്നതും തേറണം നീ.” ||
അമ്മതാനിങ്ങിനെ തൻമകൻതന്നോടു | നന്മൊഴി ചൊന്നതു കേട്ടു കേട്ടു ||
ചെന്നു തുടങ്ങിന യാദവൻതാനപ്പോൾ | നന്ദകുമാരകൻമാരെക്കണ്ടാൻ ||

2. ക്രിയാലക്ഷണം.

163. 1. കാലവ്യാപാരങ്ങളെക്കാണിച്ച് ആഖ്യാതമായ്വരുന്ന പദമാകുന്നു ക്രിയ. നാമവുമാഖ്യാതമാകുമെങ്കിലും അതു കാലവ്യാപാരങ്ങളെക്കാണാത്തതുകൊണ്ടു ക്രിയയല്ല. വാക്യത്തിൽ വിട്ട പദങ്ങളെ അധ്യാഹരിച്ചാൽ നാമാഖ്യാതം ആഖ്യാതപൂരണമായ്വരും.

ആഖ്യാതത്വം എന്നാൽ ആഖ്യാഖ്യാതങ്ങൾ തമ്മിലുള്ള സംബന്ധം. ഇതിനെ അഭിധേയത്വം Predication എന്നും പറയും. നാം ആഖ്യയെക്കുറിച്ച് എന്തു പറയുന്നുവോ ആയതിനെ അറിയിക്കുന്നതു് അഭിധേയത്വം. ആയതു വിശ്വാസ്യമോ, അവിശ്വാസ്യമോ, ആ വാക്യത്തെ പ്രമാണിച്ചു നമുക്കു പ്രവൃത്തിക്കാമോ പ്രവൃത്തിച്ചു കൂടയോ എന്നു കാണിക്കും.

2. ക്രിയയുടെ മുഖ്യമായ അൎത്ഥം വ്യാപാരമാകുന്നു. ആ വ്യാപാരം (പ്രയത്നം) ഇപ്പോൾ നടക്കുന്നതും കഴിഞ്ഞ കാലത്തു നടന്നതും ഇനി വരാനുള്ള കാലത്തു സംഭവിക്കുന്നതും എന്നു വ്യാപാരത്തിന്റെ തുടൎച്ച ആകുന്ന പൂൎവാപരീഭാവം കാണിക്കുന്ന രൂപം സാദ്ധ്യക്രിയയും വ്യാപാരം ഫലിച്ചതുകൊണ്ടു് അവസാനിച്ചു എന്നറിയിക്കുന്ന രൂപം സിദ്ധക്രിയയും ആകുന്നു.

i. രാമൻ പഠിക്കുന്നു; കൃഷ്ണൻ ജയിച്ചു; രാമൻ തോല്ക്കും; കുട്ടി വീണു
ii. രാമന്റെ പഠിപ്പു; കൃഷ്ണന്റെ ജയം; രാമന്റെ തോല്വി; കിട്ടയുടെ വീഴ്ച.

ഒന്നിൽ വാക്യങ്ങൾ ക്രിയയുടെ തുടൎച്ചയും കാലവും കാണിക്കുന്നു. രണ്ടിൽ വെറും വ്യാപാരം മാത്രം കാണിക്കുന്നു. i ലേ ക്രിയകൾ സാധ്യക്രിയകളും ii ലേവ സിദ്ധക്രിയകളും ആകുന്നു. സാധ്യക്രിയയുടെ കൎത്താവു പ്രഥമയിലും സിദ്ധക്രിയയുടെ കൎത്താവു ഷഷ്ഠിയിലും വരും. സാധ്യക്രിയ തിങ്പ്രത്യയങ്ങളാലും സിദ്ധക്രിയ കൃൽപ്രത്യയങ്ങളാലും ഉണ്ടാകും.

3. കാലം, ലിംഗം, വചനം, പുരുഷൻ മുതലായ അൎത്ഥവിശേഷങ്ങളെക്കാണിപ്പാനായി രൂപഭേദങ്ങൾ ഉള്ള പദം തന്നെ ക്രിയ.

ലിംഗവചനങ്ങൾ നിമിത്തം ഉണ്ടാകുന്ന രൂപഭേദങ്ങൾ നാമങ്ങൾക്കും ഉള്ളതു കൊണ്ടും പുരുഷപ്രത്യയങ്ങൾ ഇപ്പോൾ പ്രയോഗത്തിൽ നടപ്പില്ലാത്തതു കൊണ്ടും കാലവ്യാപാരങ്ങളെക്കാണിക്കുന്നതു ക്രിയയുടെ മുഖ്യ ലക്ഷണം.

164. ആഖ്യാതത്തിന്റെ അൎത്ഥം അന്യപദങ്ങളുടെ സഹായം കൂടാതെ തന്നെ വ്യക്തമാകുന്നുവെങ്കിൽ അതു **നിരപേക്ഷകവും** അൎത്ഥപൂൎത്തിക്കു പദാന്തരം ആവശ്യപ്പെടുന്നതു **സാപേക്ഷകവും** ആകും. സാപേക്ഷകമായ ആഖ്യാതത്തിന്റെ അൎത്ഥം പൂൎണ്ണമാക്കുന്ന പദമാകുന്നു **ആഖ്യാതപൂരണം.**

1. വ്യാസൻ ധൎമ്മസ്ഥാപകനാകുന്നു. 2. ശുകൻ ജ്ഞാനോപദേഷ്ടാവാകുന്നു. 3. രാമൻ വസിഷ്ഠരെ ഗുരുവാക്കി. 4. ദിലീപൻ സുദക്ഷിണയേയും രാജലക്ഷ്മിയേയും മാത്രം ഭാൎയ്യമാരായിക്കരുതി. 5. കത്തി മീൻ നാറുന്നു.

ഇംഗ്ലീഷുവ്യാകരണത്തിൽ ചില സകൎമ്മകാകൎമ്മകക്രിയകളെ സാപേക്ഷകക്രിയകളായി സ്വീകരിച്ച് അവയുടെ അൎത്ഥപൂൎത്തിക്ക് ആവശ്യമായ സൎവ്വവിധപദങ്ങളേയും ആഖ്യാതപൂരണങ്ങളായി ഗണിക്കും. ഭാഷാവ്യാകരണത്തിൽ ആകാംക്ഷാപൂരണത്തിനുള്ള പദങ്ങളെ കാരകാൎത്ഥത്തിൽ ചേൎക്കുന്നതു് കൊണ്ട് ആഖ്യാതപൂരണത്തിന്നു് ഇത്ര വ്യാപ്തി വേണ്ട. ആഖ്യയാകുന്ന പ്രഥമക്കു പുറമെ വാക്യത്തിൽ അൎത്ഥപൂൎത്തിക്കുതകുന്ന വേറൊരു പ്രഥമയും ഉണ്ടെങ്കിൽ അതിനെ മാത്രം ആഖ്യാതപൂരണമായി ഗണിക്കും. അൎത്ഥത്തിൽ ഇതു കൎത്താവോടോ കൎമ്മത്തോടോ അന്വയിക്കും.

3. കാലപ്രകരണം.

165. **വ്യാപാരത്തിന്റെ കാലം കാണിക്കുന്ന ക്രിയാരൂപമാകുന്നു കാലം.** കഴിഞ്ഞ വ്യാപാരത്തെക്കാണിക്കുന്നതു **ഭൂതവും** വരാനുള്ള കാലത്തിലേ വ്യാപാരത്തെക്കാണിക്കുന്നതു **ഭാവിയും** ഇപ്പോൾ നടക്കുന്നതിനെ അറിയിക്കുന്നതു **വൎത്തമാനവും** ആകുന്നു.

i. വൎത്തമാനം.	പഠിക്കുന്നു.	നടക്കുന്നു.	ഏല്ക്കുന്നു.	പിടിക്കുന്നു	ഓടുന്നു.
ii. ഭൂതം.	പഠിച്ചു.	നടന്നു.	ഏററു.	പിടിച്ചു.	ഓടി.
iii. ഭാവി.	പഠിക്കും.	നടക്കും.	ഏല്ക്കും.	പിടിക്കും.	ഓടും.

166. 1. പ്രകൃതിയോട് ഉന്നു ചേൎത്തു വൎത്തമാനകാലത്തേയും, ഉം ചേൎത്ത് ഒന്നാം ഭാവിയേയും, ഊ ചേൎത്തു രണ്ടാം ഭാവിയേയും ഉണ്ടാക്കും.

ധാതു:	പോ,	ആ,	പഠ്,	പാടു.
പ്രകൃതി:	പോക,	ആക,	പഠിക്ക,	പാടുക.
വൎത്തമാനം:	പോകുന്നു,	ആകുന്നു,	പഠിക്കുന്നു,	പാടുന്നു.
ഒന്നാം ഭാവി:	പോകും,	ആകും, ആം,	പഠിക്കും,	പാടും.
രണ്ടാം ഭാവി:	പോകൂ,	ആകൂ, ആവൂ,	പഠിക്കൂ,	പാടൂ.

2. ചില ധാതുക്കളോടു ഭാവിവൎത്തമാനപ്രത്യയങ്ങൾ ചേരും.

ധാതു:	ചെയ്യ്, ഓടു, വളർ, കരുതു, ഇളക, തളർ, ആടു, തീരു, ചേരു.
വൎത്തമാനം:	ചെയ്യുന്നു, ഓടുന്നു, വളരുന്നു, കരുതുന്നു, ഇളകുന്നു, തളരുന്നു, ആടുന്നു, തീരുന്നു, ചേരുന്നു.
ഭാവി:	ചെയ്യും, ഓടും, വളരും, കരുതും, ഇളകും, തളരും, ആടും, തീരും, ചേരും.

3. അബലക്രിയകളിലേ ദീൎഘധാതുക്കളോടും ഹ്രസ്വധാതുക്കളോടും ഭാവിവൎത്തമാനങ്ങളുടെ പ്രത്യയങ്ങളെച്ചേൎക്കും.

ദീൎഘധാതു — ചാടും, പാടും, ആടും, ചാടുന്നു, മാറുന്നു, ഈരുന്നു.

ഹ്രസ്വധാതു — വളരും, ഇളകും, തളരുന്നു, അകലുന്നു.

4. ബലക്രിയകളിൽ പ്രത്യയങ്ങൾ ബലപ്രകൃതിയോടു ചേരും. രണ്ടാം ഭാവിയിൽ ബലക്രിയകളിൽ ക്കുവിന്നു പകരം പ്പുവും വരും.

കൊടുക്കു, കൊടുപ്പു; ജയിക്കു, ജയിപ്പു; നടക്കു, നടപ്പു; ഇരിക്കു, ഇരിപ്പു.

5. അനുനാസികങ്ങളിൽ അവസാനിക്കുന്ന ധാതുക്കളിൽ പ്രത്യയത്തിന്നു മുമ്പു മകാരം ആഗമം വരും.

കാണ്മു, തിന്മു, ഉണ്മു, എണ്മു.

167. ധാതുവിനോട് ഇ, തു എന്ന രണ്ടു പ്രത്യയങ്ങളിൽ ഒന്നു ചേൎത്തു ഭൂതകാലം ഉണ്ടാകും.

ഇ. ആയി, പോയി, ഇളകി, ഉരസി, കലുങ്ങി, കലുക്കി, മങ്ങി, ചിന്തി.

തു. ചെയ്തു, എടുത്തു, നൊന്തു, വലിച്ചു, വലഞ്ഞു, വിററു, വിട്ടു, പുക്കു, ഉണ്ടു.

168. അബലക്രിയകളിലെല്ലാം ഭൂതത്തിൽ ധാതുവിനോട് ഇപ്രത്യയം ചേരും. ഈ അബലക്രിയകളിൽ ദീൎഘധാതുക്കളും ഹ്രസ്വധാതുക്കളും സംയോഗാന്തധാതുക്കളും അടങ്ങും. (146. 2.)

ദീൎഘധാതുക്കൾ. ആകി, ആടി, ഊരി, ഏകി, ഏശി, ഓടി, ഓരി, കാളി, കോരി, കൂറി, ചാടി, പാടി, നാറി, മാറി, വാരി, വൈകി.

ഹ്രസ്വധാതുക്കൾ. അമരി, അരുളി, ഇളകി, കരുതി, മരുവി, പരുതി, വിലസി.

സംയോഗാന്തധാതുക്കൾ. ആക്കി, ഇണങ്ങി, ഇണക്കി, കാച്ചി, കാട്ടി, കൂട്ടി, ചിന്തി, ചിക്കി, താഴ്ത്തി, തുടങ്ങി, നണ്ണി, പുതുങ്ങി, പുതുക്കി, മടങ്ങി, മടക്കി, മുങ്ങി, മുക്കി, മാന്തി, വാങ്ങി, വണങ്ങി (153. 1. i. ii).

169. സ്വരങ്ങളിലും ചില്ലുകളിലും അവസാനിക്കുന്ന ബലക്രിയകളിൽ ഭൂതത്തിൽ തുപ്രത്യയം വരും.

1. എയ്യാദികളിൽ മാത്രം തു വരും. മററു ധാതുക്കളിൽ അതു പലവിധത്തിലും മാറിപ്പോകും.

എയ്തു, അഴുതു, കൊയ്തു, ചെയ്തു, നെയ്തു, പിഴുതു, പെയ്തു, വീതു, പണിതു, തൊഴുതു, ഉഴുതു, പൊരുതു, പൊയ്തു, ഈ അബലക്രിയകൾ എയ്യാദികൾ ആകുന്നു.

2. ഓഷ്ഠ്യസ്വരങ്ങളിലും ആ, ഋ, ർ എന്നീ വൎണ്ണങ്ങളിലും അവസാനിക്കുന്ന ബലക്രിയകളിൽ തുപ്രത്യയം സവൎണ്ണാഗമത്താൽ ത്തു ആകും.

അ. മണത്തു, കനത്തു, ഉരത്തു. | ആ-കാത്തു.

ഉ. എടുത്തു, ഉടുത്തു, കൊടുത്തു, പകുത്തു, പഴുത്തു, മുഴുത്തു, തണുത്തു.

ഊ. പൂത്തു, മൂത്തു. | ഒ-ഒത്തു. | ഓ-കോത്തു, തോത്തു.

ഋ. മധൃത്തു, എതൃത്തു, കളൃത്തു.

ർ. പാൎത്തു, ചേൎത്തു, നേൎത്തു, ഓൎത്തു, ആൎത്തു, കയൎത്തു, വിയൎത്തു, വീൎത്തു.

3. താലവ്യസ്വരത്തിൽ അവസാനിക്കുന്ന ബലക്രിയകളിൽ ത്തു സവൎണ്ണാദേശത്താൽ ച്ചു ആകും. 'ക്ക' എന്നതിൽ അവസാനിക്കുന്ന വ്യുൽപന്നധാതുക്കളിലെല്ലാം ച്ചു വരുന്നതു കൊണ്ടു് ഈ പ്രത്യയത്തിന്നുള്ള പ്രയോഗം അത്യധികമാകുന്നു.

അയച്ചു, അടിച്ചു, ഇടിച്ചു, കളിച്ചു, പഠിച്ചു, വ്യസനിച്ചു, വളച്ചു, നാണിച്ചു, തേച്ചു, കൈച്ചു, അടിപ്പിച്ചു, കളിപ്പിച്ചു, പഠിപ്പിച്ചു.

അവതരിത്തു (?), അറിയിത്തു (5), കലൈത്തു (26), ചമൈത്തു (19), പിടിത്തു (13)* മുതലായി രാമചരിതത്തിലെ രൂപങ്ങൾ ത്തു മാറി ച്ചു ആയി എന്നു തെളിയിക്കുന്നു. എന്നാൽ രാമചരിതാദിപ്രാചീനകൃതികളിലും ആധുനികരൂപങ്ങളും പ്രയോഗിച്ചു കാണുന്നു. ഈ രണ്ടു വിധപ്രയോഗങ്ങളിൽ നിന്നു ഭാഷ പൂൎവസ്ഥിതി വിട്ടു നവീനസ്ഥിതിയിൽ പ്രവേശിച്ചു തുടങ്ങി എന്നും അല്ലെങ്കിൽ ലീലാതിലകം പറയും പോലെ ഇവ പാണ്ഡിഭാഷാനുകരണങ്ങളാകുന്നു എന്നും ഊഹിക്കാം. വിശേഷിച്ചു രാമചരിതം പാട്ടാകയാൽ അതിൽ പാണ്ഡിഭാഷാരൂപങ്ങൾ ലക്ഷണസമന്വയത്തിന്നു് അവശ്യം വേണം.

170. 1. സ്വരങ്ങളിലും ചില്ലുകളിലും അവസാനിക്കുന്ന അബലക്രിയകളിൽ ഭൂതപ്രത്യയം ന്തു ആകും.

അടന്തു* (342), അടിന്തു (268), അണന്തു (290). അണിന്തു (548), അണൈന്തു (253), അരിന്തു, അറിന്തു ഇത്യാദിരൂപങ്ങൾ രാമചരിതത്തിലുണ്ടു. വേ + ന്തു — വെന്തു, നോ + ന്തു — നൊന്തു എന്ന രണ്ടു രൂപങ്ങളിൽ മാത്രം ന്തുപ്രത്യയ ഇപ്പോൾ ഭാഷയിൽ ശേഷിച്ചിട്ടുണ്ടു.

---

*അക്കങ്ങൾ രാമചരിതത്തിലെ പാട്ടിന്റെ എണ്ണമാകുന്നു.

2. പൂൎവ്വസവൎണ്ണാദേശത്താൽ ന്തു എന്നതു ന്നു ആയി ബലാബലക്രിയകളിൽ വരും.

i. കടന്തു — കടന്നു; നടന്തു — നടന്നു, അളന്തു — അളന്നു.

ഇരന്നു, ഇരുന്നു, ഉറന്നു, ഉഴന്നു, എഴുന്നു, കരന്നു, പറന്നു.

ii. രേഫാന്തം— അടൎന്നു, അമൎന്നു, അലൎന്നു, ആൎന്നു, ഈൎന്നു, ഉതിൎന്നു, ഉയൎന്നു, കവൎന്നു, തുടൎന്നു, തളൎന്നു, പിളൎന്നു, വളൎന്നു. (150. 2.)

3. താലവ്യസ്വരാന്തങ്ങളായ അബലക്രിയകളിൽ ന്തുപ്രത്യയം ഉഭയാദേശത്താൽ ഞ്ഞു ആകും. (150. 2.)

വലഞ്ഞു, മാഞ്ഞു, പാഞ്ഞു, നനഞ്ഞു, വളഞ്ഞു, കരിഞ്ഞു, പൊളിഞ്ഞു, അഴിഞ്ഞു, ഒഴിഞ്ഞു, മേഞ്ഞു, കുറഞ്ഞു, കവിഞ്ഞു, കഴിഞ്ഞു, പിരിഞ്ഞു, അലഞ്ഞു.

4. ഉകവികരണത്തിൽ അവസാനിക്കുന്ന കൎമ്മകൎത്തൃക്രിയകളുടെ ഭൂതത്തിൽ ഞ്ഞും അവയുടെ ഹേതുക്രിയകളിൽ ച്ചും വരും (150. 2-3).

അണയ്ന്തു, ആയ്ന്തു, പായ്ന്തു, ഇടയ്ന്തു, അഴയ, അടിന്തു, ഇടന്തു, ഉടന്തു, ഒളിന്തു, കളന്തു, കമിഴ്ന്തു മുതലായവയുടെ ആധുനികരൂപങ്ങളെപ്പററുക. ഞ്ഞ എന്നതു് ഉഭയാദേശത്താൽ ഞ്ഞു ആയി എന്നു വിശ്വസിപ്പാൻ യുക്തിയുണ്ടു (147. 2).

171. 1. ണാന്തധാതുക്കളിൽ തു മൂൎദ്ധന്യാദേശത്താൽ ടു ആകും.

ഉൺ + തു = ഉൺ + ടു = ഉണ്ടു, കൺ + തു = കണ്ടു, പൂൺ + തു = പൂണ്ടു.

2. ധാത്വന്തത്തിലേ ലകാരത്തിന്നു തുപ്രത്യയം പരമായാൽ രണ്ടിന്നും കൂടി ൻറു ആദേശം വരും. അതു ബലക്രിയകളിൽ ററു ആയും അബലക്രിയകളിൽ ന്നു ആയും മാറും.

ബലക്രിയകൾ. ഏല്ക്കു — ഏററു, നൂല്ക്കു — നൂററു, നോല്ക്കു — നോററു, തോല്ക്കു — തോററു, വില്ക്കു — വിററു.

അബലക്രിയകൾ. അകല് — അകന്നു, കൊല് — കൊന്നു, ചെല് — ചെന്നു, ഞാല് — ഞാന്നു, ചൊൽ — ചൊന്നു, വെല് — വെന്നു.

3. ധാത്വന്ത്യമായ ളകാരത്തിന്നു ന്തുപ്രത്യയം പരമായാൽ രണ്ടും കൂടി അബലക്രിയകളിൽ ണ്ടു എന്നും ബലക്രിയകളിൽ ട്ടു എന്നും ആയി മാറും.

അബലക്രിയകൾ. അരൾ + ന്തു = അരണ്ടു. മുരൾ + ന്തു = മുരണ്ടു, പിരണ്ടു, പുരണ്ടു, ചുരണ്ടു.

ബലക്രിയകൾ. കേൾ + തു = കേട്ടു; കൾ — കട്ടു, വേൾ — വെട്ടു.

4. ഴകാരാന്തധാതുക്കൾക്കു ന്തു പരമാകുമ്പോൾ ഴ്ന്തു എന്നതു ണ്ണ മാകും.

വാഴ് + ന്തു = വാണു; വീഴ്ന്തു = വീണു; കേഴ്ന്തു = കേണു. താണു.
എന്നാൽ ആഴ് + ന്തു = ആണ്ടു.

കമിഴ്ന്തു, കവിഴ്ന്തു, അമിഴ്ന്തു, പുകഴ്ന്തു എന്നീ പ്രാചീനരൂപങ്ങൾ ഇപ്പോൾ ണ്ണുവിൽ അവസാനിക്കും.

5. ഏകാക്ഷരഹ്രസ്വധാതുകളുടെ അന്തത്തിലേ ക്, ട്, റ് എന്നിവ തുപ്രത്യയത്തോടു ചേൎന്നു മുറക്കു ക്കു, ട്ടു, റ്റു എന്നു മാറും.

പുക് + തു = പുക് + കു = പുക്കു. മിക് + തു = മിക്കു. തക് + തു = തക്കു.
ഇട് + തു = ഇട് + ടു = ഇട്ടു. പെട് + തു = പെട് + ടു = പെട്ടു.
പെറ് + തു = പെറ് + റു. പെററു. അറു + തു = അററു.
ധാത്വന്തത്തിലേ സംവൃതം പ്രക്രിയയിൽ ലോപിക്കും.

6. മേൽസൂത്രങ്ങൾക്കെല്ലാം പല അപവാദങ്ങൾ ഉണ്ടു. ചില ധാതുക്കൾക്കു വികല്പമായി രണ്ടുരൂപങ്ങളും ഉണ്ടു.

ചൊല്ലി ചൊന്നു, ഈരി ഈൎന്നു.

7. ഭൂതത്തിൽ അൎത്ഥഭേദം പ്രമാണിച്ചു പ്രത്യയം മാറും.

പണിതു; പണിഞ്ഞു; ഈരി, ഈൎന്നു.

പരീക്ഷ 163—171.

1. താഴേ വരുന്ന പദ്യങ്ങളിലേ ക്രിയകളെക്കാണിക്കുക. അവയുടെ അൎത്ഥം എഴുതുക. പദ്യത്തിൽ കാലപ്രത്യയാന്തത്തിനു ദീൎഘം വരും.

ക. സൂൎയ്യവംശേ പിറന്ന ഭൂപാലനാം കോസലവിഷയങ്ങളിലുണ്ടായി |
നാമധേയമയോദ്ധ്യയെന്നിങ്ങിനെ രാജധാനി പുരാ ഹരി ഗോവിന്ദാ. ||
നാലു പാടും വളഞ്ഞൊഴുകീടുന്ന നീലതോയ സരയൂ നദി കൊണ്ടു |
സാരമായ കിടങ്ങുണ്ടു തീൎത്തിട്ടു ചാരത്താമാറു മേളത്തിൽ ഗോവിന്ദാ. ||
ഇന്ദ്രസംപത്തിനെക്കൂടെ താഴ്ത്തീടും ഭദ്രസമ്പത്തങ്ങുണ്ടതിലെത്രയും |
ചന്ദ്രമണ്ഡലത്തോടൊരുമ്മീടുന്ന രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദാ. ||

ഖ. പടമല്ലനൊരുത്തനടുത്തു; പടവില്ലു കരത്തിലെടുത്തു; |
പടുകോപമവന്നു കടുത്തു; പരിചോടടനമ്പു തൊടുത്തു; ||

അഥ പത്തു ബാണമൊത്തു വിട്ടു; മറുതല ചത്തു വീണു |
യുദ്ധഭൂമിനടുവിലുടൻ.

ന. ഇത്തരം മൊഴി പറഞ്ഞു സമർത്ഥൻ ചിത്രസേനനതിവേഗമടുത്തു,
തോററു ളൂരമഥ ധാവതി ചെയ്യും നൂററുപേരെയുമടുത്തു തടുത്തു,
വാറു കൊണ്ടുടനടിച്ചു പിടിച്ചക്കേറുകൊണ്ടുടൻ വരിഞ്ഞഥ കെട്ടി,
തേരിലേക്കൊടിമരത്തോടു കൂട്ടിച്ചേരുമാറു പല കെട്ടു മുറുക്കി,
ക്ഷിപ്രമംബരതലത്തിലുയന്നാൻ അപ്രമേയബലനാകിന ദിവ്യൻ. |

2. ഒരു ക്രിക്കെററ് കളി വണ്ണിച്ചു മൂന്നു മഹാവാക്യങ്ങൾ എഴുതുക.

3. നിങ്ങൾ കണ്ട ഒരു നാടകാഭിനയത്തെച്ചുരുക്കിയെഴുതുക.

4. തുപ്രത്യയം ചേരുന്ന ചില ധാതുക്കളെപ്പറക. തുകാരത്തിൻെറ മാററങ്ങളെ വിവരിച്ചുദാഹരിക്കുക. ഹേതുക്രിയകളിലേ തുപ്രത്യയത്തിന്നും ഭൂതപ്രത്യയമായ തുവിന്നും വരുന്ന വികാരങ്ങളെപ്പരിശോധിക്ക.

4. പുരുഷപ്രകരണം.

172. 1. ഞാൻ ഉത്തമപുരുഷനും നീ മദ്ധ്യമപുരുഷനും അവൻ പ്രഥമപുരുഷനും ആകുന്നു. ഈ സവ്വനാമങ്ങളുടെ ബഹുവചനങ്ങളും അതാതു പുരുഷനായിരിക്കും. ഈ ത്രിപുരുഷന്മാരോട് അന്വയിക്കുന്ന പൂണ്ണക്രിയാരൂപങ്ങളേയും ഉത്തമാദിപുരുഷരൂപങ്ങൾ എന്നു പറയും.

2. ഉത്തമപുരുഷന്നു ഭൂതവത്തമാനങ്ങളിൽ ഏൻപ്രത്യയവും ഭാവിയിൽ എൻപ്രത്യയവും ഉപയോഗിക്കും. എൻ മാറി അൻ ആകും. ബഹുവചനത്തിൽ മൂന്നു കാലങ്ങളിലും പ്രത്യയം ഓം ആകുന്നു.

ഏക: കൊടുക്കുന്നേൻ, കൊടുത്തേൻ, കൊടുക്കുവെൻ, കൊടുപ്പെൻ.

ബഹു: കൊടുക്കുന്നോം, കൊടുത്തോം, കൊടുക്കോം, കൊടുപ്പോം.

ഈ പ്രത്യയങ്ങൾ ചേരുമ്പോൾ ക്രിയകളുടെ അന്ത്യമായ ഉകാരം ലോപിക്കും. കൊടുക്കുന്നു + ഏൻ = കൊടുക്കുന്നേൻ. എന്നാൽ കൊടുക്കുവെൻ എന്നതിൽ ലോപം ഇല്ല.

ഞാൻ എന്നതിൻെറ ആദേശരൂപമായ എൻ എന്നതും കൃഷ്ണപാട്ടിൽ പ്രയോഗിച്ച ബഹുവചനമായ എങ്ങൾ എന്നതും ഉത്തമപുരുഷൻെറ പൂവ്

രൂപം എൻ (ഏൻ) ആയിരുന്നു എന്നു കാണിക്കും. നാം = നോം എന്നതിൽ നിന്നു് ഓം എന്ന ബഹുവചനപ്രത്യയം ഉണ്ടായി എന്നു് തെളിയുന്നു (112. 3).

3. പദ്യത്തിൽ ഭാവിയിൽ അൻപ്രത്യയവും വരും.

നല്ലവൻ, കൊടുക്കുവൻ. ഭാവിയിൽ പുരുഷപ്രത്യയങ്ങൾ എല്ലാം രണ്ടാം ഭാവിയോടു മാത്രം ചേരും.

173. മദ്ധ്യമപുരുഷന്നു് ഏകവചനത്തിൽ ആയ് എന്നും ബഹുവചനത്തിൽ ഈർ എന്നും പ്രത്യയങ്ങൾ ആകുന്നു. ഇവകൾ പ്രയോഗം വളരെ കുറയും.

കൊടുക്കുന്നായ്, കൊടുക്കുന്നീർ, കൊടുത്തായ്, കൊടുത്തീർ, കൊടുക്കുവായ്, കൊടുക്കുവീർ, കൊടുപ്പീർ.

മദ്ധ്യമപുരുഷബഹുവചനപ്രത്യയമായ ഈർ എന്നതു തുളുവിൽ നിങ്ങൾ എന്ന അർത്ഥത്തിൽ സ്വതന്ത്രമായി പ്രയോഗിച്ചു വരുന്നു. തമിഴിൽ നീർ എന്നും തെലുങ്കിൽ മീരു എന്നും മാറിക്കാണുന്നു. ആദ്യമലയാളത്തിൽ നീ എന്നതിന്റെ ബഹുവചനം നീർ ആയിരുന്നു എന്നു് ഊഹിക്കാം.

174. 1. പ്രഥമപുരുഷനിൽ മാത്രമേ ക്രിയകൾ ലിംഗ ഭേദമുള്ളൂ.

സർവ്വനാമങ്ങളിൽ പ്രഥമപുരുഷന്മാത്രം സലിംഗമാകുന്നു. പ്രഥമപുരുഷനായ ആഖ്യക്കും ക്രിയക്കും പൊരുത്തം വരുമ്പോൾ ആഖ്യയുടെ ധർമ്മമായ ലിംഗം ആഖ്യാതത്തിൽ ആരോപിക്കുന്നു. സർവ്വനാമങ്ങൾ ശബ്ദന്യൂനങ്ങളോടു ചേർന്നു പൂർണ്ണക്രിയാരൂപങ്ങൾ ഉണ്ടായി. ഈ സർവ്വനാമങ്ങൾ തേഞ്ഞു മാഞ്ഞു പ്രത്യയങ്ങളായിത്തീർന്നപ്പോൾ (119. 3.) അവയുടെ നാമത്വത്തിന്നു വിസ്മൃതി വന്നിട്ടു് അവ ചേർന്ന രൂപങ്ങൾ പൂർണ്ണക്രിയകളായി. സൂക്ഷ്മത്തിൽ അവ ഇപ്പോൾ പ്രയോഗിച്ചു വരുന്ന ക്രിയാപുരുഷനാമങ്ങൾ തന്നെ. ആഖ്യാതങ്ങളായി പ്രയോഗിക്കുന്ന രൂപങ്ങളോടു വിഭക്തിപ്രത്യയങ്ങൾ ക്രിയാപുരുഷനാമങ്ങളിൽ എന്ന പോലെ ചേരുകയില്ല എന്ന ഭേദം മാത്രമേയുള്ളൂ.

പുല്ലിംഗം: ആൻ. നടക്കുന്നാൻ, പോകുന്നാൻ, നടന്നാൻ, പോയാൻ, നടക്കുവോൻ, നടക്കുവൻ.

സ്ത്രീലിംഗം:-- ആൾ. നടക്കുന്നാൾ, പോകുന്നാൾ, നടന്നാൾ, പോനാൾ, നടക്കുവോൾ, ഏകവൾ, കൊടുപ്പാൾ.

2. ഭാവിയിൽ ഏകവചനത്തിൽ പുല്ലിംഗത്തിന്നു് അൻ,

ഓൻ എന്നും സ്ത്രീലിംഗത്തിന്ന് അൾ, ആൾ എന്നും പ്രത്യയങ്ങളായ്‌വരും.

പുല്ലിംഗം:— കൊട്ടുക്കുവൻ, കൊട്ടുക്കോൻ, കൊട്ടുപ്പോൻ, നല്ലവൻ, നല്ലോൻ.

സ്ത്രീലിംഗം:— കൊട്ടുപ്പാൾ, കൊട്ടുപ്പവൾ, നല്ലവൾ, നല്ലവാൾ.

3. ഭാവിബഹുവചനത്തിന്ന് അർ, ആർ, ഓർ എന്നിവ പ്രത്യയങ്ങൾ ആകുന്നു.

നല്ലവർ, നല്ലവോർ, കൊട്ടുപ്പോർ, കൊട്ടുപ്പാർ, ചൊല്ലുവോർ.

പ്രഥമപുരുഷപ്രത്യയങ്ങളെല്ലാം അവൻ, അവൾ, അവർ എന്നിവയിൽ നിന്നുണ്ടായവയാണെന്നു സ്പഷ്ടം തന്നെ (112. 3).

നടക്കുന്നതു, നടന്നിതു, നടന്നവ മുതലായ നപുംസകരൂപങ്ങളിൽ നിന്നു സർവ്വനാമങ്ങൾ ലോപിച്ചതോടു കൂടി ഉണ്ടായ രൂപങ്ങൾ പൂർണ്ണക്രിയകളായി പണ്ടു പണ്ടേ ഉപയോഗിച്ചു പോന്നിരുന്നു. ഈ പ്രയോഗത്തെ അനുകരിച്ചു പുരുഷപ്രത്യയങ്ങൾ ഇല്ലാത്ത രൂപങ്ങൾ ഭാഷയിൽ നടപ്പായ്‌വന്നു.

. 4. ഭൂതകാലത്തിൽ ഇപ്രത്യയത്തിന്റെ പിന്നിൽ യകാരവും നകാരവും വികല്പമായ്‌വരും.

ചൊല്ലി + ആൻ = ചൊല്ലി + ന് + ആൻ = ചൊല്ലിനാൻ; പോയി + ആർ = പോയാർ, പോനാർ. പോയി + ഏൻ = പോയേൻ, പോനേൻ.

ജ്ഞാപകം. പൂർണ്ണക്രിയകളെ പുരുഷപ്രത്യയങ്ങളോടു കൂടിയും കൂടാതെയും രാമചരിതം മുതൽക്കുള്ള പദ്യകൃതികളിൽ പ്രയോഗിച്ചു കാണുന്നു. പ്രാചീനഗദ്യത്തിൽ പുരുഷപ്രത്യയാന്തരൂപങ്ങൾ കേവലം ഇല്ല. അതു കൊണ്ടു ഭാഷയിലെ പുരുഷരൂപങ്ങൾ പദ്യത്തിലെ പാദപൂരണത്തിന്നായി ഭാഷാകവികൾ തമിഴിനെ അനുകരിച്ചു നിർമ്മിച്ചുവൊ എന്ന സംശയത്തിന്ന് ഇടയുണ്ടു. മറെറല്ലാ ദ്രാവിഡഭാഷകളിലും പ്രയോഗിച്ചു കാണുന്ന ത്രിപുരുഷരൂപങ്ങൾ മലയാളത്തിൽ മാത്രം ആദ്യം മുതല്ക്കേ ഉണ്ടായിരുന്നില്ല എന്ന ഊഹത്തിന്നു ബലവുമില്ല. നമ്പൂരിമാരുടെ ആഗമനത്തോടു പുരുഷപ്രത്യയങ്ങൾ ലോപിച്ചു തുടങ്ങി എന്ന ഊഹവും യുക്തിവിരോധം തന്നെ. ദ്രാവിഡഭാഷകളെ സ്വഭാഷകളായി അംഗീകരിച്ച ബ്രാഹ്മണർ ഇതരദേശങ്ങളിൽ തദ്ദേശീയഭാഷകളെ യഥാസ്ഥിതി പ്രയോഗിച്ചുതുടങ്ങി. കേരളീയരെക്കാൾ സംഖ്യയിൽ കുറഞ്ഞും അവിടവിടെ ചിതറിക്കിടന്നും കേരളീയരെ അനുകരിച്ചും ഇരുന്ന നമ്പൂതിരിമാർ ക്രിയാപദങ്ങൾക്കു സാരൂപ്യം വരുത്തി എന്നതിന്നു മതിയായ

തെളിവില്ല. ഈ വിഷയം അതിഗഹനവും അതിദുരൂഹവും ആകയാൽ വിദ്വാന്മാർ പരിശോധിച്ചു വ്യവസ്ഥ ചെയ്യേണ്ടതാകുന്നു.

പരീക്ഷ 172—174.

1. പുരുഷനെ നിൎവചിച്ചു പുരുഷപ്രത്യയങ്ങളെപ്പറഞ്ഞു് അവയുടെ ഉൽപത്തിയെപ്പറക. 2. ക്രിയാലിംഗം നിൎവചിച്ചു നാമലിംഗത്തിൽ നിന്നുള്ള ഭേദത്തെക്കാണിക്കുക. 3. പുരുഷപ്രത്യയങ്ങളും ലിംഗപ്രത്യയങ്ങളും നഷ്ടമായിപ്പോയതു കൊണ്ടു ഭാഷക്കു സംഭവിച്ച ഗുണദോഷങ്ങളെ വിവരിക്കുക. 4. പാഠപുസ്തകത്തിലേ പദ്യങ്ങളിൽ നിന്നു പുരുഷപ്രത്യയങ്ങൾ ഉള്ളവയും ഇല്ലാത്തവയും ആയ ക്രിയകളെക്കാണിക്ക.

5. അപൂൎണ്ണക്രിയാപ്രകരണം.

175. 1. പൂൎണ്ണക്രിയയും അപൂൎണ്ണക്രിയയും വാക്യത്തിൽ ആഖ്യാതമാമാറാം എങ്കിലും അൎത്ഥം പൂൎണ്ണമാവാൻ പൂൎണ്ണക്രിയ മറെറാരു പദം ആവശ്യപ്പെടുന്നില്ല; അപൂൎണ്ണക്രിയകൾ മററു പദങ്ങൾ കൂടാതെ അൎത്ഥം പൂൎണ്ണമാകയുമില്ല.

2. ക്രിയാവ്യാപാരത്തിന്റെ കാലം, ആഖ്യയെ കാണിക്കുന്ന പുരുഷൻ, ലിംഗം, വചനം എന്നിവ പൂൎണ്ണക്രിയകളുടെ ലക്ഷണങ്ങൾ ആകുന്നു.

പുരുഷപ്രത്യയങ്ങൾ ലോപിച്ചതോടു കൂടി ലിംഗവചനപ്രത്യയങ്ങളും നഷ്ടമായി. ഇപ്പോൾ പൂൎണ്ണക്രിയ വ്യാപാരത്തെയും കാലത്തെയും മാത്രം കാണിക്കുന്നു. (163. 3.) എന്നാൽ അതിന്നു പൂൎണ്ണാഖ്യാതമായി പ്രയോഗിപ്പാൻ ശക്തിയുള്ളതു കൊണ്ടു് അപൂൎണ്ണക്രിയയിൽ നിന്നു വ്യത്യാസപ്പെടുന്നു.

ശബ്ദന്യൂനം, ക്രിയാന്യൂനം, ക്രിയാപുരുഷനാമം എന്നിവക്കു ത്രികാലങ്ങളെ കാണിക്കുന്ന രൂപങ്ങൾ ഉണ്ടു. സംഭാവനയും അനുവാദകവും മുഖ്യമായി ഭാവികാലത്തെക്കുറിക്കും. ക്രിയാനാമവും ഭാവരൂപവും നാമങ്ങളുടേയും ക്രിയകളുടേയും ലക്ഷണങ്ങളിൽ ചിലവയോടു കൂടി രണ്ടിന്റേയും അതൃത്തിയിൽ കിടക്കുന്നതു കൊണ്ടു കാലാൎത്ഥം കാണിപ്പാനുള്ള ശക്തി ക്ഷയിച്ചിരിക്കുന്നു.

ഇംഗ്ലീഷിനെ അനുകരിച്ചു സംഭാവനാൎത്ഥം ത്രികാലങ്ങളിലും കാണിപ്പാൻ ഇപ്പോൾ രൂപങ്ങൾ പ്രയോഗിക്കാറുണ്ടു.

(a) ശബ്ദന്യൂനം.

176. 1. നാമത്താൽ അൎത്ഥം പൂൎണ്ണമാകുന്ന അപൂൎണ്ണ ക്രിയകൾ ശബ്ദന്യൂനമെന്നു പേർ. ത്രികാലരൂപങ്ങളോടു് അപ്രത്യയം ചേൎത്തു ശബ്ദന്യൂനം ഉണ്ടാക്കും. ഭാവിയിൽ അതു സാധാരണമായി ലോപിക്കും.

അപ്രത്യയം ചേക്കുമ്പോൾ ക്രിയകളുടെ അന്ത്യമായ ഉകാരം ലോപിക്കും. പോകുന്നു + അ = പോകുന്ന; നടന്നു + അ = നടന്ന; കൊടുത്തു + അ = കൊടുത്ത.

2. ഇകാരാന്തഭൂതത്തിൽ യകാരവും പദ്യത്തിൽ ചിലപ്പോൾ നകാരവും ആഗമം വരും. (174. 4.)

പാടി + അ = പാടിയ, പാടിന. മങ്ങി + അ = മങ്ങിയ, മങ്ങിന.

3. ആയി, പോയി എന്നിവയുടെ ഇകാരം ലോപിക്കും. ആയി + അ = ആയ; പോയി + അ = പോയ.

4. "കുട്ടി കളിക്കുന്നവൻ (= കളിക്കുന്നാൻ). കുട്ടിയുടെ പന്തു കിണററിൽ വീണു" എന്ന വാക്യങ്ങളെ ഒരു വാക്യമാക്കിയാൽ 'കളിക്കുന്ന കുട്ടിയുടെ പന്തു കിണററിൽ വീണു' എന്നാകും. ഇതിൽ കളിക്കുന്ന എന്നതിലേ 'അ' എന്നതു അവൻ എന്ന സൎവ്വനാമത്തിൻെറ ശകലം ആകുന്നു എന്നു തെളിയും.

5. ചെറുതു, പെരുതു, വല്യതു മുതലായ രൂപങ്ങളിലേ ഉതു എന്നതു് ഒരു പ്രാചീനസൎവ്വനാമം ആകുന്നു. അതു ധാതുക്കളോടു ചേൎന്നിരിക്കുന്നു. ചെറിയ, പെരിയ, വലിയ, പഴയ, ഉടയ നെടിയ മുതലായ വിശേഷണങ്ങളും ധാതുക്കളിൽ നിന്നുണ്ടായി എന്നും അയ, ഇയ പ്രത്യയങ്ങളെന്നും ഊഹിക്കാം.

(b) ക്രിയാപുരുഷനാമം.

177. 1. ശബ്ദന്യൂനങ്ങളോടു നിൎദ്ദേശകസൎവ്വനാമങ്ങളെ ചേൎത്തു ക്രിയാപുരുഷനാമങ്ങൾ ഉണ്ടാക്കും.

വൎത്തമാനക്രിയാപുരുഷനാമം — ചെയ്യുന്നവൻ, ഓടുന്നവൻ, വായിക്കുന്നവൻ.

ഭൂതക്രിയാപുരുഷനാമം — ചെയ്തവൻ, ഓടിയവൻ, വായിച്ചവൻ.

ഭാവിക്രിയാപുരുഷനാമം — ചെയ്യുമവൻ, ഓടുവവൻ, വായിക്കുമവൻ.

2. ക്രിയാപുരുഷനാമത്തിന്നു നാമക്രിയകളുടെ ലക്ഷണ

ങ്ങൾ ഉള്ളതു കൊണ്ടു് അതു് ആഖ്യ, ആഖ്യാതപൂരണം, കൎമ്മം എന്നിവയുടെ സ്ഥാനത്തു വരും. സകൎമ്മകക്രിയാപുരുഷനാമത്തിന്നു കൎമ്മം ഉണ്ടാകും. അതു പൂൎണ്ണാഖ്യാതവും ആയ്വരുന്നതു കൊണ്ടു് അപൂൎണ്ണക്രിയയിൽ നിന്നു വ്യത്യസ്തമാകുന്നു.

'എന്നെ അടിച്ചവൻ കൃഷ്ണൻ ആകുന്നു.' 'അടിച്ചവൻ' 'ആകുന്നു' എന്ന ക്രിയയുടെ ആഖ്യയായ നാമവും 'എന്നെ' എന്ന കൎമ്മത്തോടു് അന്വയിക്കുന്ന ക്രിയയും ആകുന്നു. വന്നിതു കലികാലം. കൈതവമല്ല പറയുന്നതേതുമേ.

3. അതു എന്നതിൽ അവസാനിക്കുന്ന ക്രിയാപുരുഷനാമം ലിംഗവചനഭേദം കൂടാതെ എല്ലാ പുരുഷരിലും പൂൎണ്ണക്രിയയായ്വരും. ചിലപ്പോൾ അതു കേവലം വ്യാപാരത്തെയോ സ്ഥിതിയെയോ കുറിക്കും. അതു കൎത്താവും കരണവും ആയിരിക്കും.

ആരാണു് വന്നതു? വന്നതു രാമന്നായർ.

(c) ക്രിയാന്യൂനം.

178. 1. വേറേ ക്രിയയാൽ അൎത്ഥം പൂൎണ്ണമായ്വരുന്ന അപൂൎണ്ണക്രിയയെ ക്രിയാന്യൂനം എന്നു പറയും. ഭൂതവൎത്തമാനക്രിയാന്യൂനങ്ങൾക്കു പ്രത്യയങ്ങളില്ല. അവയുടെ അന്ത്യമായ ഉകാരം സംവൃതമാകും.

2. ഇകാരത്തിൽ അവസാനിക്കുന്ന ഭൂതക്രിയാന്യൂനത്തിന്റെ പിന്നിൽ വരുന്ന ഖരം ഇരട്ടിക്കും. (82. 3.)

ചാടിക്കളിച്ചു, പൊട്ടിച്ചിരിച്ചു, പാടിത്തുടങ്ങി, ഓടിപ്പോയി, വാഴ്ത്തിപ്പറഞ്ഞു.

3. ആയി, പോയി എന്ന ഭൂതക്രിയാന്യൂനങ്ങളുടെ അന്ത്യമായ ഇകാരം ലോപിക്കും.

ആയ്പോയി, ആയ്ത്തീരുന്നു, പോയ്പോയി, പോയ്ക്കളഞ്ഞു.

179. 1. രണ്ടാം ഭാവിയോടു് ആൻപ്രത്യയം ചേൎത്തു ഭാവിക്രിയാന്യൂനം ഉണ്ടാക്കും. ഭാവിപ്രത്യയം വികല്പമായി ലോപിക്കും.

ഇതിന്റെ അൎത്ഥം ആലോചിച്ചാൽ ഇതു് ഒരു പഴയ ചതുൎത്ഥിയെന്നു

തോന്നും. നകാരാന്തനാമങ്ങളുടെ ചതുൎത്ഥി ഇങ്ങിനെ അനുകരിച്ചുണ്ടായി എന്നും ഊഹിക്കാം. ആൻ എന്ന പ്രത്യയത്തിന്നു മുമ്പുള്ളതു ക്രിയാനാമം ആകും.

(a) പോക + ആൻ = പോകുവാൻ; ചെയ്യു + ആൻ = ചെയ്യുവാൻ; തുടങ്ങു + ആൻ = തുടങ്ങുവാൻ.

(b) പോക + ആൻ = പോകാൻ, പോവാൻ, തുടങ്ങു + ആൻ = തുടങ്ങാൻ; വരാൻ, എടുക്കാൻ, പറയാൻ, പറവാൻ, അറിയുവാൻ, അറിയാൻ, അറിവാൻ. ഇവിടെ ഉപ്രത്യയം വികല്പേന ലോപിച്ചിരിക്കുന്നു.

2. ബലക്രിയകളിൽ 'ക്ക'വിന്നു പകരം 'പ്പ' വും വരും.

ഇരിപ്പാൻ, കിടപ്പാൻ, ശ്രമിപ്പാൻ, ശ്രമിക്കാൻ, ജയിപ്പാൻ, നടപ്പാൻ, നടക്കാൻ, കളിക്കാൻ.

3. അനുനാസികാന്തധാതുക്കളിൽ ആൻപ്രത്യയത്തിന്നു മുമ്പിൽ മകാരം ആഗമം വരും.

തിന്മാൻ, ഉണ്മാൻ, കാണ്മാൻ. സവൎണ്ണാദേശത്താൽ തിന്നാൻ, ഉമ്മാൻ, എന്ന രൂപങ്ങളും ഉണ്ടാകും. മകാരാഗമം വരാതെയും തിന്നുവാൻ, ഉണ്ണുവാൻ കാണുവാൻ എന്നവയും കാണും.

4. ഭൂതക്രിയാന്യൂനത്തിന്നു മുൻവിനയെച്ചം എന്നും ഭാവിക്രിയാന്യൂനത്തിന്നു പിൻവിനയെച്ചം എന്നും ക്രിയാനാമത്തെ നടുവിനയെച്ചം എന്നും വ്യാകരണാന്തരങ്ങളിൽ സംജ്ഞ ചെയ്തിട്ടുണ്ടു. വൎത്തമാനക്രിയാന്യൂനത്തിന്നു പ്രയോഗം കുറയും. അതു സമാസക്രിയയിൽ പൂൎവ്വപദമായി നടക്കും. വൎത്തമാന ക്രിയാന്യൂനത്തേയും നടുവിനയെച്ചമായി ഗണിക്കുന്നതിന്റെ അസാംഗത്യം പറയേണ്ടാമെന്നില്ല.

5. ക്രിയാന്യൂനങ്ങളോടു കൃന്നാമങ്ങൾ ചേൎന്നു സമാസങ്ങൾ ഉണ്ടാകും.

തിരിച്ചറിവു, കെട്ടിവെപ്പു, കേട്ടുകേൾവി, ഇട്ടുകെട്ടു, കൂടിക്കാഴ്ച തീണ്ടിക്കുളി, തേച്ചുകുളി. അടിച്ചുതാളി, കെട്ടിയാട്ടം, കൂടിവിചാരം.

(d) സംഭാവന.

180. (a) രാമൻ പാഠങ്ങൾ പഠിച്ചു പരീക്ഷയിൽ ജയിച്ചു. (b) രാമൻ പാഠങ്ങൾ പഠിക്കയും പരീക്ഷയിൽ ജയിക്കയും ചെയ്തു. ഈ രണ്ടു വാക്യങ്ങളിലും ക്രിയകൾക്കു തുല്യപ്രാധാന്യം ഉണ്ടു. പഠിക്ക, ജയിക്ക എന്ന ക്രിയകൾ ഒന്നിന്റെ ശേഷം ഒന്നു സംഭവിച്ചു എന്നു തോന്നിപ്പിക്കുന്നതു കൊണ്ടു് അവക്കു് **ആനന്തൎയ്യവും** തന്നിമിത്തം **കാൎയ്യകാരണഭാവവും** ഉണ്ടെന്നു് അറി

യാം. പഠിപ്പ ജയത്തിന്റെ **കാരണവും** ജയം പഠിപ്പിന്റെ **ഫല**മല്ലെങ്കിൽ **കാൎയ്യവും** ആകയാൽ പഠിപ്പിന്നും ജയത്തിന്നും തമ്മിൽ കാൎയ്യകാരണഭാവം ഉണ്ടെന്നു പറയും. കാരണം **ഹേതുവും** കാൎയ്യം **ഹേതുമത്തു**മാകയാൽ കാൎയ്യകാരണഭാവം തന്നെ **ഹേതുഹേതുമദ്ഭാവം.**

1. ഹേതുവിനെക്കാണിക്കുന്ന വാക്യത്തെ ഹേതുവാക്യമെന്നും പൂൎവ്വവാക്യമെന്നും കാൎയ്യത്തെ ഹേതുമദ്വാക്യമെന്നും ഉത്തരവാക്യമെന്നും പറയും.

ഈ രണ്ടു വിധം വാക്യങ്ങൾക്കും പ്രാധാന്യം ഉണ്ടെന്നു കാണിപ്പാൻ 'രാമൻ പാഠങ്ങൾ പഠിച്ചു ജയിച്ചു' എന്നു പറയും. പൂൎവ്വവാക്യത്തിന്നു പ്രാധാന്യം ഉണ്ടെന്നു കാണിപ്പാൻ 'പരീക്ഷയിൽ ജയിപ്പാൻ തക്ക വണ്ണം രാമൻ പാഠങ്ങളെപ്പഠിച്ചു' എന്നു മാറും. കാൎയ്യത്തിന്നു പ്രാധാന്യം ഉണ്ടെന്നു കാണിപ്പാൻ: രാമൻ പാഠങ്ങളെപ്പഠിക്കയാൽ പരീക്ഷയിൽ ജയിച്ചു' എന്നും മാറും.

2. ഏതു വാക്യത്തിന്നു പ്രാധാന്യം വിവക്ഷിക്കുന്നുവോ ആയതു പ്രധാനവാക്യമായ്‌ പയോഗിക്കണം.

(a) രാമൻ പാഠങ്ങൾ പഠിച്ചതു കൊണ്ടു പരീക്ഷയിൽ ജയിച്ചു. (b) രാമൻ പാഠങ്ങൾ പഠിക്ക കാരണം പരീക്ഷയിൽ ജയിച്ചു. (c) പരീക്ഷയിൽ ജയിക്കേണമെന്നു രാമൻ പാഠങ്ങളെ നല്ല വണ്ണം പഠിച്ചു. (d) പരീക്ഷയിൽ ജയിപ്പാനായി പാഠങ്ങളെപ്പഠിച്ചു. ഈ വാക്യങ്ങളിലെ പ്രാധാന്യം പരീക്ഷിക്കുക. അൎത്ഥഭേദം വല്ലതുമുണ്ടെങ്കിൽ കാണിക്കുക.

3. രാമൻ പാഠങ്ങൾ പഠിച്ചാൽ പരീക്ഷയിൽ ജയിക്കും. ഈ വാക്യവും കാൎയ്യകാരണഭാവത്തെപ്പറയുന്നുവെങ്കിലും കാരണം പ്രവൃത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്നതിന്റെ വാസ്തവത്തിൽ പ്രവേശിക്കുന്നില്ല. അതു നിശ്ചിതജ്ഞാനത്തെ ഉപദേശിക്കുന്നില്ല. എങ്കിലും കാരണം പ്രവൃത്തിച്ചു എന്ന ദൃഢവിശ്വാസത്തെ ആശ്രയിച്ചു മേൽ സംഭവിപ്പാൻ പോകുന്ന കാൎയ്യം മുങ്കൂട്ടിപ്പറവാൻ ശ്രമിക്കുന്നു എന്നു സൂചിപ്പിക്കുന്ന ക്രിയാരൂപം ആകുന്നു സംഭാവന.

4. ഫലസിദ്ധിക്കായി അന്യോന്യം ആശ്രയിച്ചു നില്ക്കുന്ന വാക്യങ്ങളിൽ ഉപവാക്യത്തിലെ അപൂൎണ്ണക്രിയയെ സംഭാവനയെന്നു പറയും. സംഭാവനയുടെ അൎത്ഥം പിൻവരുന്ന വാക്യത്താൽ പൂൎണ്ണമാകും. ഭൂതക്രിയാന്യൂനത്തോടു് ആൽ പ്രത്യയം ചേൎന്നു് ഒന്നാം സംഭാവനയും ക്രിയാപ്രകൃതിയോടു് ഇൽപ്രത്യയം ചേൎന്നു രണ്ടാം സംഭാവനയും ഉണ്ടാകും.

ഒന്നാം സംഭാവന — നടന്നാൽ, കളഞ്ഞാൽ, വീണാൽ, തൂങ്ങിയാൽ, ആക്കിയാൽ.

രണ്ടാം സംഭാവന — നടക്കിൽ, കളിക്കിൽ, വീഴുകിൽ, തൂങ്ങുകിൽ, ആകകിൽ. ഈ രൂപത്തിന്നു് ഇപ്പോൾ പ്രയോഗം കുറഞ്ഞിരിക്കുന്നു.

5. ആൽ, ഇൽ എന്നീ സംഭാവനാപ്രത്യയങ്ങൾ തൃതീയാസപ്തമീപ്രത്യയങ്ങൾ തന്നെ. ഇൽ ക്രിയാനാമത്തോടു ചേരുന്നതു കൊണ്ടു സപ്തമീപ്രത്യയമാകുന്നു എന്നതു സ്പഷ്ടം തന്നെ. ഭൂതക്രിയാന്യൂനത്തോടു ചേരുന്ന ആൽ തൃതീയയോ എന്നു ശങ്കിക്കും. എന്നാൽ ആൽ എന്നതു് ആകയാൽ എന്ന ക്രിയാനാമത്തിന്റെ സങ്കുചിതരൂപം ആക കൊണ്ടു് അതു വിഭക്തിപ്രത്യയം തന്നെ എന്നു കാണിക്കാം. എങ്കിലും സംഭാവനക്കു് അപൂർണ്ണക്രിയാലക്ഷണങ്ങൾ ഉള്ളതു കൊണ്ടു് അതു നാമത്തിൽ ചേരുകയില്ല. പ്രത്യയങ്ങൾക്കു വിഭക്തിലക്ഷണവുമില്ല. പ്രത്യയസ്വഭാവം നിർണ്ണയിപ്പാൻ രൂപസാമ്യവും പ്രവൃത്തിസാമ്യവും ആവശ്യമാകുന്നു.

6. ഇരിപ്പുവിൽ — ഇരിപ്പൂൽ, ചെല്ലുവിൽ — ചൊല്ലൂൽ; കൊടുക്കുകിൽ — കൊടുക്കൂൽ ഇത്യാദികളിലെ ഇൽപ്രത്യയം വർണ്ണലോപം നിമിത്തം മാറി ഊൽ ആയി. ഈ രൂപങ്ങൾ പഴഞ്ചൊല്ലുകളിൽ കാണാം.

7. സംഭാവനയും അനുവാദകവും ഭാവികാലത്തെക്കുറിച്ചുള്ള കാര്യകാരണഭാവത്തെക്കാണിക്കാൻ ഇതു വരെ പ്രയോഗിച്ചിരുന്നുവെങ്കിലും ഇപ്പോൾ പൂർണ്ണക്രിയയുടെ ത്രികാലരൂപങ്ങളോടു് എങ്കിൽ, എങ്കിലും എന്നിവയെച്ചേർത്തു കാലവിശേഷത്തെ അറിയിക്കും. ഇതു് ഇംഗ്ലീഷുഭാഷയുടെ അനുകരണമാകുന്നു.

സംഭാവന — വരുന്നുവെങ്കിൽ, വന്നുവെങ്കിൽ, വരുമെങ്കിൽ, വരുന്നുണ്ടെങ്കിൽ, വന്നിട്ടുണ്ടെങ്കിൽ, വന്നിരുന്നുവെങ്കിൽ, വന്നിട്ടുണ്ടായിരുന്നുവെങ്കിൽ.

അനുവാദകം. വന്നിരുന്നുവെങ്കിലും, വന്നിട്ടുണ്ടായിരുന്നുവെങ്കിലും, വരുമെങ്കിലും, വന്നുവെങ്കിലും.

(e) അനുവാദകം.

181. 1. ക്രിയാപദം കാണിക്കുന്ന വ്യാപാരം ചെയ്വാൻ കർത്താവിന്നു സാമർത്ഥ്യം, സ്വാതന്ത്ര്യം, അനുവാദം ഉണ്ടെന്നു സമ്മതിക്കുന്ന പക്ഷത്തിലും എന്ന അർത്ഥം കാണിക്കുന്ന അപൂർണ്ണക്രിയയുടെ രൂപം അനുവാദകം ആകുന്നു.

1. കേൾക്കിലും കേളായ്കിലുമിനിക്കിനിയും പോക്കുളത്തിങ്കലേ സംശയം

പോയിട്ടും. 2. ദോഷമുണ്ടഗ്നിത്യാഗം ചെയ്യാലും (= അഗ്നിഹോത്രാദികൎമ്മങ്ങളെ ഉപേക്ഷിക്കുന്ന പക്ഷത്തിലും ദോഷം ഉണ്ടു. 3. ജീവപൎയ്യന്തം പ്രവൃത്തിക്കിലേ മരിച്ചാലും ദേവലോകാദികളിൽ സ്വൈരമാസ്സസിക്കാവൂ. (മരണം വരേ പ്രവൃത്തിച്ചാൽ മാത്രമേ മരണശേഷം സ്വൎഗ്ഗസുഖം അനുഭവിക്കയുള്ളു.)

കേ. പാണിനീയം അനുവാദകത്തെ അംഗീകരിക്കുന്നില്ല. രൂപഭേദവും അൎത്ഥഭേദവും ആധാരമാക്കി അനുവാദകത്തെ അപൂൎണ്ണക്രിയയിൽ ചേൎത്തിരിക്കുന്നു.

2. സംഭാവനാരൂപങ്ങളോട് ഉംപ്രത്യയം ചേൎന്ന് ഉണ്ടാകുന്ന ഒന്നാമനുവാദകവും രണ്ടാമനുവാദകവും അൎത്ഥം പൂൎണ്ണമാവാൻ ഒരു വാക്യത്തെ ആശ്രയിക്കും.

ഒന്നാം അനുവാദകം — വന്നാലും, ഇരുന്നാലും, പോയാലും, നിന്നാലും, അടിച്ചാലും.

രണ്ടാം അനുവാദകം — വരികിലും, ഇരിക്കിലും, പോകിലും, നില്ക്കിലും, അടിക്കിലും.

3. 'ഉം' എന്നതിന്നു നിപാതത്തിന്റെ അൎത്ഥമില്ലായ്കയാൽ അതിനെ പ്രത്യയമായി എടുത്തു പ്രത്യയാന്തരൂപത്തിന് അനുവാദകം എന്നു സംജ്ഞ ചെയ്തിരിക്കുന്നു.

കൊന്നാലുമുള്ളിലടങ്ങാത ദ്വേഷം. 'ചത്താലും പെററാലും പുലയുണ്ടു' ഈ വാക്യത്തിൽ രണ്ടു സംഭാവനകളെ ഉംനിപാതം കൊണ്ടു ചേൎത്തിരിക്കുന്നതു കൊണ്ട് അവ അനുവാദകങ്ങൾ അല്ല.

(a) ആയീടിൽ, ആയിൽ, തുടങ്ങിൽ, വരുവിൽ, രക്ഷിക്കുവിൽ, എങ്കിൽ മുതലായ പുരാണസംഭാവനകൾ ധാതുവിനോട് ഇൽ ചേൎന്നുണ്ടായവയും (b) ചെല്ലുൽ, കൊടുക്കുലും, പുളിക്കുലും, ഇരിപ്പുലും, തിന്നുലും, പെടുലും മുതലായവ ധാതുക്കളോട് ഊൽപ്രത്യയം ചേൎന്നുണ്ടായവയും (c) ഏറിലേ, നടത്തുലേ എന്നിവയിൽ സംഭാവനയോട് ഏ എന്നതു ചേൎന്നവയും (d) കണ്ടിടലാം, പോകലാം മുതലായവ തമിഴിനെ അനുകരിച്ച രൂപങ്ങളും ആകുന്നു.

(f) ക്രിയാനാമങ്ങൾ.

182. 1. നാമക്രിയകളുടെ ലക്ഷണങ്ങൾ <u>ഉള്ള</u> അപൂൎണ്ണക്രിയ ആകുന്നു ക്രിയാനാമം. അതു നാമത്തെപ്പോലെ

ആഖ്യ, ആഖ്യാതപൂരണം, കമ്മം എന്നിവയിൽ ഒന്നായും ക്രിയയെപ്പോലേ ആഖ്യാതമായും കമ്മത്തോട് അന്വയിച്ചും ഇരിക്കും.

വന്ദ്യന്മാരായവരെ വന്ദിച്ചീടുക നല്ലൂ. വന്ദിച്ചീടുക എന്ന ക്രിയാനാമം നല്ലൂ എന്ന ക്രിയയുടെ ആഖ്യയും ആയവരെ എന്ന കമ്മത്തോട് അന്വയിക്കുന്ന ക്രിയയും ആകുന്നു.

2. പ്രകൃതിയോട് അപ്രത്യയം ചേൎത്തു് ഒന്നാംക്രിയാനാമത്തേയും ഉകപ്രത്യയം ചേൎത്തു രണ്ടാംക്രിയാനാമത്തേയും ഉണ്ടാക്കും. ഇവക്ക് അൎത്ഥത്തിൽ ഭേദമില്ല.

ഒന്നാംക്രിയാനാമം — പോക, നടക്ക, നാണിക്ക, പഠിക്ക.

രണ്ടാംക്രിയാനാമം — പോകുക, നടക്കുക, നാണിക്കുക, പഠിക്കുക.

(a) ഭ്രമിക്കെന്നതും തഥാ ദുഃഖിക്കെന്നതുമില്ല. (b) ദുഷ്ടരായുള്ളോരു രാക്ഷസരെക്കണ്ടാലൊട്ടും പൊറുക്കയില്ലാക്കും. (c) ക്രോധിച്ചു ശപിക്കെന്നതുചിതമല്ല.

3. ആക, അല്ല, ഇല്ല, അരുതു, ഒല്ലാ, പെടുക, വേണം മുതലായ ധാതുക്കൾ ക്രിയാനാമങ്ങളോടു ചേൎന്നു ക്രിയാസമാസങ്ങളായ്വരും.

കാണായി, കാണാകേണം (കാണുക+ആക+വേണം) കാണാം; പോകല്ല; വരരുതു, വരില്ല, നടക്കൊല്ലാ, കാണപ്പെട്ടു, പഠിക്കേണം.

4. പോക തുടങ്ങി (= ഗമനം ആരംഭിച്ചു) എന്ന പ്രാചീനപ്രയോഗത്തിൽ പോക എന്ന ക്രിയാനാമം തുടങ്ങി എന്ന ക്രിയയുടെ കമ്മം. ഇതു് ഇപ്പോൾ 'പോവാൻ തുടങ്ങി' എന്നും 'പോയിത്തുടങ്ങി' എന്നും മാറിക്കാണും. അൎത്ഥം വിവരിക്കുക. പോവാൻ തുടങ്ങി എന്നിതിൽ തുടങ്ങി എന്നതിന്റെ ഉദ്ദേശത്തേയും 'പോയിത്തുടങ്ങി' എന്നതു ക്രിയകളുടെ യൌഗപദ്യത്തേയും കാണിക്കുന്നു.

5. പ്രഥമ, ദ്വിതീയ, തൃതീയ, സപ്തമി എന്നീ വിഭക്തികളിൽ ക്രിയാനാമം ഉപയോഗിക്കും.

പ്രഥമ — സൃഷ്ടിക്ക തവ ധമ്മം; രാജവശ്യം ആയവന്മാർ കോലുക ആചാരമല്ല.

ദ്വിതീയ — സവ്വമാംസങ്ങൾ ഭുജിച്ചീടുക വിധിച്ചിതോ? ത്യജിക്കയെക്കാട്ടിൽ നല്ലതു. രാമൻ പാഠങ്ങൾ പഠിക്കയും പരീക്ഷയിൽ ജയിക്കയും ചെയ്തു.

തൃതീയ — കാൎയ്യമെന്തെടോ നാരിയെച്ചതിക്കയാൽ. രാമൻ പാഠങ്ങൾ പഠിക്കയാൽ ജയിച്ചു.

സപ്തമി — കേൾക്കയിൽ ആഗ്രഹം ഉണ്ടു. [-158.)

6. ക്രിയാനാമത്തോടു ഗതികളും ചേൎന്നു വരും. (ബാ. 157

നീ തുണയാകമൂലം ജയം വന്നു. തുണയാക കൊണ്ടു ജയം സിദ്ധിച്ചു.

ജ്ഞാപകം — ഈ ക്രിയാനാമങ്ങളെ നടുവിനയെച്ചം എന്നും പറയും.

(g) ഭാവരൂപം.

183. 1. ഈ ക്രിയാനാമങ്ങളെ ക്രിയാവിശേഷണങ്ങളായി ഉപയോഗിക്കുമ്പോൾ അവയെ യഥാക്രമം പഴയ ഭാവരൂപമെന്നും പുതിയ ഭാവരൂപമെന്നും പറയും.

എല്ലു മുറിയ പണിതാൽ പല്ലു മുറിയ തിന്നാം (മുറിയുംവിധത്തിൽ), അയമോദകം ചുകക്കെ വറുത്തു (ചുകക്കും വണ്ണം ചുകക്കുന്നതു വരെ) മുറുക ത്തഴുകി (മുറുകമാറു=ഗാഢം). വയറു നിറയ കുടിക്കു. കല്ലിനെ കുഴിയെ ചെല്ലും. നിൽക്കുന്നവനെ കുളുൎക്കെടാക്കിച്ചു. താരമങ്ങെല്ലാവരും കേൾക്കെ ചൊന്നാൻ. തൊലി പറിയ അടിച്ചു.

2. ഇവയെ ഇരട്ടിച്ചു വ്യാപാരത്തിന്റെ ആധിക്യം കാണിപ്പാൻ ഉപയോഗിക്കും.

തുടതുടക്കണ്ണീർ ഒഴുകിയും കൊണ്ടു. നിടുനിട ശ്വാസം തെരുതെര വീൎത്തു. ചുടുചുട നോക്കി. കടുകടച്ചൊന്നാൻ. കണ്ണുനീർ ഓലോല വാൎത്തു കരയും. തുടരതുടര വന്നു. വെളുവെള വിളങ്ങി.

3. എപ്രത്യയം ചേൎത്താൽ ഇതിന്നു കാലാൎത്ഥം ഉണ്ടാകും.

(a) മാൻ മന്നവൻ മുമ്പിൽ കളിക്കവേ കണ്ടിതു (കളിക്കുന്ന സമയം) (b) വൃദ്ധതയോടും പിതൃമാതൃക്കൾ ഇരിക്കവേ പുത്രന്മാർ മരിക്കും (ഇരിക്കുമ്പോൾ). (c) അവൾ പറകവേ ചിത്തം ഇളകി. (d) രാഘവ എന്നു കരകവേ അവളെ കൊണ്ടു നടന്നു. (e) താതനും മാതാവും നോക്കി നിന്നീടവേ പൈതലായ്മേവിനാൻ കൈതവത്താൽ.

4. ഈ പ്രയോഗങ്ങളിൽ ഭാവരൂപത്തിന്റെയും പൂൎണ്ണക്രിയയുടെയും കൎത്താക്കൾ ഭേദിച്ചിരിക്കയാൽ, ഇവ ഇംഗ്ലീഷിലെ **absolute construction** എന്നതിന്നും സംസ്കൃതത്തിലെ വിഷയസപ്തമിക്കും തുല്യമാകുന്നു. അവൾ പറ

കവേ ചിത്തം ഉരുകി — **She saying so, his mind was moved to pity** = തസ്യാമിത്ഥം വദന്ത്യാം സ ദയാർദ്രോഽഭവൽ.

5. ഭാവരൂപത്തോടു ചിലേപ്രത്യയം ചേൎന്നു ക്രിയാവിശേഷണങ്ങളുണ്ടാകും.

നില്ക്കച്ചിലേ, ഇരിക്കച്ചിലേ.

അദ്ധ്യാപകം — കേ. പാണിനീയം ഭാവരൂപത്തെയും നടുവിനയെച്ചത്തിൽ അടക്കിക്കളയുന്നു. ക്രിയാനാമത്തിന്നും ഭാവരൂപത്തിന്നും തമ്മിൽ അൎത്ഥഭേദം ഉള്ളതു കൊണ്ടു രണ്ടു തരങ്ങളാക്കിയിരിക്കുന്നു.

6. അനേകം ഭാവരൂപങ്ങൾ ഇപ്പോൾ കേവലം ക്രിയാവിശേഷണങ്ങളായ അവ്യയങ്ങളായിത്തീൎന്നിരിക്കുന്നു.

ആകേ, ഒക്കേ, കരേ, വളരേ, പോലേ, കൂടക്കൂടേ, എതിരേ, ഏറേ, പാറ, ഒഴികേ, ചുഴലവേ, നീളേ, പരക്കേ, അകലേ.

7. എൻധാതുവിന്റെ ഭാവരൂപമായ എന, എനെ, (=അന, അനെ, അനവേ) എന്നതിനെ ഒരു പ്രത്യയത്തെപ്പോലെ ക്രിയാനാമങ്ങളോടു ചേൎത്തു ക്രിയാവിശേഷണങ്ങളെ ഉണ്ടാക്കും.

ചെറുങ്ങന, നെടുങ്ങന, പെരുങ്ങന, വിലങ്ങനെ, ചിക്കന, ചിക്കെന, വട്ടന, പൊട്ടങ്ങന, പൊട്ടന്നനവേ, മുറുക്കനെ, മഴന്നെന, വെറുങ്ങന, കട്ടക്കന.

8. തെക്കിൽ ഭൂതകാലത്തോട് ഏനേ എന്ന ഭാവരൂപം ചേൎത്തു ക്രിയാവ്യാപാരം സംഭാവ്യമായിരുന്നു എന്നു് ഒരു **പാക്ഷികക്രിയ** ഉണ്ടാകാറുണ്ടു.

വന്നേനേ, പോയേനേ.

പരീക്ഷ 175 — 183

1. ശബ്ദന്യൂനം, ക്രിയാന്യൂനം എന്നിവകളും സംഭാവന, അനുവാദകം എന്നിവകളും, ക്രിയാനാമം, ഭാവരൂപം എന്നിവകളും തമ്മിലുള്ള ഭേദം എന്തു? ഉദാഹരിക്കുക.

2. പൊട്ടന്നനവേ, വിലങ്ങനേ, ഒക്കവേ, ഏറെ മുതലായ രൂപങ്ങളുടെ

നിഷ്പത്തിയും പ്രവൃത്തിയും വിവരിച്ച് അവയെ സ്വന്തവാക്യങ്ങളിൽ പ്രയോഗിക്കുക.

3. താഴെ എഴുതിയ വാക്യങ്ങളിലെ അപൂൎണ്ണക്രിയകളെത്തരം തിരിച്ചു ലക്ഷണം പറക.

(a) നന്നല്ല നീ ഗ്രഹിച്ചിടും തുടങ്ങുന്നതെന്നാൽ നശിച്ചു പോമിന്നടങ്ങീടു നീ. (b) തൂണാക്കു വന്ദിക്കുന്നേൻ. (c) അക്കഥയൊക്കെച്ചൊൽവാനൎക്കാൎക്കിൽ നിരൂപിക്കിൽ മുഖ്യനാം വേദവ്യാസൻ താനൊഴിഞ്ഞാരുമില്ല. (d) ശൂദ്രജാതികൾ കേൾക്കെ സ്വാദ്ധ്യായവുമില്ല. e. വധിച്ചു വരുത്തൊക്കെപ്പൊടിച്ചു തരി പോക്കി മുട്ടതാം കലന്നൊരു ചൂൎണ്ണമാമ്പശമാക്കി.

6. ലകാരപ്രകരണം.

184. 1. സംസ്കൃതത്തിൽ പരസ്മൈപദം ആത്മനേപദം എന്ന രണ്ടുവിധം പുരുഷപ്രത്യയങ്ങളും, ഓരോ പദത്തിന്നു പത്തു ലകാരങ്ങളും, ഓരോ ലകാരത്തിന്നു മുമ്മൂന്നു പുരുഷന്മാരും, ഓരോ പുരുഷന്നു മുമ്മൂന്നു വചനങ്ങളും, ഉള്ളതു കൊണ്ടു് ഒരു ധാതുവിന്നു 180 രൂപങ്ങൾ ഉണ്ടാകും.

2. ലട്, ലിട്, ലുട്, ലൃട്, ലോട് എന്ന ടകാരാന്തങ്ങൾ അഞ്ചും ലങ്, വിധിലിങ്, ആശീൎല്ലിങ്, ലുങ്, ലൃങ് എന്ന ങകാരാന്തങ്ങൾ അഞ്ചും കൂടി പത്തു ലകാരങ്ങൾ ഉണ്ടു. ലൾ വൎത്തമാനവും ലങ്, ലുങ്, ലിട് എന്നിവ മൂന്നും ഭൂതവും ലുട്, ലൃട് എന്നിവ രണ്ടു ഭാവിയും ആകുന്നു. ലോൾ നിയോജകവും, വിധിലിങ് വിധായകവും, ആശീൎല്ലിങ് ആശീൎവ്വാദകപ്രകാരവും ലൃങ് സംഭാവനയും ആകുന്നു.

3. ലട്, ലങ്, ലോട്, വിധിലിങ് എന്നീ നാലു ലകാരങ്ങളുടെ രൂപങ്ങൾ ഉണ്ടാകുമ്പോൾ ധാതുക്കൾ മാറി ജനിക്കുന്ന പ്രകൃതികളെ അടിസ്ഥാനമാക്കി ധാതുക്കളെപ്പത്തു ഗണങ്ങളാക്കിയിരിക്കുന്നു. ധാതുക്കൾ ഈ ലകാരങ്ങളിൽ മാത്രം മാറുന്നതു കൊണ്ടു് ഇവയെ **വൈകൃതലകാരങ്ങൾ** എന്നും ശേഷം ആറു ലകാരങ്ങളിൽ പ്രത്യയങ്ങൾ പ്രകൃതിയോടു ചേരുന്നതു കൊണ്ടു് അവയെ **പ്രാകൃതലകാരങ്ങൾ** എന്നും പറയും.

4. ഗണങ്ങളുടെ പേരുകളും വികരണങ്ങളും ഉദാഹരണങ്ങളും താഴെ കാണിച്ചിരിക്കുന്നു.

	സാംഖ്യാസംജ്ഞ	പാണിനീയസംജ്ഞ	വികരണം	ഉദാഹരണങ്ങൾ — ലട്	
				പരസ്മൈപദം	ആത്മനേപദം
1	പ്രഥമഗണം	ഭ്വാദിഗണം	അ	ഭവതി	പചതേ
2	ദ്വിതീയഗണം	അദാദിഗണം		അത്തി	ആസ്തേ
3	തൃതീയഗണം	ജുഹോത്യാദിഗണം		ജുഹോതി	മിമീതേ
4	ചതുൎത്ഥഗണം	ദിവാദിഗണം	യ	ദീവ്യതി	ദീവ്യതേ
5	പഞ്ചമഗണം	സ്വാദിഗണം	നു	സുനോതി	സുനുതേ
6	ഷഷ്ഠഗണം	തുദാദിഗണം	അ	തുദതി	മ്രിയതേ
7	സപ്തമഗണം	രുധാദിഗണം	ന	രുണദ്ധി	രുന്ധേ
8	അഷ്ടമഗണം	തനാദിഗണം	ഉ	തനോതി	തനുതേ
9	നവമഗണം	ക്ര്യാദിഗണം	നാ	ക്രീണാതി	ക്രീണീതേ
10	ദശമഗണം	ചുരാദിഗണം	അയ	ചോരയതി	ചോരയതേ

5. ഒന്നു, നാലു, ആറു, പത്തു് എന്നീ ഗണങ്ങളിൽ പ്രകൃതി അകാരാന്തമാകയാൽ പ്രക്രിയ വളരെ എളുപ്പം. ശേഷം ഗണങ്ങളിൽ അതു് അകാരാന്തമല്ലായ്കയാൽ സന്ധിനിമിത്തം പ്രക്രിയ വിഷമം തന്നെ.

185. 1. അകാരാന്തപ്രകൃതികളിൽ ചേരുന്ന വൈകൃതലകാരപ്രത്യയങ്ങൾ.

പദം	പുരുഷൻ	ലട — വൎത്തമാനം			ലങ് — ഭൂതം		
		ഏക.	ദ്വി.	ബഹു.	ഏക.	ദ്വി.	ബഹു.
പരസ്മൈപദം	ഉ.	മി	വസ്	മസ്	അമ്	വ	മ
	മ.	സി	ഥസ്	ഥ	സ്	തം	ത
	പ്ര.	തി	തസ്	അന്തി	ൽ	താം	അൽ
ആത്മനേപദം	ഉ.	ഇ	വഹേ	മഹേ	ഇ	വഹി	മഹി
	മ.	സേ	ഈഥേ	ധ്വേ	ഥാസ്	ഈഥാം	ധ്വം
	പ്ര.	തേ	ഈതേ	അന്തേ	ത	ഈതാം	അന്ത

പദം	പുരുഷൻ	ലോട് — നിയോജകം ഏക.	ദ്വി.	ബഹു.	വിധിലിങ് — വിധായകം ഏക.	ദ്വി.	ബഹു.
പരസ്മൈപദം	ഉ.	ആനി	ആവ	ആമ	ഈയം	ഈവ	ഈമ
	മ.	—	തം	ത	ഈസ്	ഈതം	ഈത
	പ്ര.	തു	താം	അന്തു	ഈൽ	ഈതാം	ഈയുസ്
ആത്മനേപദം	ഉ.	ഐ	ആവഹൈ	ആമഹൈ	ഈയ	ഈവഹി	ഈമഹി
	മ.	സ്വ	ഈഥാം	ധ്വം	ഈഥാസ്	ഈയാഥാം	ഈധ്വം
	പ്ര.	താം	ഈതാം	അന്താം	ഈത	ഈയാതാം	ഈരൻ

2. അകാരാന്തപ്രകൃതികളിൽ ലോഡ്മദ്ധ്യമപുരുഷൈകവചനത്തിന്നു പ്രത്യയമില്ല. അനാകാരാന്തപ്രകൃതികളിൽ പ്രത്യയം ഹി ആകുന്നു. അതു ചിലേടങ്ങളിൽ ധിയാകും. മദ്ധ്യമപുരുഷന്റേയും പ്രഥമപുരുഷന്റേയും പരസ്മൈപദത്തിലേ ഏകവചനത്തിന്നു താൽപ്രത്യയവും വരും. കുരുതാൽ; ഭവതാൽ.

3. പരസ്മൈപദത്തിൽ ലട്ടിന്റേയും ലങ്ങിന്റേയും ഏകവചനങ്ങളും ലോട്ടിൽ ഉത്തമപുരുഷന്റെ എല്ലാവചനങ്ങളും പ്രഥമപുരുഷന്റെ ഏകവചനവും ആത്മനേപദലോട്ടിൽ ഉത്തമപുരുഷന്റെ എല്ലാരൂപങ്ങളും **സബലപ്രത്യയങ്ങൾ** ആകുന്നു. വലിയ അക്ഷരങ്ങളിൽ കാണുന്നവ സബലപ്രത്യയങ്ങളാകുന്നു. ശേഷം പ്രത്യയങ്ങൾ **അബലപ്രത്യയങ്ങൾ** ആകുന്നു.

186. അകാരത്തിൽ അവസാനിക്കാത്ത പ്രകൃതികളോടു മേൽ കാണിച്ച പ്രത്യയങ്ങളെ ചേൎക്കുമ്പോൾ ചില ഭേദങ്ങൾ വരും. പരസ്മൈപദത്തിൽ ലൾ, ലങ്, ലോൾ എന്നിവയുടെ പ്രത്യയങ്ങൾക്കു ഭേദം ഇല്ല. വിധിലിങ്ങിൽ ഈകാരത്തിന്റെ സ്ഥാനത്തു യാ വരും.

യാമ് — യാവ — യാമ | യാസ് — യാതം — യാത | യാൻ — യാതാം — യുസ് | ഇവയാകുന്നു പ്രത്യയങ്ങൾ. ദ്വിഷ് — ദ്വിഷ്യാം, ദ്വിഷ്യാവ, ദ്വിഷ്യാമ ഇത്യാദി.

ആത്മനേപദത്തിൽ വിധിലിങ്ങിന്റെ പ്രത്യയങ്ങൾക്കു മാററമില്ല. ശേഷം പ്രത്യയങ്ങളിൽ ദ്വിവചനത്തിലേ ഈകാരത്തിന്നു പകരം ആ വരും. ലൾ — വഹേ ആഥേ, ആതേ. ലങ് — വഹി, ആഥാം, ആതാം. ലോട് — ആവഹൈ, ആഥാം, ആതാം. ബ. വചനത്തിൽ അതമ അത ആകാം.

187. 1. ചോദിതുദാദിധാതുക്കൾക്കു വികരണം അ ആകുന്നുവെങ്കിലും

ഭ്വാദിയിൽ അന്ത്യസ്വരത്തിന്നും ഉപാന്ത്യഹ്രസ്വത്തിന്നും ഗുണം വരും. അതു തുദാദിയിൽ വരില്ല.

ഭൂ + അ + തി = ഭോ + അ + തി = ഭവ് + അ + തി = ഭവതി. നീ + അ + തി = നേ + അ + തി = നയ് + അ + തി = നയതി, ഭൃ + അ + തി = ഭരതി (92). ഹൃ + അ + തി = ഹർ + അ + തി = ഹരതി.

2. ദിവാദിയിൽ ധാതുവിനോടു യവികരണവും പ്രത്യയങ്ങളും ചേൎന്നാൽ, സന്ധികാൎയ്യം വിശേഷിച്ചില്ല.

ദിവ് + യ + തി = ദീവ്യതി; ശമ് + യ + തി = ശാമ്യതി, ലുഭ് – ലുഭ്യതി. നശ് – നശ്യതി, കുപ്യതി.

3. തുദാദിയിൽ അവികരണം ചേരുമ്പോൾ സന്ധിയില്ല.

തുദ് + അ + തി = തുദതി, വിശ് + അ + സി – വിശസി, സ്പൃശ് – സ്പൃശതി, സ്ഫുർ – സ്ഫുരതി.

മൃ + അ + തേ = മ്രി + അ + തേ = മ്രിയതേ, കൄ + അ + തി = കിരതി.

4. ചുരാദിധാതുക്കളിൽ അന്ത്യസ്വരത്തിന്നു വൃദ്ധിയും ഉപാന്ത്യസ്വരത്തിന്നു ഗുണവും ഉപാന്ത്യമായ അകാരത്തിന്നു വൃദ്ധിയും വരും.

ഭൂ + അയ + തി = ഭൌ + അയതി, = ഭാവയതി, (92) ചുർ + അയ + തി = ചോരയതി; തഡ് + അയതി = താഡയതി.

പരസ്മൈപദം ഭ്വാദി നീധാതു.

	ലട്			ലങ്	
1. നയാമി	നയാവഃ	നയാമഃ	അനയം	അനയാവ	അനയാമ
2. നയസി	നയഥഃ	നയഥ	അനയഃ	അനയതം	അനയത
3. നയതി	നയതഃ	നയന്തി	അനയൽ	അനയതാം	അനയൻ

	ലോട്			വിധിലിങ്	
1. നയാനി	നയാവ	നയാമ	നയേൽ	നയേവ	നയേമ
2. നയ	നയതം	നയത	നയേഃ	നയേതം	നയേത
3. നയതു	നയതാം	നയന്തു	നയേൽ	നയേതാം	നയേയുഃ

ഈക്ഷ്. ഭ്വാദി. ആത്മനേപദം.

	ലട്	
ഈക്ഷേ	ഈക്ഷാവഹേ	ഈക്ഷാമഹേ
ഈക്ഷസേ	ഈക്ഷേഥേ	ഈക്ഷധ്വേ
ഈക്ഷതേ	ഈക്ഷേതേ	ഈക്ഷന്തേ

ലങ്

ഐക്ഷേ	ഐക്ഷാവഹി	ഐക്ഷാമഹി
ഐക്ഷഥാഃ	ഐക്ഷേഥാം	ഐക്ഷധ്വം
ഐക്ഷത	ഐക്ഷേതാം	ഐക്ഷന്ത

ലോട്

ഈക്ഷൈ	ഈക്ഷാവഹൈ	ഈക്ഷാമഹൈ
ഈക്ഷസ്വ	ഈക്ഷേഥാം	ഈക്ഷധ്വം
ഈക്ഷതാം	ഈക്ഷേതാം	ഈക്ഷന്താം

വിധിലിങ്

ഈക്ഷേയ	ഈക്ഷേവഹി	ഈക്ഷേമഹി
ഈക്ഷേഥാഃ	ഈക്ഷേയാഥാം	ഈക്ഷേധ്വം
ഈക്ഷേത	ഈക്ഷേയാതാം	ഈക്ഷേരൻ

5. ഇതുപോലെ ജി, ബുധ്, വദ്, പത് എന്ന ഭ്വാദിധാതുക്കളുടേയും നൃത്, നശ്, ലുധ് മുതലായ ദിവാദിധാതുക്കളുടേയും തുദ്, ദിശ് സ്പൃശ് എന്ന തുദാദിധാതുക്കളുടേയും ചുർ, ഭക്ഷ്, തുല് എന്ന ചുരാദിധാതുക്കളുടേയും നാലു ലകാരങ്ങളെ പറക.

188. 1. അനകാരാന്തപ്രകൃതികളിൽ അദാദിയിലും ജുഹോത്യാദികളിലും വികരണമില്ലെങ്കിലും സന്ധികാര്യം വളരെ വിഷമമാകുന്നു. അദാദിയിലെ ആകാരാന്തധാതുക്കൾ വളരെ എളുപ്പമാകുന്നു.

ദാ (മുറിക്ക), പാ (രക്ഷിക്ക), പ്സാ (ഭക്ഷിക്ക), ഭാ (ശോഭിക്ക, തോന്നുക), യാ (പോക), രാ (കൊടുക്ക) ലാ (കൊടുക്ക, എടുക്ക), വാ (വീശുക), ശ്രാ (വെക്കുക — പാകം ചെയ്ക), സ്നാ — കുളിക്ക ഇവ അദാദിയിലെ ആകാരാന്തധാതുക്കൾ.

യാ — യാതി, യാതഃ യാന്തി. സ്നാമി — സ്നാവഃ — സ്നാമഃ. ഭാസി — ഭാഥഃ — ഭാഥ.

ഇ (പോക) — ഏമി — ഇവഃ — ഇമഃ | ഏഷി — ഇഥഃ — ഇഥ | ഏതി — ഇതഃ — യന്തി.

അസ് (ആക) — അസ്മി, സ്വഃ, സ്മഃ | അസി — സ്ഥഃ — സ്ഥ | അസ്തി — സ്തഃ — സ്മഃ |

ലിഹ് — ലട് — ലേഹ്മി — ലേക്ഷി — ലേഢി | ലങ് — അലേഹം — അലേട് — അലേട് | ലോട് — ലേഢു — ലീഢാം — ലിഹന്തു.

വിധിലിങ് — ലിഹ്യാൽ, ലിഹ്യാതാം — ലിഹ്യുഃ | ലൾ — ദുഹ് — ദോഗ്ധി — ധോക്ഷി — ദോഹ്മി | ലങ് അധോക് | വിധിലിങ് — ദുഹ്യാം | ലോട് — ദോഗ്ധു.

രു — രൌതി. സ്നു — സ്നൌതി — സ്നുവീതി. ബ്രൂ — ബ്രവീതി — ബ്രൂതഃ — ബ്രുവന്തി. ബ്രൂതേ — ബ്രുവാതേ — ബ്രുവതേ.

2. തൃതീയഗണത്തിൽ ധാതുവിന്റെ ആദ്യാക്ഷരം ഇരട്ടിക്കും. ഇരട്ടിച്ച അക്ഷരം **അഭ്യസ്ത**മാകുന്നു. **അഭ്യസ്ത**ത്തിലെ ഹകാരത്തിന്നും കവർഗ്ഗത്തിന്നും ചവർഗ്ഗവും മഹാപ്രാണത്തിന്ന് അല്പപ്രാണവും വരും. സബലപ്രത്യയങ്ങൾ പരമായാൽ അദാദിയിലും ജുഹോത്യാദിയിലും അന്ത്യസ്വരത്തിന്നു ഗുണം വരും. ധാതുവിന്റെ ആദ്യാക്ഷരം ഇരട്ടിക്കുന്നതിന്ന് **അഭ്യാസ**മെന്നു പേർ.

ഹു ധാതു— ഇരട്ടിച്ച് ഹുഹു ആകും. അഭ്യസ്തത്തിന്നു ജ വന്നു ജുഹു എന്നാകും. ഹു + തി = ജുഹു + തി = ജുഹോതി, | ബഹുവചനത്തിൽ ജുഹ്വതി. ഭീ— ബിഭേതി. ഭൃ — ബിഭർത്തി. ഹാ — ജഹാതി.

189. 1. സ്വാദിയിൽ നുവും തനാദിയിൽ ഉവും വികരണങ്ങൾ ആകുന്നു. സബലപ്രത്യയങ്ങൾ പരമായാൽ ഉകാരത്തിന്നു ഗുണം വരും.

പരസ്മൈപദം.

ലട്. സുനോതി	സുനുതഃ	സുന്വന്തി (ധാതു. സു.)
ലങ്. അസുനോൽ	അസുനുതഃ	അസുന്വൻ
ലിങ്. സുനുയാൽ	സുനുയാതാം	സുനുയുഃ
ലോൽ സുനവാനി	സുനവാവ	സുനവാമ
ലട് തനോമി	തനുവഃ	തനുമഃ (ധാതു. തൻ).
ലട് കരോമി	കുർവഃ	കുർമ്മഃ (ധാതു. കൃ.)

ആത്മനേപദം.

ലട്	സുനുതേ	സുന്വാതേ	സുന്വതേ
ലങ്	അസുനുത	അസുന്വാതാം	അസുന്വത
ലിങ്	സുന്വീയ	സുന്വീയാതാം	സുന്വീരൻ
ലോൽ	സുനവൈ	സുനവാവഹൈ	സുനവാമഹൈ
ലൾ	തന്വേ	തന്വഹേ	തന്മഹേ
ലൾ	കുർവേ	കുർവഹേ	കുർമ്മഹേ

2. രുധാദിയിൽ ധാത്വക്ഷരങ്ങളുടെ മദ്ധ്യത്തിൽ നകാരം വരും. അബലപ്രത്യയങ്ങൾ പരമായാൽ അതു ൻ ആകും.

പരസ്മൈപദം. രുധ്—ധാതു.

ലൾ	രുണധ്മി	രുന്ധ്വഃ	രുന്ധ്മഃ	(ഉ. പു.)
ലങ്	അരുണൽ.	അരുന്ധാം	അരുന്ധൻ	(പ്ര. പു.)
ലിങ്	രുന്ധ്യാൽ	രുന്ധ്യാതാം	രുന്ധ്യുഃ	"
ലോട്	രുണധാനി	രുണധാവ	രുണധാമ	ഉ. പു.

ആത്മനേപദം.

ലട്	രുന്ധേ,	രുന്ധ്വഹേ,	രുന്ധ്മഹേ	ഉ. പു.
ലങ്	അരുന്ധാഃ	അരുന്ധാഥാം	അരുന്ധ്വം.	മ. പു.
ലിങ്	രുന്ധീത	രുന്ധീയാതാം	രുന്ധീരൻ.	പ്ര. പു.
ലോട്	രുണധൈ	രുണധാവഹൈ	രുണധാമഹൈ	ഉ. പു.

3. ക്ര്യാദിയിൽ സബലപ്രത്യയം പരമായാൽ വികരണം നാവും അബലപ്രത്യയം പരമായാൽ നീയും ആകുന്നു. സ്വരാദിയായ അബലപ്രത്യയം പരമായാൽ ഈ ലോപിക്കും.

പരസ്മൈപദം. ക്രീ—ധാതു.

ലൾ	ക്രീണാമി	ക്രീണീവഃ	ക്രീണീമഃ	ഉ. പു.
ലങ്	അക്രീണാം	അക്രീണീവ	അക്രീണീമ	"
ലിങ്	ക്രീണീയാം	ക്രീണീയാവ	ക്രീണീയാമ	"
ലോൾ	ക്രീണാനി	ക്രീണാവ	ക്രീണാമ	"

ആത്മനേപദം.

ലൾ	ക്രീണേ	ക്രീണീവഹേ	ക്രീണീമഹേ	ഉ. പു
ലങ്	അക്രീണി	അക്രീണീവഹി	അക്രീണീമഹി	"
ലിങ്	ക്രീണീയ	ക്രീണീവഹി	ക്രീണീമഹി	"
ലോൾ	ക്രീണൈ	ക്രീണാവഹൈ	ക്രീണാമഹൈ	"

190. ഭൂതത്തിന്റെ മൂന്നു ലകാരങ്ങളിൽ ലങ്, ലുങ് എന്നിവയുടെ മുമ്പിൽ അകാരം ആഗമം വരും. ലിട്ടിൽ ധാതുവിന്ന് അഭ്യാസം വരും. ലങ്ലുങ്ങുകളുടെ പ്രത്യയങ്ങൾ സാമാന്യമായി ഒത്തിരിക്കും. ലുങിന്ന് ഏഴു ഭേദങ്ങൾ ഉണ്ട് എങ്കിലും അവ എല്ലാ ധാതുക്കൾക്കും ഇല്ല. ഇന്ന ധാതുക്കൾക്ക് ഇന്ന രൂപം ലുങ് എന്ന വ്യവസ്ഥയുണ്ട്. ഭാഷാസാഹിത്യത്തിൽ ലുങ്രൂപങ്ങൾ കുറയുന്നതു കൊണ്ട് അല്പം മാത്രം ഇവിടെക്കാണിക്കുന്നു.

I. മാതിരി ദാ, അദാൽ അദാതാം. അദുഃ, ഭൂ— അഭൂൽ— അഭൂതാം. അഭൂവൻ. ഇതിന്ന് ആത്മനേപദം ഇല്ല.

II. മാതിരി സിച് — അസിചൽ — അസിചതാം — അസിചൻ അസിചത — അസിചേതാം — അസിചന്ത.

ജ്ഞാപകം ഇതിന്നു രണ്ടു പദങ്ങളും ഉണ്ടു. ലങ്ങിൽ അസിഞ്ചൽ.

III. മാതിരിയിൽ ധാതുവിന്ന് അഭ്യാസം ഉണ്ടാകും — ചുർ— അചൂചുരൽ, ഘൃഷ് — അജിഘൃഷൽ, കഥ — അചകഥൽ, ഹൃ = അജീഹരൽ. ഇതു് ആത്മനേപദത്തിലും വരും.

IV. മാതിരി ഭൃ — അഭാർഷീൽ. (പ). അഭൃത. (ആ).

V. മാതിരി ലൂ — അലാവീൽ (പ). അലാവിഷ്ട (ആ).

VI. മാതിരി. യാ — അയാസീൽ (പ). സ്നാ — അസ്നാസീൽ. ആത്മനേപദമില്ല.

VII. മാതിരി ലിഹ് — അലിക്ഷൽ (പ) അലിക്ഷത (ആ) ദിശ് — അദിക്ഷൽ (പ) അദിക്ഷത. (ആ).

191. 1. മൂന്നാം ഭൂതമായ ലിട്ടിൽ ധാതുവിന്ന് അഭ്യാസം വരും. പ്രഥമപുരുഷപ്രത്യയങ്ങൾ:--

പരസ്മൈപദം — അ അതുസ് ഉസ്. ആത്മനേപദം — ഏ. ആതേ ഇരേ.

നീ — നിനായ നിന്യതുഃ നിന്യുഃ നിന്യേ നിന്യാതേ നിന്യിരേ.

കൃ — ചകാര. ചക്രതുഃ ചക്രുഃ ചക്രേ ചക്രാതേ ചക്രിരേ.

ഭൂ — ബഭൂവ. ബഭൂവതുഃ ബഭൂവുഃ

അസ് — ആസ. ആസതുഃ ആസുഃ

2. പരസ്മൈപദത്തിൽ ആകാരാന്തധാതുക്കളുടെ പ്രഥമപുരുഷൈകവചനം ഔ ആകുന്നു. പാ — പപൌ, യാ — യയൌ, ദാ — ദദൌ, സ്ഥാ — തസ്ഥൌ.

3. ചുരാദി മുതലായ വ്യുൽപന്നധാതുക്കളുടേയും ദീർഘസ്വരാദിധാതുക്കളുടേയും ലിഡ്രൂപങ്ങൾ ഉണ്ടാകുവാൻ ധാതുവിനോട്ട് ആംപ്രത്യയവും അസ്, കൃ, ഭൂ എന്നീ ധാതുക്കളുടെ ലിഡ്രൂപങ്ങളേയും ചേർക്കും. ആത്മനേപദിധാതുക്കളിൽ കൃധാതുവിന്റെ ആത്മനേപദരൂപങ്ങളേയും ചേർക്കും.

ചോരയാമാസ, ചോരയാംബഭൂവ, ചോരയാംചകാര, ചോരയാംചക്രേ ഈക്ഷാമാസ, ഈക്ഷാംബഭൂവ, ഈക്ഷാംചക്രേ.

192. ഭാവികാലത്തിലെ ഒന്നാംഭാവിയായ ലുട്ടിന്റേയും രണ്ടാംഭാവിയായ ലൃട്ടിന്റേയും പ്രത്യയങ്ങളെ താഴെ കാണിച്ചിരിക്കുന്നു.

പരസ്മൈപദം.			ലുൽ	ആത്മനേപദം.	
താസ്മി	താസ്വഃ	താസ്മഃ	താഹേ	താസ്വഹേ	താസ്മഹേ
താസി	താസ്ഥഃ	താസ്ഥ	താസേ	താസാഥേ	താധ്വേ
താ	താരൌ	താരഃ	താ	താരൌ	താരഃ

കൃ — കർത്താസ്മി കർത്താസ്വഃ കർത്താസ്മഃ കർത്താഹേ, കർത്താസ്വഹേ, കർത്താസ്മഹേ
നീ — നേതാസി, നേതാസ്ഥഃ നേതാസ്ഥ, നേതാസേ നേതാസാഥേ, നേതാധ്വേ
ജി — ജേതാ ജേതാരൌ ജേതാരഃ ആത്മനേപദത്തിലും ഇവ തന്നെ വരും.

താ എന്നതിനോട്ട് അസ് ധാതുവിന്റെ വർത്തമാനരൂപങ്ങളെച്ചേർത്ത് ഉത്തമമദ്ധ്യമപ്രഥമപുരുഷരൂപങ്ങളെ ഉണ്ടാക്കിയിരിക്കുന്നു.

രണ്ടാംഭാവിയായ ലൃട്ടിന്റെ പ്രത്യയങ്ങൾ.

പരസ്മൈപദം.			ആത്മനേപദം.		
സ്യാമി	സ്യാവഃ	സ്യാമഃ	സ്യേ	സ്യാവഹേ	സ്യാമഹേ
സ്യസി	സ്യഥഃ	സ്യഥ	സ്യസേ	സ്യേഥേ	സ്യധ്വേ
സ്യതി	സ്യതഃ	സ്യന്തി	സ്യതേ	സ്യേതേ	സ്യന്തേ

ജ്ഞാപകം — വർത്തമാനപ്രത്യയത്തിന്നു സ്യ ആഗമം വന്നിരിക്കുന്നു. ഇകാരാദിസ്വരാന്തപ്രകൃതികളുടെ പിന്നിൽവരുന്ന സ്യ എന്നതു ഷ്യ ആകും. (102.)

കരിഷ്യാമി, യാസ്യാമി, ഭവിഷ്യതി, പക്ഷ്യതി, ഈക്ഷിഷ്യതേ, ഈക്ഷിഷ്യന്തേ.

193. 1. ലങ്ങിന്റെ പ്രത്യയങ്ങൾക്കു മുമ്പിൽ സ്യ ചേർത്താൽ ലൃങ്ങിന്റെ പ്രത്യയങ്ങൾ ജനിക്കും. ധാതുവിന്റെ മുമ്പിൽ അ ആഗമം വരും.

യാ — അയാസ്യം; കൃ — അകരിഷ്യൽ; ഭൂ — അഭവിഷ്യൽ, ഈക്ഷ് — ഐക്ഷിഷ്യത. ലഭ് — അലപ്സ്യത.

2. ക്രിയാവ്യാപാരം നടന്നിട്ടില്ലെന്നു കാണിക്കുന്നതാകുന്നു സംഭാവന (ലൃങ്). ഈ രൂപം രണ്ടു വാക്യങ്ങളിലും വരുന്നതുകൊണ്ടു ഭാഷയിലെ സംഭാവനയിൽ നിന്നു വ്യത്യാസപ്പെടുന്നു.

'സുവൃഷ്ടിശ്ചേദഭവിഷ്യൽ സുഭിക്ഷ്യം അഭവിഷ്യൽ' മഴ പെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ സുഭിക്ഷം ഉണ്ടാകുമായിരുന്നു. 'തൌ ചേദ്രാജപുത്രൌ നിരുപദ്രവാവവർദ്ധിഷ്യേതാം ഇയതാ കാലേന തദേമാം വയോവസ്ഥാമസ്പ്രക്ഷ്യേതാം'. ആ രണ്ടു രാജപുത്രന്മാരും ഉപദ്രവമില്ലാതെ വളർന്നിട്ടുണ്ടായിരുന്നുവെങ്കിൽ ഇത്ര സമയം കൊണ്ട് അവർ നിന്റെ വയോവസ്ഥയെ സ്പർശിക്കുമായിരുന്നു.

ജ്ഞാപകം — ലങ്, ലുങ്, ലൃങ് എന്നിവയിൽ ധാതുവിന്റെ മുമ്പിൽ അകാരം ആഗമം വരും.

194. വിധിക്കുള്ള ലോൾ, വിധിലിങ്, ആശീർല്ലിങ് എന്നീ മൂന്നു ലകാരങ്ങളിൽ ആദ്യത്തെ രണ്ടിനെ വൈകൃതലകാരങ്ങളിൽ വിവരിച്ചുകഴിഞ്ഞു. ആശീർല്ലിങ് പ്രത്യയങ്ങൾ ആവിതു:—

	പരസ്മൈപദം.			ആത്മനേപദം.		
1.	യാസമ്	യാസ്വ	യാസ്മ	സീയ	സീവഹി	സീമഹി
2.	യാസ്	യാസ്തം	യാസ്ത	സീഷ്ഠാസ്	സീയാസ്ഥാം	സീധ്വം
3.	യാൽ	യാസ്താം	യാസുഃ	സീഷ്ട	സീയാസ്താം	സീരൻ

നീ— നീയാസം,	നീയാസ്വ	നീയാസ്മ	നേഷീയ	നേഷീവഹി	നേഷീമഹി
കൃ— ക്രിയാൽ,	ക്രിയാസ്താം	ക്രിയാസുഃ	കൃഷീഷ്ട	കൃഷീയാസ്താം	കൃഷീരൻ
ഭൂ— ഭൂയാൽ,	ജി.	ജീയാൽ			

195. 1. ഇതു വരെ വിവരിച്ച രൂപങ്ങൾ കർത്തരിപ്രയോഗത്തിൽ ഉള്ളവയാകുന്നു. വൈകൃതലകാരങ്ങളിലേ കർമ്മണിപ്രയോഗത്തിലേ രൂപങ്ങൾ ഉണ്ടാക്കുവാനായി ധാതുക്കളോടു യവികരണവും അതിൽ പിന്നെ ആത്മനേപദലകാരപ്രത്യയങ്ങളും ചേർക്കും.

ലട്. നീ— നീയതേ, നീയേതേ, നീയന്തേ. കൃ— ക്രിയതേ ക്രിയേതേ, ക്രിയന്തേ.

ലങ്. അനീയത, അക്രിയത അബുധ്യത, അസംസ്കൃത.

ലോൾ. നീയതാം, ക്രിയതാം, ബുദ്ധ്യതാം.

വിധിലിങ്. നീയേത, ജീയേയാതം, ജീയേരൻ.

2. ഈ പ്രത്യയങ്ങൾ അകർമ്മകധാതുവിനോടു ചേൎന്നു വന്നാൽ രൂപങ്ങൾക്കു ഭാവേപ്രയോഗം എന്നു പറയും. ഇവ ക്രിയയുടെ വ്യാപാരത്തിന്റെ പ്രാധാന്യം കാണിക്കും. ഈ പ്രയോഗം ഏകവചനത്തിൽ മാത്രം വരും.

ഈശ്വരേണ ഭൂയതേ — ഈശ്വരൻ ഉണ്ടു. ബാലകൈരുദ്യതേ — ബാലകന്മാർ കരയുന്നു.

3. പ്രാകൃതലകാരങ്ങളിൽ കർമ്മണിപ്രയോഗത്തെ ഉണ്ടാക്കാൻ ധാതുവിന്റെ ആത്മനേപദരൂപങ്ങൾ ഉപയോഗിക്കും. ചക്രേ, കരിഷ്യേ, അകരിഷ്യത.

4. ലുങിൽ പ്രഥമപുരുഷൈകവചനത്തിൽ ഇ വരും. അനായി, അകാരി.

196. 1. അവ്യുൽപന്നധാതുക്കളുടെ രൂപങ്ങൾ വിവരിച്ചു കഴിച്ചു. ഇനി സനാദിധാതുക്കളുടെ രൂപങ്ങൾ പറയാം. ഇവക്കും പത്തു ലകാരങ്ങൾ ഉണ്ടെങ്കിലും ലട്ടിനെ മാത്രം ഉദാഹരിക്കും.

2. ധാതു കാണിക്കുന്ന വ്യാപാരം ചെയ്വാനുള്ള ഇച്ഛയെ കാണിപ്പാൻ ധാതുവിനോടു സപ്രത്യയം ചേർക്കും. സപ്രത്യയം പരമായാൽ ധാതുവിന്നു അ

ഭ്യാസം വരും. പോവാൻ ഇച്ഛിക്കുന്നു. ഗമ് + സ + തി = ജിഗമിഷതി; ഭു — ബുഭൂഷതി. നീ — നിനീഷതി. പഠ് — പിപഠിഷതി.

3. പ്രയോജകക്രിയകൾ ഉണ്ടാകുവാൻ ധാതുവിനോട്ട് അയവികരണം ചേൎക്കും. ഗമ് — ഗമയതി, ജൻ — ജനയതി. പാ — പായയതി, സ്ഥാ — സ്ഥാപയതി പാ — പാലയതി. ഇവയെ ണിജന്തക്രിയങ്ങളെന്നും പറയും.

4. ചുരാദിഗണത്തിൽ കേവലപ്രകൃതിക്കും പ്രയോജകപ്രകൃതിക്കും തമ്മിൽ ഭേദമില്ലാത്തതു കൊണ്ടു ഘോഷയതി എന്നതിന്നു ഘോഷിക്കുന്നു എന്നും ഘോഷിപ്പിക്കുന്നു എന്നും അൎത്ഥം കിട്ടുന്നു.

5. ഭൃശാൎത്ഥം കാണിപ്പാൻ ധാതുവിനോടു യങ് പ്രത്യയം ചേൎക്കും. ഈ യങന്തരൂപങ്ങൾ ആത്മനേപദമാകുന്നു എന്നു ങകാരം കാണിക്കും. ധാതുവിന്ന് അഭ്യാസം ഉണ്ടാകും.

ഭു — ബോഭൂയതേ, നീ — നേനീയതേ, പൽ — പാപത്യതേ, നൃൽ — നരീനൃത്യതേ.

6. യങ് ലോപിച്ചിട്ടും ഭൃശാൎത്ഥക്രിയകൾ ഉണ്ടാകും. അവയെ യങ്ലുഗന്തങ്ങൾ എന്നു പറയും. അവ പരസ്മൈപദത്തിൽ വരും.

ഭൂ — ബോഭവീതി, ബോഭോതി, ബോഭുവതി. നൃ — നരീനൎത്തി, വൃൽ — വരീവൎത്തി.

7. നാമങ്ങളിൽ നിന്നുണ്ടാകുന്ന ക്രിയകളെ നാമധാതുക്കൾ എന്നു പറയും. തനിക്കു പുത്രൻ വേണമെന്ന് ഇച്ഛിക്കുന്നു എന്ന അൎത്ഥത്തിൽ പുത്രീയതി എന്നും ശിഷ്യനെ ഗുരു പുത്രനെപ്പോലെ നടത്തുന്നു എന്ന അൎത്ഥത്തിൽ ഛാത്രം പുത്രീയതി എന്നും പറയും. ശ്യേനായതേ കാകഃ (കാക്ക താൻ പരുന്തു എന്ന പോലെ നടക്കുന്നു) അപ്സരസ്യതേ നാരീ (ഒരു സ്ത്രീ താൻ ഒരു അപ്സരസ്സ് എന്ന ഭാവത്തിൽ പ്രവൃത്തിക്കുന്നു.) പുത്രകാമ്യതി — (തനിക്കു പുത്രൻ ഉണ്ടാകേണം എന്ന് ഇച്ഛിക്കുന്നു) കൃഷ്ണതി — കൃഷ്ണായതേ. നമസ്യതി. തപസ്യതി.

8. സംസ്കൃതപദങ്ങളെ വ്യാഖ്യാനിക്കുമ്പോൾ കേരളീയർ അവയെ സംസ്കൃതരീതിയിൽ വ്യാകരിക്കുകയാണു ചെയ്യുന്നതു. ഉദാ. കേരളീയഭാഷാശാകുന്തളവ്യാഖ്യാനം (1894). "ആളൌ സ. ഏ. ആളിയിൽ." "ഭൂതാനാം ഷ. ബ. ഭൂതങ്ങളുടെ!" "അവതു ലോൽ. പ. പ്ര. ഏ. അവനം ചെയ്യട്ടെ. ഭവന്തി. ലൽ. പ. പ്ര. ബ. ഭവിക്കുന്നു."

9. ഈവിധം സൎവ്വത്ര കണ്ടു വരുന്ന വ്യാഖ്യാനത്താൽ വിദ്യാൎത്ഥികൾ കൃതകൃത്യരാകുന്നതായാൽ സംസ്കൃതവ്യാകരണഭാഗങ്ങൾ ഇതിൽ ചേൎത്തതു നിഷ്പ്രയോജനം തന്നെ. എന്നാൽ വ്യാഖ്യാതാവ് അവൎക്കു സംസ്കൃതവ്യാകരണം അറിയാമെന്നു

വിശ്വസിച്ചും ഗ്രന്ഥവിസ്താരം ഭയപ്പെട്ടും ഇങ്ങനെ പ്രവൃത്തിച്ചതാണു. അതു കൊണ്ടു ലട്ടും ലോട്ടും എന്തെന്നു ഗ്രഹിക്കാതെ വ്യാഖ്യാനത്തെ മാത്രം ശരണം പ്രാപിക്കുന്നവൎക്കു് ആത്മവഞ്ചന ചെയ്ത പാപം ഉളവാകും എന്നു വിശ്വസിച്ചു സംസ്കൃതവ്യാകരണം അവിടവിടെ ചേൎത്തിരിക്കുന്നു.

പരീക്ഷ 184—196.

താഴെ വരുന്നവയിലെ ലകാരങ്ങളുടെ സ്വഭാവവും അൎത്ഥവും പറക.

1. വാരിജവിലോചന ശൃണു മേ വചനം നീ വീര നിൻ വിരഹം ഞാൻ വിഷഹേ **കഥമിദാനീം**. 2. ഹന്ത തവ യദി ഭവതി ഭുജബലമധികചടുലം സമരമയി കുരു. 3. താവകീനപദകമലഭക്തിരസ്തു ശാശ്വതീ. 4. ജയ ജയ ജഗദാധാര കൃപാലയ. 5. ഏതാദിമൂൎത്തിഭിശ്ശോഭിതനവനവതു ഭവാന്മാരേയക്ഷ്മാദിരീശൻ. 6. നഗപതിനന്ദിനിതൻപതിം സ്മരാമി. 7. യാതീഹ മുൻപെട്ടു വപുസ്സു മാത്രം ചേതസ്സു പശ്ചാദവശം പ്രയാതി. 8. അവിഘ്നമസ്തു. കൎപ്പൂരം നാസ്തീയാസ്ത്രം. 9. ഏഹി മാഗധേന്ദ്ര ഭോ വീരനെങ്കിൽ നീ. 10. രുധിരപടലം സപദി ചടുലം വിസൃജാമ്യലം ||

III. വ്യുൽപന്നശബ്ദാധികാരം.

(a) കൃൽപ്രകരണം.

197. 1. കൃത്തു, തദ്ധിതം, സമാസം എന്നു മൂന്നു വിധം വ്യുൽപന്നശബ്ദങ്ങളിൽ കൃത്തു സിദ്ധക്രിയയാകുന്നു. വ്യാപാരം, കാലം, പുരുഷൻ, ലിംഗം, വചനം എന്ന ആഖ്യാതലക്ഷണമുള്ളതു പൂൎണ്ണക്രിയയും എല്ലാമില്ലാത്തതു അപൂൎണ്ണക്രിയയും ആകുന്നു. ഇവ രണ്ടും വ്യാപാരം നടന്ന ക്രമം (പൂൎവ്വാപരീഭാവം) കാണിക്കുന്ന **സാദ്ധ്യക്രിയകളും** വെറും വ്യാപാരം മാത്രം കാണിക്കുന്നതു **സിദ്ധക്രിയകളും** ആകുന്നു. സിദ്ധക്രിയകൾ ഉണ്ടാക്കാനുള്ള പ്രത്യയങ്ങളാകുന്നു **കൃത്തുകൾ** (163 നോക്കു).

2. വെറും പ്രത്യയങ്ങളെ വാക്യത്തിൽ പ്രയോഗിക്കാറില്ലെങ്കിലും കൃത്തു് എന്നതിന്നു കൃൽപ്രത്യയവും തദന്തനാമവും എന്ന അൎത്ഥമുണ്ടു. കൃൽപ്രത്യയാന്തനാമത്തെ **കൃന്നാമം** എന്നു പറയും.

3. വ്യാപാരം മാത്രം കാണിക്കുന്ന കൃത്തു **കൃതികൃത്തും**, കൎത്താവു, കൎമ്മം, കരണം, അധികരണം എന്ന കാരകങ്ങളിൽ ഒന്നിനെക്കാണിക്കുന്നതു **കാരകകൃത്തും** ആകുന്നു. (201.)

a. കൃതികൃത്തു. അടർ, ഇണക്കം, എരിവു, ഉണങ്ങൽ, കതി, കയറു.

b. കാരകകൃത്തു. ഇണങ്ങൽ, കതിര, ഇരപ്പൻ, ഈരിപ്പു, തിന്നി, ഉഴപ്പൽ.

198. വ്യുൽപത്തിപ്രകാരം കൃന്നാമങ്ങൾ മൂന്നു വിധമാകുന്നു.

(a) പ്രത്യയം ചേൎക്കാതെ നാമമായും ഉപയോഗിക്കാവുന്ന ധാതുക്കളെ **ധാതുകൃത്തുകൾ** എന്നും (b) നാമങ്ങളായി ഉപയോഗിക്കുന്ന ക്രിയാപ്രകൃതികളെ **സപ്രകൃതികങ്ങൾ** എന്നും (c) കൃൽപ്രത്യയങ്ങൾ ധാതുക്കളോടു ചേൎന്നുണ്ടാകുന്നവയെ **പ്രത്യയാന്തങ്ങൾ** എന്നും പറയും.

ധാതുകൃത്തു. അടി, ആടു, ഇടി, കടി, കടി, കറി, കെട്ടു, കേട്ടു, കേടു, ചതി, ചവിട്ടു, ചീന്തു, തടി, പക, പോരു, മുടി, മുള, മുറി, വള, വിള.

199. 1. സപ്രകൃതികൾ എന്ന കൃത്തു രണ്ടു വിധമാകുന്നു. (a) ധാതുക്കളുടെ വൎണ്ണങ്ങൾ മാറിയുണ്ടായവ **വൈകൃതധാതുക്കളും** (b) ധാതുക്കളോടു വികരണങ്ങൾ ചേൎന്നുണ്ടായവ **വികരണാന്തങ്ങളും** ആകുന്നു. ഇവ രണ്ടിനോടും കൃൽപ്രത്യയങ്ങൾ പിന്നെയും ചേരും.

2. വൈകൃതധാതുക്കളിൽ ചിലതിന്നു ധാതുസ്വരം ദീൎഘിക്കയും ചിലതിൽ അന്ത്യവ്യഞ്ജനം ഇരട്ടിക്കയും ചിലതിന്നു ധാതുമദ്ധ്യത്തിൽ അനുനാസികം വരികയും ചെയ്യും. (147. 2.)

a. ധാതുസ്വരദീൎഘം. ഇടു-ഈടു, ഉടു-ഊടു, ഉൺ-ഊൺ, കെടു-കേടു, ചുടു-ചൂടു, നടു-നാടു, പടു-പാടു, പഴ്-പാഴ്, പൊരു-പോരു, മുടു-മൂടു.

അർ-ആറ് (+ഉയിർ), കരു-കാർ (+മേഘം), ചെവ്-ചേവ് (+അടി), നിടു-നീഴ് (+കണ്ണാൽ) മുതലായവയിൽ ധാതുദീൎഘത്വത്താൽ ജനിച്ച ഗുണവചനങ്ങൾ സമാസത്തിൽ വരും.

b. ധാതുവിന്റെ അന്ത്യവ്യഞ്ജനത്തിന്നു ദ്വിത്വം — ഇതു ക, ടു, റു എന്നിവയിൽ അവസാനിക്കുന്ന നാമങ്ങൾക്കു വരും. ടു റു എന്നിവയുടെ ദ്വിത്വം തു പ്രത്യയത്താൽ ഉണ്ടായതെന്നു് ഒരു പക്ഷവും ഉണ്ടു. (147. 2.)

ക. പോകു-പോക്കു, ഒഴുകു-ഒഴുക്കു.

ടു. ആടു-ആട്ടു, പാടു-പാട്ടു.

റു. ഈറു-ഈററു, കീറു-കീററു, ചിറു-ചിററു, ചുറു-ചുററു, കുറു-കുററു, പറു-പററു.

c. അനുനാസികാഗമം (147. 2.) (a) പക-പങ്കു, തുക-തുങ്ങു, തൊകൽ-തൊങ്ങൽ, പറിങ്ങു. (b) തച്ചു-തഞ്ചു (തഞ്ചം). നച്ചു-നഞ്ചു-നഞ്ഞു. (c) അ

രിമ്പു, അറുമ്പു, കലമ്പു, കറുമ്പു, കശുമ്പു, കെടമ്പു, കൊമ്പു, ചിനമ്പു, ചിലമ്പു, തരുമ്പു, നോമ്പു, മടമ്പു, വലിമ്പു, വേമ്പു.

4. അബലക്രിയകളിൽ ങ്ങു ക്കുവായും ബലക്രിയകളിൽ ക്ക പ്പുവായും മാറും. ഈ വികരണാന്തകൃത്തുകളോടു പിന്നെയും കൃൽപ്രത്യയങ്ങളും ചേരും.

a. ങ്ങു. അടങ്ങു — അടക്കം; അനങ്ങു — അനക്കം; ഇറങ്ങു — ഇറക്കു — ഇറക്കം; ഉറങ്ങു — ഉറക്കു — ഉറക്കം; ഉണങ്ങു — ഉണക്കം. ഒതുങ്ങു — ഒതുക്കം; കലങ്ങു — കലക്കു — കലക്കം; ചതുങ്ങു — ചതുക്കു, തിളങ്ങു — തിളക്കു — തിളക്കം.

b. ക്ക, പ്പു. അടക്ക — അടപ്പു — അടപ്പം; അയക്ക — അയപ്പു; അറിയിക്ക — അറിയിപ്പു; ആക്ക — ആപ്പു; ഇരക്ക — ഇരപ്പു; ഉളുക്ക — ഉളുപ്പു; ഒക്ക — ഒപ്പു — ഒപ്പം; എതിക്ക — എതിപ്പു; കറുക്ക — കറുപ്പു; കിടക്ക — കിടപ്പു. കിളക്ക — കിളപ്പു, കിഴിക്ക — കിഴിപ്പു; കൈക്ക — കൈപ്പു, ചുകക്ക — ചുകപ്പു.

ജ്ഞാപകം. അംപ്രത്യയം വരുന്നവയെ മേലുദാഹരണങ്ങളിൽ ചേൎത്തിട്ടുണ്ടു. ഇതു് ഇന്ന പ്രകൃതികളിലേ വരുകയുള്ളൂ എന്നു നിയമിക്കാൻ സാധിച്ചിട്ടില്ല.

200. ധാതുക്കളോടോ പ്രകൃതികളോടോ ചേരുന്ന കൃൽപ്രത്യയങ്ങളെ താഴെ ചേൎത്തുദാഹരിച്ചിരിക്കുന്നു. ഇവയിൽ ചിലതു കൃന്നാമങ്ങളോടും ചേരുന്നതു കൊണ്ടു് അവ തദ്ധിതപ്രത്യയങ്ങളും ആകുന്നു.

1. **അ.** അറു + അ = അറ; ഉരുള; ഊട; ഊറ; ഓട, കരവ, കരള; ചുരുള, ചുറ, ചുടല, ചൂട്ട, പാററ; പരവ, പറവ, വെള്ള, നാട്ട.

2. **അൻ.** അമുക്കൻ, എഴ്യൻ, കക്കൻ, കലിയൻ, തുള്ളൻ, മുഴവൻ.

3. **അമ്.** വികരണാന്തങ്ങളിൽ ചേരുന്ന ഈ പ്രത്യയങ്ങളെ (199, 4ൽ) ഉദാഹരിച്ചു കഴിഞ്ഞു. ധാതുക്കളോടു ചേരുന്നവയെ മാത്രം ഇപ്പോൾ ഉദാഹരിക്കും.

അകൽ + അം = അകലം; അറം, അളുക്കം, അഴക്കം, ആട്ടം, ഓളം, ഓടം, കള്ളം, തക്കം.

4. **അർ**—അടർ, ഇടർ, പുലർ, വളർ, വിടർ.

5. **അല്** — ദ്രാവിഡഭാഷകൾക്കു സാമാന്യമായ ഈ പ്രത്യയത്തിന്നു ഭാഷയിൽ വളരെ പ്രാചുൎയ്യമുണ്ടു. ബലാബലപ്രകൃതികളിൽ ചേരുന്ന ഈ പ്രത്യയം 199. 4ലിലേ പ്പുപ്രത്യയത്തോടു ചേരില്ല.

ബലക്രിയ — ആട്ടുകൽ, ഉളുക്കൽ, കരിക്കൽ, തിക്കൽ, നുള്ളൽ.

അബലക്രിയ — അഞ്ചൽ, അണിയൽ, അരമ്പൽ, ആടൽ, കരുതൽ, കൃകൽ, ചാറൽ, ചാററൽ, തീണ്ടൽ, നീറുതൽ, പറയൽ, മറയൽ.

ണ്യവികരണം — അടങ്ങൽ, ഓങ്ങൽ, തുടങ്ങൽ.

വ്യുൽപന്നധാതുക്കളോട് അല് ചേരുമ്പോൾ പ്രകൃത്യർത്ഥം മാറുകയില്ല.

നീങ്ങൽ — നീക്കൽ, നീളൽ — നീട്ടൽ, പൊങ്ങൽ — പൊക്കൽ, കളിക്കൽ — കളിപ്പിക്കൽ.

ചൂരൽ, മടൽ മുതലായവയിലേ അൽപ്രത്യയം ഇപ്പോൾ ഭാഷയിൽ നഷ്ടമായിപ്പോയ ധാതുക്കളെ കാണിക്കുന്നു.

6. അൾ — കരൾ, കുരൾ, കുറൾ.

7. ആൻ — അകപ്പാൻ, തട്ടാൻ, മുറുക്കാൻ, പൊരിയാൻ.

8. ഇ. (a) ഉരുളി, ഒളി, കേളി, ചുഴലി, ചൂഴി, നാട്ടി, നുള്ളി, നൊയി, പിരളി, മിന്നി.

(b) കൊല്ലി, തിന്നി, തെണ്ടി, തെയ്യമ്പാടി, നായാടി, നക്കി, നൊണ്ടി പെറുക്കി, പോററി, പോററി, വാഴി.

കർത്തൃവാചികളായ കാരകകൃത്തുകൾ സാധാരണമായി സമാസാന്തത്തിൽ വരും.

നായാടി, മരംചാടി, താന്തോന്നി, നിലന്തല്ലി, കളന്തീണ്ടി, അമ്പലം മിഴുങ്ങി. ഇവയിൽ ചിലതു നിത്യസമാസങ്ങളായ സാംജ്ഞകളാകുന്നു (27. 2.) നായാടി, കുന്നുവാഴി, വാഴുന്നോർ.

9. ഇച്ച — ഇതിലേ ഇകാരം പ്രത്യയത്തെ പ്രകൃതിയോടു ചേർപ്പാനുള്ള സന്ധായകമാകുന്നു. (18. 1.)

അകലിച്ച, വിള്ളിച്ച. (200. 15.)

10. ഇൽ — നടിൽ മാച്ചിൽ, വെളിച്ചിൽ.

11. ഇൾ — കരിൾ, കുമ്പിൾ.

12. ഉതു — ഈ പ്രാചീനനിദർശകസർവ്വനാമം ഇപ്പോൾ പ്രത്യയമായി ചില പദങ്ങളിൽ മാത്രം ശേഷിച്ചിരിക്കുന്നു.

കറുതു, ചെറുതു, പുതുതു, വലുതു, മുഴുതു.

13. ഉൾ — അരു + ഉൾ = അരുൾ, കരുൾ, പൊരുൾ.

14. ച — മദ്ധ്യമങ്ങളിൽ അവസാനിക്കുന്ന അബലക്രിയകളോടു ചേരുന്ന ചപ്രത്യയം തപ്രത്യയവികാരമല്ല. താലവ്യസ്വരത്തിൻ പിന്നിൽ വരുന്ന തകാരം ചകാരമാകും.

രേഫാന്തധാതുക്കൾ — അകിർച്ച, അമർച്ച, അലർച്ച, ഇടർച്ച, ഈർച്ച, ഉണർച്ച, ഉതിർച്ച, ഉലർച്ച, ഓർച്ച, കലർച്ച, കിളർച്ച, കതിർച്ച, ചാർച്ച, ചുഴർച്ച, തകർച്ച, തളർച്ച, തീർച്ച, തുടർച്ച, നുകർച്ച, പുലർച്ച, പുണർച്ച, മലർച്ച, മുതിർച്ച, മൂർച്ച, വളർച്ച, വിളർച്ച.

ലാന്തധാതുക്കൾ — അകല, കാൽച്ച, ചുഴൽച്ച.

ളാന്തധാതുക്കൾ — ഉരുൾച്ച, മീൾച്ച, മുരൾച്ച, വറൾച്ച, വീൾച്ച.

ഴാന്തധാതുക്കൾ, അകഴ്ച, താഴ്ച, പുകഴ്ച, വാഴ്ച, വീഴ്ച.

കാൺ + ച = കാഴ്ച.

15. തം. പ്രത്യയാദിതകാരത്തിന്നു ദ്വിത്വം, താലവ്യാദേശം, മൂർദ്ധന്യാദേശം, റകാരം മുതലായ വികാരങ്ങൾ വരും.

i. തം-ത്തം. അളത്തം, പിടിത്തം = പിടുത്തം, നടത്തം, പൊരുത്തം, വരുത്തം മഞ്ഞിതം = മഞ്ഞ+ഇ+തം. ഇടക്കു വന്ന ഇ സന്ധായകമാകുന്നു. (200, 9.)

ii. തം – ച്ചം. മിച്ചം, വെളിച്ചം.

iii. തം – ട്ടം. കൂട്ടം, വാട്ടം, നേട്ടം, ചാട്ടം, ആട്ടം.

നോക്കു = നോ(ൾ)+ക്കു (നോൾ = നോട്ടു കണ്ണാടകം), നോൾ+തം = നോട്ടം, ഉരുൾ+തു = ഉരുട്ടു.

iv. തം – റ്റം. ആറ്+തം = ആറ്റം, ഈറ്റം, കുറ്റം, ചീറ്റം, തോറ്റം (= തോറ്+തം), പരിമാറ്+തം = പരിമാറ്റം; മാറ്+തം = മാറ്റം, ഏറ്റം.

16. തൽ ഇതിന്നും തപ്രത്യയവികാരങ്ങൾ ഉണ്ടാകും.

i. തൽ-ത്തൽ അത്തൽ, കാഴ്ത്തൽ-കാതൽ, പൂതൽ, വിടുതൽ, പരത്തൽ, പൊരുത്തൽ.

ii. തൽ-ച്ചൽ. അടിച്ചൽ, അണച്ചൽ, അയച്ചൽ, അലിച്ചൽ, അഴിച്ചൽ. ഇടച്ചൽ, ഇടിച്ചൽ, ഇരച്ചൽ, ഇളച്ചൽ, ഇഴച്ചൽ, ഉറച്ചൽ, ഒഴിച്ചൽ, കടച്ചൽ, കനിച്ചൽ, കരച്ചൽ, കളിച്ചൽ, കഴിച്ചൽ, കിടച്ചൽ, കിറച്ചൽ, കുടച്ചൽ, കുറച്ചൽ, കൊഴിച്ചൽ, ചരിച്ചൽ, ചവച്ചൽ, ചീച്ചൽ, ചീവൽ, ഞെരിച്ചൽ, തടച്ചൽ, തികച്ചൽ, തിരച്ചൽ, തിരിച്ചൽ, തെളിച്ചൽ, തേച്ചൽ, നടിച്ചൽ, നനച്ചൽ, പരച്ചൽ, പറച്ചൽ, പുകച്ചൽ, പികച്ചൽ, പിടച്ചൽ, പിണച്ചൽ, പിരിച്ചൽ, പുളച്ചൽ; പൊരിച്ചൽ, പൊലിച്ചൽ, പൊളിച്ചൽ, മടച്ചൽ, മറിച്ചൽ, മാച്ചൽ, മിടച്ചൽ, മുറിച്ചൽ, മുഷിച്ചൽ, മേച്ചൽ, മൊരിച്ചൽ, വകച്ചൽ, വരച്ചൽ, വരിച്ചൽ, വളച്ചൽ, വിരിച്ചൽ, വിളച്ചൽ.

ഭൂതരൂപങ്ങളോട്ട് അൽപ്രത്യയം ചേൎന്ന് ഈ കൃദന്തങ്ങൾ ഉണ്ടായി എന്നു വിധിച്ചാൽ ദോഷമെന്തു?

iii. തൽ – ട്ടൽ, കൂട്ടൽ, നീട്ടൽ, നെട്ടൽ.

iv. തൽ – റ്റൽ, ചാറ്റൽ, നീറ്റൽ, നൂറ്റൽ, പാറ്റൽ, വറ്റൽ.

17. തി അരിത്തി, അയത്തി, അറുതി, കറ്റി, ഉറുതി, കെട്ടുതി, ചുഴറ്റി, ചെയ്തി (= ചേതി) പകുതി (= പാതി), പട്ടുതി, പൊറുതി, തകൃതി, തൊട്ടുതി, നന്നി, പൊങ്ങത്തി, മറതി, മികതി, വറുതി, വരുതി, വാഴ്ത്തി, വിട്ടുതി, വീച്ചി, വെറ്റി = വെന്നി.

ജ്ഞാപകം. നല്+തി എന്നതിൽ നിന്നുണ്ടായ നൻറി എന്നതു ഭാഷയിൽ നന്നി എന്നായി. ഇതു സംസ്കൃതമെന്നു വിചാരിച്ച നന്ദി എന്നു തെറ്റായി എഴുതും. പല്+തി = പൻറി = പന്നി എന്നല്ലാതെ പന്ദി എന്നല്ല.

18. i. ത്തു-ത്തു ഉഴത്തു ഊത്തു, എയ്ത്തു, എഴുത്തു, ഓത്തു, കൂത്തു, കൊയ്ത്തു, നിരത്തു, നെയ്ത്തു, പരത്തു, പെയ്ത്തു, ചൊല്ത്തു, ചൊല്ലുത്തു, താഴ്ത്തു, തിരുത്തു, പൊയ്ത്തു, പൊരുത്തു, വറത്തു, വേത്തു.

ii. ച്ചു-ച്ചു. വീച്ചു.

iii. ട്ടു-ട്ടു. ഇരുട്ടു്, ഉരുട്ടു്, കരുട്ടു, കൂട്ടു, പൊരുട്ടു, നീട്ടു.

iv. റ്റു-റ്റു. ഊറ്റു, കീറ്റു, ചുഴറ്റു, മയറ്റു, വാറ്റു.

19. പു. 20. പം ഇവ രണ്ടും പ്രകൃതിജങ്ങളിൽ ചേൎന്നവ തന്നെ. അവ ബലക്രിയകളിൽ വരും. പ്രകൃതികൾ അല്ലാത്തവയോടു കൂടി വന്നവക്കുദാഹരണങ്ങൾ:—

a. അരുമ്പു, ഇറമ്പു, കണിപ്പു, ചളിപ്പു, തൺപു, താഴ്പ്പു, പൂൺപു, മുരുപ്പു, മുൻപു, പിൻപു, വമ്പു, വായ്പ്പു, വാഴ്പ്പു, വീഴ്പ്പു, വെളുപ്പു.

b. എളുപ്പം.

21. മ അരിമ, അരുമ, ഇനിമ, ഇളമ, ഉടമ, ഉണ്മ, ഉതിൎമ്മ, ഉഴമ, എഴുമ, ഒണ്മ, ഒരുമ, ഓൎമ്മ, കതിൎമ്മ, കരിമ, കൂൎമ്മ, കോന്മ, കോയ്മ, ചീൎമ്മ, ചെറുമ, തണ്മ, തെളിമ, നന്മ, നിലമ, മേണ്മ, നേൎമ്മ, പശിമ, പഴമ, പാഴമ, പുതുമ, പെരിമ = പെരുമ.

ഇല്ലായ്മ, അല്ലായ്മ, വല്ലായ്മ, അരുതായ്മ, അറിയായ്മ, ആകായ്മ, പോരായ്മ, പോകായ്മ, ഇത്യാദികൾ നിഷേധപ്രകൃതികളോടു മ ചേൎന്നുണ്ടായവ തന്നെ.

ജ്ഞാപകം. ഭാവവാചകമായ ആയ്മ എന്നതു നാമങ്ങളോടു ചേരുന്ന തദ്ധിതമാകുന്നു. മലയായ്മ, ഊരായ്മ, കാരായ്മ. (209. 2.)

22. മനം—കരുമന.

23. മാനം—ചേരുമാനം, തീരുമാനം, പിടിമാനം, തേമാനം.

24. വി. ഉപവി, ഉലവി, കേൾവി = കേളി. പിറവി. മറവി. തോല്വി.

25. വു. അണവു, അണിവു, അയവു, അരവു, അറിവു, അലിവു, അളവു, അഴിവു, ഉണർവു, ഉറവു, ഉളവു, ഉഴവു, എരിവു, ഒടിവു, ഒളിവു, ഒഴിവു, കടവു, കനിവു, കരിവു, കറവു, കളവു, കുറവു, ചരവു, ചരിവു, ചിരവു, ചുരവു, ചുളിവു, ചുഴവു, ചുഴിവു, ചെരിവു (= ചരിവു), ഞെളിവു, തടവു, തണവു, തികവു, തുനിവു, തുരവു, തുറവു, തെരിവു, നിനവു, നിരവു, നിറവു, നിലവു, നലവു, നേർവു, പടിവു, പതിവു, പറിവു, പിരിവു.

വു എന്നതിന്നു പകരം ഉ എന്നതിനെ പ്രത്യയമായ്ഗ്രഹിച്ചാൽ എന്താണു ദോഷം? ഏതു വിധം ധാതുക്കളിൽ ഈ പ്രത്യയം വരും?

201. 1. മേലുദാഹരിച്ച രൂപങ്ങളിൽ വ്യാപാരാർത്ഥകങ്ങളായവ കൃതികൃത്തുകളാകുന്നു. കർത്താവു, കർമ്മം, കരണം, അധികരണം എന്ന അർത്ഥങ്ങളെ വിശേഷിച്ചു പറയുന്നവ കാരകകൃത്തുകൾ ആകുന്നു.

a. കർത്തൃകാരകം – അമുക്കൻ, അഴിച്ചൽ, ഇരപ്പൻ, ഉരുട്ടു, ഉരുള, ഉറവു, ഓടം, ചീപ്പു, ചെലവു, തട്ടാൻ, തിന്നി, തൊങ്ങൽ, തുള്ളൻ, തെണ്ടി, നക്കി, നൊണ്ടി, പടപ്പു, പിഴക്കൻ, പെറുക്കി, പോററി, മാററാൻ, മിന്നൽ, മുടിയൻ, വരവു, വാഴി, വാഴ്ത്തി, വിളമ്പൻ.

b. കർമ്മകാരകം. ഇതിൽ വ്യാപാരത്തിന്റെ ഫലവും അടങ്ങും.

അണിവു, അരവു, അരിപ്പു, അറുപ്പു, അലക്കു, നുള്ളി, ഉരുക്കു, ഊൺ, കഴിപ്പു, കാഴ്ച, കുത്തു, കേൾവി, കൊയ്ത്തു, ചീന്തു, ചുരുൾ, തിരിവു, തിരുത്തു, തേവു, തേമാനം, തുപ്പൽ, പിടി, പിടിത്തം, പിരിപ്പു, പിരിവു, മാററു, മെഴുക്കൻ, വലിപ്പു, വീക്കം.

c. കരണകാരകം, അരപ്പു, അറിയിപ്പു, കടവു, കിലുക്കു, കോരൽ, ചിരവു, ചുരവു, ചിലമ്പു, ചുരുട്ടു, തുരപ്പൻ, തുരപ്പണം, നാവു (നാക്കു), പൊത്തൽ, മാച്ചൽ (മാച്ചിൽ), മുടക്കൻ, മേച്ചൽ.

d. അധികരണം. കഴിപ്പൻ, ചുടർ, ചുടല, ചുമൽ, തണൽ, തുപ്പുന്നതു, പാപ്പു, പൊരിപ്പൻ, മേച്ചൽ.

2. സിദ്ധക്രിയകളുടെ കർത്താവും കർമ്മവും ഷഷ്ഠിയിൽ വരും.

കർത്തൃകാരകം രാമന്റെ വായന, കൃഷ്ണന്റെ പാട്ടു, കുട്ടിയുടെ കരച്ചൽ, പുഴയുടെ ഒഴുക്കു.

കർമ്മകാരകം – കഥയുടെ തുടച്ച, രാവണന്റെ വധം.

3. അകർമ്മകധാതുക്കളിൽ നിന്നുണ്ടായ കൃന്നാമങ്ങളോട് അന്വയിക്കുന്ന ഷഷ്ഠി കർത്തൃഷഷ്ഠിയും സകർമ്മകധാതുക്കളുടെ കൃന്നാമങ്ങളോട് അന്വയിക്കുന്ന ഷഷ്ഠി കർത്തൃഷഷ്ഠിയോ കർമ്മഷഷ്ഠിയോ ആയിരിക്കും.

ക്രിയാനാമങ്ങളോട് ആകധാതു ചേൎന്നുണ്ടാകുന്ന പോകാം, ഇരിക്കാം, പഠിക്കാം എന്നിവക്കു പകരം പ്രാചീനമലയാളത്തിൽ പോകലാം, ഇരിക്കലാം, മുതലായവയെ പ്രയോഗിച്ചിരുന്നു.

പരീക്ഷ 197 — 201.

1. കൃദന്തമെന്നാൽ എന്ത്? 2. കൃന്നാമത്തിന്നും അപൂൎണ്ണക്രിയയിലെ ക്രിയാനാമത്തിന്നും തമ്മിൽ ഭേദമെന്ത്? 3. കൃൽപ്രത്യയങ്ങളെപ്പറ്റി പറക. 4. തം, അവു, വു, പ്പു എന്നീ പ്രത്യയങ്ങളിൽ അവസാനിക്കുന്ന ചില കൃദന്തനാമങ്ങളെപ്പറ്റി പറക. 5. അൻപ്രത്യയത്തിൽ അവസാനിക്കുന്ന ചില കൃദന്തങ്ങൾ പറക. 6. താഴെ ചേൎത്ത കൃദന്തങ്ങളിലെ പ്രത്യയങ്ങളേയും ധാതുക്കളേയും വേർതിരിച്ചു കാണിക്കുക. അവയെ രൂപപ്രകാരം വിഭജിക്കുക.

അകല്ച, അടക്കം, അടപ്പു, അണച്ചൽ, അരുമ, അറിയിപ്പു, അറുതി, അലക്കു, അലച്ച, ആടൽ, ആട്ടം, ഇടച്ചൽ, ഇടച്ച, ഇണക്കം, ഊട്ടു, ഉണ്മ, ഉറപ്പു, എടുപ്പു, ഓട്ടം, തേമാനം, അടക്കൽ.

7. കൃതികൃത്തും കാരകകൃത്തും വിവരിച്ചുദാഹരിക്കുക. 8. കാരകകൃത്തിന്റെ വിഭാഗങ്ങളെക്കാണിച്ചുദാഹരിക്ക. 9. സാദ്ധ്യക്രിയ, സിദ്ധക്രിയ ഇവയെ വിവരിച്ചുദാഹരിക്കുക.

(b) സംസ്കൃതകൃൽപ്രകരണം.

202. സംസ്കൃതത്തിലെ ശബ്ദന്യൂനങ്ങൾ വിശേഷ്യനിഘ്നങ്ങളും ക്രിയാന്യൂനങ്ങൾ രൂപഭേദമില്ലാത്ത അവ്യയങ്ങളും ആകുന്നു. സംസ്കൃതത്തിൽ അപൂൎണ്ണക്രിയകളെല്ലാം കൃത്തുകളാകുന്നു. ത്രികാലങ്ങളേയും കാണിപ്പാൻ ശബ്ദന്യൂനങ്ങൾ കൎത്തരിപ്രയോഗത്തിലും കൎമ്മണിപ്രയോഗത്തിലും ഉണ്ടു. ആത്മനേപദപരസ്മൈപദരൂപഭേദങ്ങളും ഉണ്ടു.

1. പരസ്മൈപദത്തിലെ ലട് പ്രഥമപുരുഷബഹുവചനത്തിന്റെ ഇ കളഞ്ഞാൽ കിട്ടുന്നതു വൎത്തമാനശബ്ദന്യൂനം (ശത്രന്തം).

ഭവന്തി – ഭവന്ത്, സന്തി – സന്ത്, ബൃഹതി – ബൃഹത്. ഇവ സൎവ്വനാമസ്ഥാനം പരമായാൽ വരുന്ന രൂപങ്ങൾ ആകുന്നു. ഭവന്ത് + സ് = ഭവൻ (സംസ്കൃതത്തിൽ സംയോഗത്തിൽ പദം അവസാനിക്കയില്ല. ഒരു ഹല് ശേഷിക്കും). ഭവൻ, ഭവന്തൌ, ഭവന്തഃ, ഭവന്തം, ഭവന്തൌ, ഭവതഃ. ഗച്ഛത്തു, സത്തു, ബൃഹത്തു, ദീവ്യത്തു, ചോരയത്തു മുതലായ നപുംസകരൂപങ്ങളെ ഭാഷയിൽ പുല്ലിംഗങ്ങളായും പ്രയോഗിക്കും. സ്ത്രീലിംഗത്തിൽ ഈ വരും. ഗച്ഛന്തീ, സതീ, ബൃഹതീ, ദീവ്യന്തീ, ചോരയന്തീ, തുദതീ, തുദന്തീ, യാതീ, യാന്തീ.

2. അകാരാന്തവും ആകാരാന്തവും ആയ പ്രകൃതികളിൽ മാനപ്രത്യയം ചേൎന്ന് ആത്മനേപദത്തിലേ വൎത്തമാനശബ്ദന്യൂനം ഉണ്ടാകും. മറ്റു പ്രകൃതികളിൽ ആനപ്രത്യയം വരും (ഇതിനെ ശാനച് എന്നു സംസ്കൃതത്തിൽ പറയും). സ്ത്രീലിംഗത്തിൽ ആ വരും.

മാന – വന്ദമാനൻ, ഈക്ഷമാണൻ, പ്രേക്ഷ്യമാണൻ, ദയമാനൻ, യുദ്ധ്യമാനൻ.

ആന – ശയാനൻ, കൎവ്വാണൻ, തന്വാനൻ, സുന്വാനൻ, ദധാനൻ, ശൃണ്വാനൻ.

സ്ത്രീ – വന്ദമാനാ, കൎവ്വാണാ, തന്വാനാ, ശയാനാ, ദധാനാ ശൃണ്വാനാ.

3. ഭാവിപ്രകൃതിയോടു പരസ്മൈപദത്തിൽ അത്തും ആത്മനേപദത്തിൽ മാനവും ചേൎന്നു ഭാവിശബ്ദന്യൂനങ്ങൾ ഉണ്ടാകും.

അൽ – ഗമിഷ്യൽ, ഭവിഷ്യൽ, പതിഷ്യൽ, ത്യക്ഷ്യൽ, ഇത്യാദി ക്ലീബരൂപങ്ങൾ. ഇവയേയും പുല്ലിംഗങ്ങളായി പ്രയോഗിക്കും.

മാന – ഗമിഷ്യമാണൻ, ജേഷ്യമാണൻ, നേഷ്യമാണൻ, ത്യക്ഷ്യമാണൻ.

സ്ത്രീലിംഗത്തിൽ ഗമിഷ്യതീ, ഗമിഷ്യന്തീ, ഗമിഷ്യമാണാ, ത്യക്ഷ്യമാണാ.

4. ധാതുവിനോടു യപ്രത്യയം ചേൎത്തുണ്ടാകുന്ന പ്രകൃതിയോടു മാനപ്രത്യയം ചേൎത്താൽ കൎമ്മണിപ്രയോഗത്തിലേ വൎത്തമാനശബ്ദന്യൂനമാകും.

നീ + യ + മാനം — നീയമാനം. ത്യജ് + യ + മാനം — ത്യജ്യമാനം. ആശ്രി + യ + മാനം = ആശ്രീയമാണം; കൃ + യ + മാനം = ക്രിയമാണം.

203. 1. ലിട്ടിൽ പരസ്മൈപദത്തിൽ വസ് (ക്വസു) പ്രത്യയവും ആത്മനേപദത്തിൽ ആനപ്രത്യയവും ചേൎന്ന ഭൂതശബ്ദന്യൂനം ഉണ്ടാകും. ആന കൎമ്മണിപ്രയോഗത്തിലും വരും. വസ് പുല്ലിംഗത്തിൽ വാനും സ്ത്രീലിംഗത്തിൽ ഉഷിയും നപുംസകത്തിൽ വത്തുമായ്മാറും.

ക്വസു — ചകൃവസ്സ് (ക്ലീ) — ചകൃവാൻ (പു). ചക്രുഷീ (സ്ത്രീ); വിദ്വസ്സ്, വിദ്വാൻ — വിദുഷീ. ഉപേയിവസ്സ് — ഉപേയിവാൻ — ഉപേയുഷീ. ഊചിവാൻ — ഊചുഷീ (സ്ത്രീ). വച് ധാതുവിനോടു വസ് പ്രത്യയം ചേരുമ്പോൾ ഇ ആഗമം വരും — വച് + ഇ + വസ് ലിട്ടാകയാൽ ധാതുവിന്ന് അഭ്യാസം വന്നു ഊച് + ഇ + വസ് = ഊചിവസ്: സ്ത്രീപ്രത്യയമായ ഈ പരമാകുമ്പോൾ വസ്സിന്റെ വകാരത്തിന്നു സംപ്രസാരണം വന്നു ഉഷ് ആകും. അപ്പോൾ ഉഷ് പ്രത്യയം വ്യഞ്ജനാദി അല്ലായ്കയാൽ ആഗമമായ ഇകാരം ലോപിക്കും. ഊചി + ഉഷീ = ഊചുഷീ. തസ്ഥിവാൻ — തസ്ഥുഷീ (സ്ത്രീ). (ധാതു — സ്ഥാ) ജഗ്മിവാൻ — ജഗ്മുഷീ.

ആന — കൃ — ചകൃ + ആന = ചക്രാണൻ. ശ്രു — ശുശ്രുവാണൻ.

2. ക്വസന്തം സമാസത്തിൽ പൂൎവ്വപദമായാൽ അതു വൽ ആകും.

വിദ്വസ് + സഭാ = വിദ്വത്സഭാ, ജഗ്മിവൽ + ജനഃ = ജഗ്മിവജ്ജനഃ

3. ഭൂതശബ്ദന്യൂനപ്രത്യയങ്ങളായ ത, തവൽ എന്നിവയിൽ ത കൎമ്മണിപ്രയോഗത്തിലും തവൽ കൎത്തരിപ്രയോഗത്തിലും സാധാരണമായ്വരും. ത ചിലപ്പോൾ കൎത്തരിപ്രയോഗത്തിലും കാണും. ഈ രണ്ടു പ്രത്യയങ്ങൾക്കും നിഷ്ഠ എന്നു പേർ.

ത — ഭൂതൻ, നീതൻ, കൃതൻ, മൃതൻ, ശ്രുതം, ഉക്തം, ലബ്ധം, ബുദ്ധം, ത്യക്തം, സൃഷ്ടം.

തവൽ, ഗതവാൻ, നീതവാൻ, കൃതവാൻ, ശ്രുതവാൻ, ഉക്തവാൻ ലബ്ധവാൻ, ത്യക്തവാൻ, സൃഷ്ടവാൻ.

കൎത്തരിപ്രയോഗം. രാമഃ രാവണം ജിതവാൻ — രാമൻ രാവണനെ ജയിച്ചു. മാരുതിഃ ലങ്കാം ദഗ്ധവാൻ.

കൎമ്മണിപ്രയോഗം. രാമേണ രാവണോ ജിതഃ — രാമനാൽ രാവണൻ ജയിക്കപ്പെട്ടു. മാരുതിനാ ലങ്കാ ദഗ്ധാ.

4. സ്ത്രീലിംഗത്തിൽ താ, തവതീ എന്നും ക്ലീബത്തിൽ തം, തവൽ എന്നും പ്രത്യയങ്ങൾ മാറും.

നീതാ, നീതവതീ, നീതം, നീതവത്തു. കൃതാ, കൃതവതീ, കൃതം കൃതവത്തു.

5. അകർമ്മകധാതുക്കളോടു ചേരുന്ന തനിഷ്ഠകൾ കർത്തരിപ്രയോഗത്തിന്റെ അർത്ഥം.

മൃതൻ (മരിച്ചവൻ) പതിതൻ (വീണവൻ), ജാതൻ, ഭൂതൻ, നതൻ, ശാന്തൻ.

6. ഗമനാർത്ഥകധാതുക്കളുടെ തനിഷ്ഠ കർത്ത്രർത്ഥത്തിൽ വരും.

രാമോ ഗ്രാമം ഗതഃ രാമൻ ഗ്രാമത്തെ പ്രാപിച്ചു. നാരദോ ദിവം യാതഃ

7. ൠകാരാന്തവും ദകാരാന്തവും ആയ ധാതുക്കളുടെ നിഷ്ഠാതകാരം നകാരമാകും.

ൠകാരാന്തം — കൄ — കീർണ്ണം, ശൄ — ശീർണ്ണം, ഗൄ — ഗീർണ്ണം, പൄ — പൂർണ്ണം — ചൄ — ചൂർണ്ണം, ദൄ — ദീർണ്ണം.

ദകാരാന്തം — തുദ് — തുന്നം; നുദ് — നുന്നം; ഛിദ് — ഛിന്നം, പദ് — പന്നം, ഭിദ് — ഭിന്നം, അദ് — അന്നം.

204. കൃത്യപ്രത്യയങ്ങളായ തവ്യ—അനീയ—യ എന്നിവ ധാതുക്കളോടു ചേർന്നുണ്ടാകുന്ന ഭാവിശബ്ദന്യൂനങ്ങൾ കർമ്മണിപ്രയോഗത്തിലാകയാൽ അവ വിശേഷണങ്ങളായി കർമ്മത്തോട് അന്വയിക്കും. ധാതുവിന്റെ കർത്താവു ഭാഷയിൽ തൃതീയയിലോ ചതുർത്ഥിയിലോ വരും. സംസ്കൃതത്തിൽ തൃതീയാഷഷ്ഠികളിൽ വികല്പമായ്വരും.

ഈശ്വരൻ ഭക്തന്മാരാൽ വന്ദ്യൻ, = ഭക്തന്മാർ വന്ദിപ്പാൻ യോഗ്യനാകുന്ന ഈശ്വരൻ. സീത രാമനാൽ രക്ഷിതവ്യയാകുന്നു = സീതയെ രാമൻ രക്ഷിക്കേണ്ടതാകുന്നു. രാജ്യം ചക്രവർത്തിയാൽ ഭരണീയമാകുന്നു. രാജ്യത്തെ ഭരിക്കേണ്ടതു ചക്രവർത്തിയാണ്.

i. തവ്യ—കർത്തവ്യം, ഗന്തവ്യം, നേതവ്യം, ത്യക്തവ്യം, വക്തവ്യം.
ii. അനീയ—കരണീയം, ഗമനീയം, നയനീയം, ത്യജനീയം, വചനീയം.

iii. യ—കാൎയ്യം, ഗമ്യം, നേയം, ത്യാജ്യം, വാച്യം. ഇവ നപുംസകരൂപങ്ങൾ ആകുന്നു. സ്ത്രീലിംഗത്തിൽ ആ വരും.

കൎത്തവ്യാ, ഗന്തവ്യാ, കാൎയ്യാ, നേയാ, ത്യാജ്യാ, ഗമ്യാ, ഗമനീയാ. രാമേണ രാജ്യം ഭൎത്തവ്യം — രാമനാൽ രാജ്യം ഭരിക്കേണ്ടതാണു. രാമേണ ലങ്കാ ജേതവ്യാ | കൃഷ്ണേന പാഠഃ പഠനീയഃ — കൃഷ്ണൻ പാഠം പഠിക്കേണ്ടതാണു | രാജ്ഞാ പ്രജാഃ പാലയിതവ്യാഃ | മയാ കിം കാൎയ്യം — ഞാൻ എന്തു ചെയ്യേണം? | ത്വയാ തൂഷ്ണീം സ്ഥാതവ്യം. | അനേന ബ്രാഹ്മണേന ഭാവിതവ്യം — അയാൾ ബ്രാഹ്മണനായിരിക്കേണം. | ഈശ്വരൻ വന്ദ്യൻ, പൂജ്യൻ, ധ്യേയൻ, ആകുന്നു. | ഉപദേശാ ആദരണീയാ. ദുഃഖമസഹ്യം. വിദ്യാ പ്രാപ്യാ. അധ്യയനം നോപേക്ഷണീയം.

205. ത്രികാലശബ്ദന്യൂനങ്ങളേയും അവയുടെ ലിംഗങ്ങളേയും വിവരിച്ചു കഴിഞ്ഞു. ഇനി ക്രിയാന്യൂനങ്ങളെ വിവരിക്കും. ഇവ അവ്യയങ്ങളാകുന്നു.

1. വെറും ധാതുവിനോടു ത്വാപ്രത്യയവും ഉപസൎഗ്ഗപൂൎവ്വമായതിനോടു യപ്രത്യയവും ചേൎന്നു ഭൂതക്രിയാന്യൂനങ്ങൾ ഉണ്ടാകും.

ക്ത്വാ (ക്ത്വാന്തമവ്യയം) ഭൂത്വാ, ഗത്വാ, ശ്രുത്വാ, മൃത്വാ, ധൃത്വാ, ലബ്ധ്വാ, എന്നാൽ പതിത്വാ, രക്ഷിത്വാ, ജീവിത്വാ, കാരയിത്വാ മുതലായവയിൽ ഇ ആഗമം വന്നതു നോക്കുക.

യ (ല്യബന്തമവ്യയം) അനുഭൂയ, ഉപനീയ, പ്രണിപത്യ, അഭിവന്ദ്യ, ഉപഗമ്യ, വിചാൎയ്യ, സമ്പാദ്യ.

2. ധാത്വന്തം ഹ്രസ്വമായാൽ യകാരത്തിന്നു തകാരം ആഗമം വരും.

ജി — വിജി + യ = വിജി + ൽ + യ = വിജിത്യ, ഉപകൃ + യ = ഉപകൃത്യ; ആഹൃ + യ = ആഹൃത്യ, ഉപ + ഇ + യ = ഉപേത്യ.

3. ക്ത്വാന്തല്യബന്തങ്ങൾക്കു കൎമ്മണിപ്രയോഗത്തിലും കൎത്തരിപ്രയോഗത്തിലും രൂപഭേദമില്ല.

4. ധാതുവിനോടു് അം(ണമുല്)പ്രത്യയം ചേൎത്തു ഭൂതക്രിയാന്യൂനം ഉണ്ടാക്കും.

സ്മാരം സ്മാരം. (സ്മരിച്ചു). ശ്രാവം ശ്രാവം. (ശ്രവിച്ചു). ജീവഗ്രാഹം ഗൃഹീത്വാ, (ജീവനോടെ പിടിച്ചു്).

5. ധാതുവിനോടു തും (തുമുൻ) ചേൎത്തു ഭാവിക്രിയാന്യൂനം ഉണ്ടാക്കും.

ഗന്തും (ഗമിപ്പാൻ), ശ്രോതും (ശ്രവിപ്പാൻ), ത്യക്തും, ശോകതും, പ്രഷ്ടും സ്രഷ്ടും, ഭോക്തും. ബോദ്ധും, നേതും, ജേതും, വന്ദിതും.

206. കൃന്നാമങ്ങളെ ഉണ്ടാക്കാനുള്ള പ്രത്യയങ്ങൾ:—

i. അ-ജി + അ = ജേ + അ = ജയ്-ജയം; നീ-നയം, ഭീ-ഭയം, ശീ-ശയം, ബുധ്-ബോധം, മുഹ്-മോഹം, ലുഭ്-ലോഭം, പത്-പാതം, പച്-പാകം, ത്യജ്-ത്യാഗം, യജ്-യാഗം, ഭജ്-ഭാഗം, രോഷം, തോഷം, കോപം, ക്രോധം. ഇവ സംസ്കൃതത്തിൽ പുല്ലിംഗങ്ങൾ ആകുന്നു.

ii. അനം-ഗമനം, ഹരണം, പതനം, സൃ-സരണം, മൃ-മരണം, കൃ-കരണം, ഭുജ്-ഭോജനം, ഭക്ഷണം.

iii. അനാ-വേദനാ, വാസനാ, ലക്ഷണാ, ആരാധനാ, പ്രാൎത്ഥനാ, ഭാവനാ, യാതനാ ഈ സ്ത്രീലിംഗങ്ങൾ ഭാഷയിൽ അകാരാന്തങ്ങളാകും.

iv. തി-ഗതി, നീതി ഭൂതി, ധൃതി, കൃതി, ഹൃതി, മൃതി, ബുദ്ധി, ലബ്ധി, തുഷ്ടി, ദൃഷ്ടി, സൃഷ്ടി, പ്രാപ്തി, വ്യാപ്തി, കീൎത്തി, ശ്രുതി, സ്തുതി ഇവ സംസ്കൃതത്തിൽ സ്ത്രീലിംഗങ്ങളും ഭാഷയിൽ സ്ത്രീനപുംസകങ്ങളും ആകുന്നു.

v. ആ-ബാധാ, പീഡാ, ക്രിയാ, പൂജാ, യജ്ഞാ.

ജിജ്ഞാസാ, മീമാംസാ, വിവിദിഷാ, ലിപ്സാ, ചികിത്സാ.

vi. നപുംസകനിഷ്ഠാരൂപങ്ങളും ഭാവാൎത്ഥത്തിൽ പ്രയോഗിക്കും.

മതം, സമ്മതം, ഹിതം, അഭിഹിതം, ഇഷ്ടം, നഷ്ടം, ഭ്രഷ്ട്, യുദ്ധം ഹസിതം.

ജ്ഞാപകം. ഭിദ്ധാതുവിന്റെ നിഷ്ഠയായ ഭിന്നം എന്നതിനോടു പിന്നെയും നിഷ്ഠയെ ചേൎത്തു 'ഭിന്നിതം' എന്ന പദം ഭാഷയിൽ ഗണിതജ്ഞന്മാർ നിൎമ്മിച്ചിരിക്കുന്നു.

207. 1. അ, അക, തൃ എന്ന പ്രത്യയങ്ങൾ കൎത്തൃത്വം കാണിപ്പാൻ ധാതുക്കളോടു ചേരും. സ്ത്രീലിംഗത്തിൽ അക എന്നതു് ഇകാ ആയും തൃ എന്നതു ത്രീയായും മാറും.

അ-ഭവൻ, ഹരൻ, വിജയൻ, വരൻ, മാരൻ, ചോരൻ, കാമൻ, പാചകൻ.

അക-നായകൻ	പാചകൻ	പരീക്ഷകൻ	ബോധകൻ
ഇകാ-നായികാ	പാചികാ	പരീക്ഷികാ	ബോധികാ

തൃ.	ക്ലീ. നേതൃ	വക്തൃ	ബോദ്ധൃ	ഗന്തൃ	കൎത്തൃ.
	പും. നേതാവു	വക്താവു	ബോദ്ധാവു	ഗന്താവു	കൎത്താവു.
	സ്ത്രീ. നേത്രീ	വക്ത്രീ	ബോദ്ധ്രീ	ഗന്ത്രീ	കൎത്ത്രീ.

2. അധികരണം (വ്യാപാരത്തിന്റെ ആശ്രയസ്ഥാനം) കരണം എന്ന അൎത്ഥത്തിൽ സാധാരണമായി ഉപയോഗിക്കുന്ന അനപ്രത്യയത്തിന്നു ചിലപ്പോൾ കൎത്ത്രൎത്ഥവും ഉണ്ടാകും.

i. അധികരണം-ആസനം, സദനം.

ii. കരണം-സാധനം, വാഹനം, ലോചനം, നയനം, വദനം.

iii. കൎത്താവു-അരിമൎദ്ദനൻ, ജനാൎദ്ദനൻ, പാകശാസനൻ, മധുസൂദനൻ, ശത്രുകൎഷണൻ, സംകൎഷണൻ, തപനൻ, ദഹനൻ, പവനൻ.

3. വെറും ധാതുവിനെ കൎത്ത്രൎത്ഥത്തിൽ സമാസാന്തത്തിൽ ഉപയോഗിക്കും. ധാത്വന്തഹ്രസ്വത്തോടു തകാരം ചേരും.

സൎവ്വശക്, ഗ്രാമണീ, യവലൂ, സ്വയംഭൂ, വിശ്വജിൽ, മന്ത്രകൃൽ, ലോകകൃൽ, പാപകൃൽ; അഗ്നിചിൽ, പ്രാണഭൃൽ.

4. കരണാൎത്ഥത്തിൽ ത്രപ്രത്യയം ധാതുക്കളോടു ചേരും.

പാ-പാത്രം, ഖൻ-ഖനിത്രം, തുദ്-തോത്രം, ലൂ-ലവിത്രം, വച്-വക്ത്രം, ഛദ്-ഛത്രം, സ്തു-സ്തോത്രം, നീ-നേത്രം, ശ്രു-ശ്രോത്രം, വസ്-വസ്ത്രം.

5. സനന്തധാതുക്കളിൽ വ്യാപാരം കാണിപ്പാൻ ആവും കൎത്താവിനെ കാണിപ്പാൻ ഉവും വരും. ഈ രൂപങ്ങൾ ഇച്ഛയേയും ഇച്ഛിക്കുന്നവനേയും കുറിക്കും.

ശുശ്രൂഷ-ശ്രവിപ്പാനുള്ള ഇച്ഛ. ശുശ്രൂഷു-ശ്രവിപ്പാൻ ഇച്ഛിക്കുന്നവൻ.

ആ-ജിജ്ഞാസാ	മുമുക്ഷാ	ബുഭുക്ഷാ	പിപാസാ	ദിദൃക്ഷാ	വിവക്ഷാ
ഉ-ജിജ്ഞാസു	മുമുക്ഷു	ബുഭുക്ഷു	പിപാസു	ദിദൃക്ഷു	വിവക്ഷു

ഈപ്സാ	ലിപ്സാ	ദിത്സാ	രിരംസാ	ജിഹാസാ	വിവിദിഷാ
ഈപ്സു	ലിപ്സു	ദിത്സു	രിരംസു	ജിഹാസു	വിവിദിഷു

ഇവയുടെ അൎത്ഥം പറക.

208. 1. ഈഷൽകരം, സുകരം, സുഗമം, സുലഭം, സുസാധ്യം മുതലായവയിൽ ഈഷൽ, സു എന്നിവകൾ പരം വരുന്ന ധാതുക്കളോട്ട് അ (ഖല്) പ്രത്യയം ചേൎന്നു വ്യാപാരം എളുപ്പം ചെയ്യാവുന്നതെന്നു കാണിക്കും.

2. ദുഷ്കരം, ദുൎഗ്രഹം, ദുസ്ത്യജം, ദുൎവാരം, ദുസ്സാധ്യം, ദുസ്സഹം, ദുൎബ്ബോധം, മുതലായവയിൽ ദുർ, ദുസ് ഉപസൎഗ്ഗത്തിന്റെ പിൻ വരുന്ന ധാതുക്കളോടും അ (ഖല്) പ്രത്യയം ചേൎന്നു വ്യാപാരം ചെയ്വാൻ പ്രയാസം ഉണ്ടെന്നു കാണിക്കും. ദുൎഗ്രഹം ഗ്രഹിപ്പാൻ പ്രയാസമായതു.

3. പ്രയാസാധിക്യം കാണിപ്പാൻ ദുസ് ഉപസൎഗ്ഗത്തിന്നു മുമ്പിൽ സുവും വരും. സുദുഷ്കരം, സുദുൎബ്ബോധം, സുദുസ്സാധ്യം.

പരീക്ഷ 202—208.

താഴെ വരുന്ന വാക്യങ്ങളിലേ കൃദന്തങ്ങളെ എടുത്തു് അവയുടെ സ്വഭാവവും അൎത്ഥവും പറക.

൧. ചേതഃ സമാകൎഷകമായിട്ടും നിൻഗീതസ്വരത്താൽ ഹൃതനായി ഞാനും.

൨. മൃഗമതിനേയുമാത്തചാപനാകും ജഗദഭിവന്ദ്യഭവാനേയും വിലോക്യ,
മൃഗമനുഗതനാം പിനാകപാണിം നഗപതിനന്ദിനിതൻപതിം നമാമി.

൩. തനയം ലഭസ്വ ഭവതഃ സദൃശം.

൪. വപുസ്സിതു നിസൎഗ്ഗസുന്ദരമഴയ വിനാ സാംശയം
തപസ്സിന്നനുരൂപമാക്കുവതിനിച്ഛുവാം താപസൻ ।
കൃപാകണികയെന്നിയെ കഠിനമാം സമിദ്രാശിയെ
വിപാടയിതുമിഹതേ കവലയച്ഛദാന്തത്തിനാൽ ॥

൫. സത്തുകൾക്കു വിചികിത്സിതങ്ങളിൽ ചിത്തവൃത്തിയിതു താൻ പ്രമാണമാം. ൬. മനമേ ഭവ സാക്ഷിലാക്ഷമിപ്പോൾ. ൭. എന്നാലും ചെവി നൽകിടുന്ന വനിതാ സംഭാഷമാണേ മയി. ൮. യാതീഹ മുൻപെട്ടു വപുസ്സു മാത്രം ചേതസ്സു പശ്ചാദവശം പ്രയാതി. വാതസ്യ വേഗം പ്രതി നീയമാനം കേതോഃ പതാകാംശുകമെന്ന വണ്ണം.

(c) ഭാഷാതദ്ധിതപ്രകരണം.

209. 1. **പദങ്ങളെ ഉണ്ടാക്കുവാനായി പ്രാതിപദികങ്ങളോടു ചേൎക്കുന്ന പ്രത്യയങ്ങളെ തദ്ധിതങ്ങൾ എന്നു പറയും.**

മൂ(ക്കു) എന്ന ധാതുവിനോടു പ്പു എന്ന കൃൽപ്രത്യയം ചേൎത്താൽ മൂപ്പു എന്ന

നാമം ഉണ്ടാകും. ഈ നാമത്തോട്ട് അൻ എന്ന തദ്ധിതപ്രത്യയം ചേൎത്താൽ മൂപ്പുള്ളവൻ എന്ന അൎത്ഥമുള്ള മൂപ്പൻ എന്ന തദ്ധിതനാമം ഉണ്ടാകും.

2. ആയ്മ, തനം, തരം, ത്തം, മ എന്ന പ്രത്യയങ്ങൾ ചേൎന്നുണ്ടാകുന്ന ഭാവനാമങ്ങൾ ദ്രവ്യത്തിന്റെ ഗുണങ്ങളിൽ ഒന്നിനെ മാത്രം കാണിക്കുന്നതു കൊണ്ടു് അവയെ തന്മാത്രപ്രത്യയങ്ങൾ എന്നു പറയും.

ആയ്മ-കാരായ്മ, കൂട്ടായ്മ, പോരായ്മ, മലയായ്മ, വല്ലായ്മ.

തനം-കള്ളത്തനം. വെണ്ടാതനം.

തരം-കള്ളത്തരം.

ത്തം-വഷളത്തം, പഠിത്തം, വിഡ്ഢിത്തം.

മ-ആണ്മ, ഇളമ, കോയ്മ, പശിമ, പുതുമ, പെരുമ, ഒരുമ, വന്മ, വെൻറിമ. (രാ. ച.)

3. അൻപ്രത്യയത്തിന്ന് 'അതുള്ള' എന്ന് അൎത്ഥമാകയാൽ അതിന്നു തദ്വത്ത് എന്നു പേർ.

അൻ.—തടിയൻ, ചതിയൻ, കൊതിയൻ, ചെടയൻ, കടിയൻ, കൂനൻ, തൊണ്ടൻ, ചട്ടൻ, കക്കൻ, പല്ലൻ.

i. ഈ തദ്ധിതാന്തങ്ങളോടു സ്ത്രീപ്രത്യയങ്ങളും ചേരും.

തടിച്ചി, കൊതിച്ചി, മടിച്ചി, കൂനി, തൊണ്ടി, മൂപ്പത്തി.

4. ദ്രവ്യഗുണക്രിയകളുടെ ആധിക്യാദിനിമിത്തം ജനിക്കുന്ന വികടത്വം ഹേതുവായി അൻപ്രത്യയം നിന്ദാൎത്ഥകവും ആകും.

a. പല്ലൻ, വയറൻ, വായൻ, കവിളൻ, ചപ്പൻ, കുടലൻ, ചവറൻ.

b. നുണയൻ, ഉരുട്ടൻ, കുറുമ്പൻ, ചതിയൻ, മടിയൻ.

c. ചെലവൻ, ഞെളിയൻ, പകയൻ.

5. ദിഗ്വാചിസംജ്ഞാനാമങ്ങളോടു ചേരുന്ന അൻ തദ്ദേശവാസി അല്ലെങ്കിൽ തദ്ദേശസംബന്ധി എന്നൎത്ഥം കാണിക്കും.

ചോഴൻ, പാണ്ഡ്യൻ, കേരളൻ, കൊങ്ങൻ, മൈസൂരൻ, കലിംഗൻ, വൈനാടൻ, തമിഴൻ, തെലുങ്കൻ.

ii. മുള്ളൻ, പൂവൻ, ചിങ്ങൻ, പുത്തൻ മുതലായവ അൻപ്രത്യയത്താൽ

വിശേഷണങ്ങളാകുന്നു. മുള്ളൻചേന, പൂവൻകോഴി, ചിങ്ങൻവാഴ, വരിയൻപുലി.

iii. ദിക്കുകളുടെ പേരുകളോട് അൻ ചേൎന്നാൽ ആ ദിക്കിനെ സംബന്ധിച്ചതെന്ന് അൎത്ഥം കിട്ടും. തെക്കൻ (കാററു), വടക്കൻ (പെരുമാൾ), പടിഞ്ഞാറൻ (ചരക്കു), കിഴക്കൻ (ദിക്കു), വയനാടൻ (പനി).

6. ആളൻ, ആളി, കാരൻ എന്നിവയും തദ്ധിതപ്രത്യയങ്ങൾ ആകുന്നു.

iv. വാഴുക എന്നൎത്ഥമുള്ള ആൾധാതുവിന്റെ കൃദ്രൂപങ്ങൾ ആകുന്ന ആളൻ, ആളി, എന്നിവകളു വാഴുന്നവൻ എന്നൎത്ഥം. ഈ അൎത്ഥം നഷ്ടപ്രായമായതു കൊണ്ട് ആളൻ, ആളി എന്നിവയെ പ്രത്യയങ്ങളായി എടുത്തിരിക്കുന്നു.

ആളൻ. — മലയാളൻ, ഊരാളൻ, കാട്ടാളൻ, ഉള്ളാളൻ.

ആളി. — മലയാളി, ഊരാളി, മുതലാളി, പടയാളി. വില്ലാളി, പാട്ടാളി, തേരാളി, കൂട്ടാളി, ഇരപ്പാളി.

കാരൻ — വേലക്കാരൻ, പണിക്കാരൻ, വണ്ടിക്കാരൻ, പണക്കാരൻ, തറക്കാരൻ.

v. കുംഭത്തെ ചെയ്യുന്നവൻ കുംഭകാരൻ എന്ന **ഉപപദസമാസത്തിലെ** കാരശബ്ദത്തെ ഒരു പ്രത്യയമായി ഭാഷയിൽ പല അൎത്ഥത്തിലും ഉപയോഗിക്കും. പണിക്കാരൻ, വണ്ടിക്കാരൻ, തോണിക്കാരൻ, പണക്കാരൻ, തറക്കാരൻ, കുതിരക്കാരൻ. ചിലേടങ്ങളിൽ കാരൻ എന്നതിന്നു പകരം കാറൻ എന്നു പ്രയോഗിക്കും.

4. സംഖ്യകളും സംഖ്യാതദ്ധിതങ്ങളും.

210. 1. ഒന്നു, രണ്ടു, മൂന്നു, നാലു, അഞ്ചു, ആറു, ഏഴ, എട്ടു, ഒമ്പതു, പത്തു, ഇരുപതു, മുപ്പതു, നാല്പതു, അമ്പതു, അറുപതു, എഴുപതു, എണ്പതു, തൊണ്ണൂറു, നൂറു, ആയിരം, പതിനായിരം, ലക്ഷം, പത്തുലക്ഷം, കോടി മുതലായവ **സംഖ്യകൾ** ആകുന്നു. ഇവ നാമങ്ങളെ വിശേഷിക്കുന്ന ഗുണവചനങ്ങൾ ആകുന്നു. നാലുവേദങ്ങൾ, ആറുശാസ്ത്രങ്ങൾ, പത്തു് അവതാരങ്ങൾ, ലക്ഷം ഉറുപ്പിക, മൂന്നു കോടി പവൻ.

2. ഒരു ജാതിയിലെ വ്യക്തികളുടെ എണ്ണം പറയുന്നതു സംഖ്യയാകയാൽ ഒരു സ്ലേട്ടും രണ്ടു പെൻസിലും മൂന്നു പുസ്തകങ്ങളും കൂട്ടുവാൻ പാടില്ല.

3. ഏകം, ദ്വി, ത്രി, ചതുർ, പഞ്ചൻ, ഷൾ, സപ്തൻ, അഷ്ടൻ, നവൻ, ദശൻ, ശതം, സഹസ്രം, ലക്ഷം, കോടി, അയുതം, പ്രയുതം, നിയുതം, അബ്ജം,

ഖർവ്വം മുതലായ സംസ്കൃതസംഖ്യകളിൽ ദ്വിമുതൽ ദശൻവരെയുള്ളവ ഭാഷയിൽ സമാസത്തിൽ വരും. ശേഷം വ്യസ്തങ്ങളായും പ്രയോഗിക്കും. പത്തുസഹസ്രം കൊട്ടത്തേങ്ങ.

4. ഒന്നു നാമം ആകുന്നു. ഒന്നു പറയട്ടെ. ഒന്ന് ഒന്നിനും ആകാ. വിശേഷണമാകുമ്പോൾ അത് ഒരു, ഓർ എന്ന രൂപം ധരിക്കും. ഒരു മനുഷ്യൻ. ഒരു ചിലപ്പോൾ ബഹുവചനത്തോടും അന്വയിച്ചു കാണും. ഓരോ ജനങ്ങൾ പറഞ്ഞു കേട്ടേൻ. ജനങ്ങളിൽ ഓരൊ വ്യക്തി എന്നാകുന്നു അൎത്ഥം.

5. 'എത്രയും കനത്തൊരു കല്ലുകൾ' മുതലായ പ്രയോഗങ്ങളിൽ ബഹുവചനത്തെ വിശേഷിക്കുന്ന 'ഒരു' അതിശയം, പൂജ, ആദരം എന്ന അൎത്ഥം ദ്യോതിപ്പിക്കും.

6. സംഖ്യകളെ തമ്മിൽ കൂട്ടിയ തുകയെയും പെരുക്കുന്ന വിധത്തെയും കാണിക്കുമ്പോൾ ഉണ്ടാകുന്ന രൂപഭേദങ്ങളെ ഇവിടെ പറയുന്നില്ല. പത്തും രണ്ടും = പന്ത്രണ്ടു; പത്തും അഞ്ചും = പതിനഞ്ചു; മൂവെട്ടു, നാനാങ്ങു, ഐയൊമ്പതു, എമ്മൂന്നു ഇത്യാദികളിൽ ഉണ്ടാകുന്ന ഭേദങ്ങളെ സൂക്ഷിക്ക.

7. അചേതനവസ്തുക്കളുടെ പേരുകളായ നാമങ്ങളോടു സംഖ്യകൾ ചേരുമ്പോൾ ബഹുവചനം വേണമെന്നില്ല. പത്തു കൊല്ലം, നൂറു കല്ലു, നൂറുറുപ്പിക, ആയിരം നെല്ലു.

8. അര = പകുതി = അൎദ്ധം ($\frac{1}{2}$), കാൽ = പാദം = ചതുൎത്ഥാംശം ($\frac{1}{4}$), അരക്കാൽ ($\frac{1}{8}$), വീശം = മാകാണി ($\frac{1}{16}$). അരവീശം ($\frac{1}{32}$); മാ ($=\frac{1}{20}$), അരമാ ($\frac{1}{40}$), ഇരുമാ ($\frac{1}{10}$), നാലുമാ ($\frac{1}{5}$), കാണി ($=\frac{1}{80}$), അരക്കാണി ($\frac{1}{160}$), മുന്തിരി ($\frac{1}{320}$) ഇത്യാദി സംഖ്യകളുടെ ഭാഗങ്ങളെക്കാണിക്കുന്ന ചില്ലുണകളാകുന്നു.

9. ഒന്നര ($1\frac{1}{2}$), രണ്ടേകാൽ ($2\frac{1}{4}$), മൂന്നേമുക്കാൽ ($3\frac{3}{4}$), നാലേഅരക്കാൽ ($4\frac{1}{8}$), അഞ്ചേവീശം ($5\frac{1}{16}$), കാല്ലൂറഞ്ഞു ($4\frac{3}{4}$) ഇങ്ങനെ മുഴുസംഖ്യകളോടു ചില്ലുണകളെ ചേൎക്കും. ഇവ വിശേഷണങ്ങളാകുന്ന സമാസങ്ങൾ.

211. സംഖ്യകളിൽ നിന്നുണ്ടായ തദ്ധിതനാമങ്ങളെ സംഖ്യാനാമങ്ങൾ എന്നു പറയും.

ഒരു — ഒരുവൻ, ഒരുവൾ, ഒരുത്തൻ, ഒരുത്തി, ഇരുവർ, മൂവർ, മൂവ്വർ, നാലർ, നാല്വർ, ഐവർ, ഏഴവർ, എണ്മർ, നൂററുവർ, നൂററവർ. ഇവയിൽ ഇരുവർ മുതലായവ എല്ലായ്പോഴും ബഹുവചനങ്ങൾ ആകുന്നു. ഈ അൎത്ഥത്തിൽ സംഖ്യകളോടു പേർ എന്ന പദം ചേരും. രണ്ടുപേർ, പത്തുപേർ, അഞ്ചുപേർ. പേർ ഏകവചനത്തിലേ വരൂ.

212. 1. സംഖ്യകളോട് ആംപ്രത്യയം ചേൎത്തുണ്ടാക്കുന്ന ശബ്ദങ്ങളെ പൂരണിയെന്നും പ്രത്യയത്തെ പൂരണമെന്നും പറയും.

ഒന്നാംപാഠം, നാലാംതരം, ആറാംവകുപ്പു, പത്താമിടം, ഇരുപതാംനൂററാണ്ടു. സംഖ്യകളെപ്പോലെ പൂരണികളും നാമവിശേഷണങ്ങൾ ആകുന്നു. പത്തു് അവതാരങ്ങളിൽ പത്താം അവതാരം കല്കിയാകുന്നു.

അനേകം ആളുകളുടെ കൂട്ടത്തിൽ ഒരുവനെ അഞ്ചാമനെന്നു പറയും. അവനു മുമ്പുള്ള നാലാളുകളോട് അവനും ചേൎന്നാൽ ആളുകളുടെ സംഖ്യ അഞ്ചാകും. അഞ്ചിനെ പൂരിക്കുന്നവൻ അഞ്ചാമൻ എന്നു് അൎത്ഥമാകയാൽ അഞ്ചാം എന്നതിനെ പൂരണിയെന്നു പറയും. പൂരണിയും സജാതീയനാമത്തെ കുറിക്കും. അഞ്ചാം മകൻ എന്നാൽ അവനു മുമ്പു നാലു പുത്രന്മാർ ഉണ്ടെന്നു് അൎത്ഥം.

2. പൂരണികളോട് അൻ, ത്തു എന്ന പ്രത്യയങ്ങളെ ചേൎത്തു പൂരണീനാമങ്ങൾ ഉണ്ടാക്കും.

ഒന്നാമൻ, രണ്ടാമൻ, മൂന്നാമത്തു, നാലാമത്തു, ആറാമത്തു. ഇവക്കു സ്ത്രീലിംഗമില്ല.

3. പൂരണിയോട് അത്തേപ്രത്യയം ചേൎത്താൽ പൂരണീവിശേഷണം ഉണ്ടാകും.

ഒന്നാമത്തേ (അപരാധം), രണ്ടാമത്തേ (വിവാഹം), മൂന്നാമത്തേ മകൻ.

4. പൂരണീവിശേഷണങ്ങളോട് അവൻ, അവൾ, അതു് എന്ന ലിംഗപ്രത്യയങ്ങൾ ചേൎത്തു പൂരണീനാമങ്ങളുണ്ടാകും.

ഒന്നാമത്തേവൻ, രണ്ടാമത്തേവൾ, മൂന്നാമത്തേതു.

213. 1. വീതപ്രകാരം എന്ന അൎത്ഥത്തിൽ ഈതു എന്ന പ്രത്യയം സംഖ്യകളോടു ചേൎക്കും.

രണ്ടീതു, മൂവീതു, പത്തീതു, നൂറീതു. ഇവ നാമവിശേഷണമായും ക്രിയാവിശേഷണമായും നടക്കും. വീതം എന്ന നാമവും ഈ അൎത്ഥത്തിൽ പ്രയോഗിക്കും, നൂറുവീതം, പത്തുവീതം. ഇവ ക്രിയാവിശേഷണങ്ങൾ ആകുന്നു. വകാരലോപത്താൽ വീതു എന്നതു് ഈതു് ആയി.

2. സംഖ്യകളെ ഇരട്ടിച്ചാലും ഈ അൎത്ഥം കിട്ടും.

ഓരോന്നു, ഈരണ്ടു, മുമ്മൂന്നു, നന്നാലു, ഐയ്യഞ്ചു. ഇവ തദ്ധിതങ്ങളല്ല;

സമാസങ്ങളാകുന്നു. ഇവിടെ ഉണ്ടാകുന്ന സന്ധികാൎയ്യങ്ങൾ സൂക്ഷിച്ചു പഠിക്കേണം.

214. 1. കിഴ്ക്കണക്കിൻ വീതം കാണിപ്പാൻ ച്ചു (=ശ്ശു) എന്ന പ്രത്യയം സംഖ്യകളോടു ചേൎക്കും.

ഒന്നരശ്ശു, മുക്കാലശ്ശു, അരേശ്ശു, സംസ്കൃതത്തിലേ ശതശഃ, സഹസ്രശഃ മുതലായവയിലേ ശസ്പ്രത്യയത്തിന്നും ഈ അൎത്ഥം തന്നെ.

2. സംഖ്യകളല്ലാത്ത നാമങ്ങളിലും ശ്ശു (ച്ചു) വരും.

കറേശ്ശേ, അസാരിച്ചു, നാഴിച്ചു, ഇടങ്ങാഴിച്ചു, മൂവുഴക്കിച്ചു അക്ഷരശഃ, തിലശഃ, പച്ഛഃ (=പാദശഃ). മുതലായ സംസ്കൃതശബ്ദങ്ങളെ നോക്കുക.

3. എല്ലാം, സൎവ്വം, നിഖിലം, അഖിലം, ഒക്ക, (ഒക്കവേ), മുഴു, മിക്ക, ഏറ, (ഏറവേ), ഏറിയ, ആക, നിശ്ശേഷം, അശേഷം, പെരിക, വളരേ, അനേകം, ബഹു, പാരം, പല, ചില, വല്ല, വാശ്ശു, ചെറുതു, ചെററു, ഒട്ടു, ഒട്ടൊട്ടു, കുറഞ്ഞൊന്നു, ശേഷം, ബാക്കി, തുലോം, കുറയ, കുറേ, കുറച്ചു, ഇത്ര, അത്ര, എത്ര, ഇത്തിരി, തെല്ലു, തെററു, ചെററു മുതലായ വിശേഷണങ്ങൾ സംഖ്യയുടേയും പരിമാണത്തിന്റേയും അനിശ്ചിതമായ അൎത്ഥത്തെ കാണിക്കും. ഇവയെ **അനിൎദ്ദിഷ്ടസംഖ്യകളെന്നു** പറയും. ഇവയിൽനിന്നും തദ്ധിതങ്ങൾ ഉണ്ടാകും.

4. എല്ലാവരും, എല്ലാരും, മുഴുവൻ, മിക്കതു, മിക്കവർ, മിക്കവാറും, ചിലർ, പലർ, പെരിയവർ, വല്ലവൻ, വാശ്ശതു, മറെറവൻ. ഇവ അനിൎദ്ദിഷ്ടസംഖ്യകളിൽ നിന്നുണ്ടായ തദ്ധിതങ്ങളാകുന്നു.

5. പ്രഥമം, ദ്വിതീയം, തൃതീയം, ചതുൎത്ഥം, പഞ്ചമം, ഷഷ്ഠം, സപ്തമം, അഷ്ടമം, നവമം, ദശമം, ശതതമം, സഹസ്രതമം എന്ന സംസ്കൃതപൂരണികൾ പുല്ലിംഗത്തിൽ അൻപ്രത്യയാന്തങ്ങൾ ആകുന്നു. സ്ത്രീലിംഗത്തിൽ പ്രഥമാ, ദ്വിതീയാ, തൃതീയാ എന്നീ ആകാരാന്തങ്ങളും ചതുൎത്ഥീ തുടങ്ങീട്ടുള്ളവയെല്ലാം ഈകാരാന്തങ്ങളും ആകുന്നു.

പരീക്ഷ 209—214.

1. കൃത്തിന്നും തദ്ധിതത്തിന്നും തമ്മിൽ ഭേദമെന്തു? 2. ഗുണനാമങ്ങളെ ഉണ്ടാക്കുന്ന തദ്ധിതപ്രത്യയങ്ങളെപ്പറഞ്ഞുദാഹരിക്കുക. 3. അൻ എന്ന തദ്ധിതപ്രത്യയത്തിന്റെ അൎത്ഥം എന്തു? ഉദാഹരിക്കുക. 4. തദ്വൽപ്രത്യയങ്ങളെ പറഞ്ഞുദാഹരിക്കുക. 5. പൂരണം പൂരണി ഇവ തമ്മിൽ ഭേദമെന്തു?

6. പൂരണികളെ വിവരിച്ചുദാഹരിക്കുക. 7. പൂരണീനാമമെന്നാൽ എന്തു? 8. സംഖ്യാനാമങ്ങൾ ഏവ? 9. ഇവകളും സംഖ്യകൾക്കും തമ്മിൽ ഭേദമെന്തു? 10. ഈളു, ശ്ശ എന്ന പ്രത്യയങ്ങളുടെ അർത്ഥമെന്തു?

a. താഴേ എഴുതിയവയിലേ തദ്ധിതാന്തങ്ങളേക്കാണിക്ക.

1. പുരാണങ്ങളെ അഞ്ചാം വേദമെന്നു പറയും. 2. നിത്യനാമീശൻ തനിക്കെല്ലാരുമൊക്കുമത്രേ. 3. കേവലം കളിക്കാരായിത്തീന്നു കുട്ടികൾ. 4. ഈ വേട്ടക്കാരൻ രാജാവു. 5. കാട്ടാളന്മാർ കാടു വളയുന്നു. 6. ആററുവഞ്ചി ക്കാരൻെറ കളി കാട്ടുന്നു. 7. അടിയൻ കല്പന പോലെ ചെയ്യാം. 8. ഒരുമ യുണ്ടെങ്കിൽ ഉലക്ക മേൽ കിടക്കാം. 9. ഞാൻ അകമ്പടിക്കാരനായിരുന്നു കൊള്ളാം. 10. ഒരുത്തി പെററു ഇരുവരുണ്ടായി. 11. നൂററവർ പാണ്ഡവന്മാരോടു പൊരുതു തോററു. 12. ചിലരുടെ അഭിപ്രായം പലരും സ്വീകരിക്കുന്നില്ല.

b. 1. കള്ളൻ, മടി, കച്ചവടം, കിഴക്കു, ഒരു, രണ്ടു ഇവയിൽ നിന്നുണ്ടായ തദ്ധിതാന്തങ്ങളെച്ചൊല്ക. 2. തന്മാത്രം, തദ്വാരാ ഇവയുടെ അർത്ഥം പറഞ്ഞുദാഹരിക്കുക.

(d) സംസ്കൃതതദ്ധിതം.

215. സംസ്കൃതനാമങ്ങളൊക്കെ വ്യുൽപന്നങ്ങൾ ആകുന്നു. അവ കൃത്തദ്ധിതപ്രത്യയങ്ങളാൽ ജനിച്ചവയാകുന്നു. സംസ്കൃതം പഠിക്കുന്നവൎക്കു വളരെ ഉപയോഗമുള്ളവ തന്നെയെങ്കിലും അവയുടെ പ്രക്രിയക്കു പ്രയാസം കൂടുന്നതു കൊണ്ടു ഈ ഭാഗങ്ങളെ വ്യാകരണം പഠിക്കുന്നവർ വിട്ടു കളയും. ഭാഷയിൽ കൃത്തദ്ധിതപ്രത്യയങ്ങൾ നന്ന കുറഞ്ഞതു കൊണ്ടു അർത്ഥവിശേഷങ്ങളെ വ്യക്തമാക്കാൻ ഇപ്പോൾ സംസ്കൃതതദ്ധിതങ്ങളെ ധാരാളം പ്രയോഗിക്കുന്ന കാരണം തദ്ധിതങ്ങളെ ഇവിടെ ചുരുക്കിപ്പറയുന്നു.

1. തര, തമ, ഈയസ്, ഇഷ്ഠ എന്ന അതിശയാനപ്രത്യയങ്ങൾ വസ്തുക്കൾക്കു ഗുണവ്യാപാരങ്ങൾ നിമിത്തം ഉണ്ടാകുന്ന ഉൽകൎഷം കാണിക്കും. രണ്ടു വസ്തുക്കളെ വിഭജിച്ചു അവയുടെ താരതമ്യം കാണിപ്പാൻ ഉപയോഗിക്കുന്ന തര, ഈയസ് പ്രത്യയങ്ങളെ വിഭജ്യവാചികൾ എന്നും ബഹുവസ്തുക്കളിൽ നിന്നു ഒന്നിൻെറ ഉൽകൎഷം കാണിക്കുന്ന തമ, ഇഷ്ഠ

എന്നിവയെ നിൎദ്ധാരണവാചികൾ എന്നും പറയും. ഈ ഉൽകൎഷം കാണിപ്പാൻ ഭാഷയിൽ പ്രത്യയങ്ങൾ ഇല്ല.

ഇവയിൽ തര, തമ എന്നിവ നാമം, ഗുണവചനം, ക്രിയ, അവ്യയം, എന്നിവയോടും ഈയസ്, ഇഷ്ഠ എന്നിവ ഗുണവചനങ്ങളോടു മാത്രവും ചേൎന്നു വരും. ക്രിയകളോടും അവ്യയങ്ങളോടും ചേരുമ്പോൾ തര, തമ എന്നിവ തരാം, തമാം എന്നായി മാറും.

	ശബ്ദസ്വരൂപം	വിഭജ്യവാചി.	നിൎദ്ധാരണവാചി.
	Positive.	**Comparative.**	**Superlative.**
നാമം.	പാചകൻ.	പാചകതരൻ.	പാചകതമൻ.
ഗുണവചനം.	ധനി.	ധനിതരൻ.	ധനിതമൻ.
ക്രിയ.	പചതി.	പചതിതരാം.	പചതിതമാം.
അവ്യയം.	ഉച്ചൈഃ.	ഉച്ചൈസ്തരാം.	ഉച്ചൈസ്തമാം.

രാമൻ ബലവാൻ; രാമൻ രാവണനെക്കാൾ ബലവത്തരൻ; രാമൻ എല്ലാ വീരന്മാരിലും വെച്ചു ബലവത്തമൻ.

2. ഈയസ്, ഇഷ്ഠ എന്നിവ ഗുണവചനങ്ങളോടു ചേരുമ്പോൾ ഗുണവചനാന്തത്തിലെ തദ്ധിതപ്രത്യയം ലോപിക്കും. ബലവാൻ, ബലീയാൻ, ബലിഷ്ഠൻ.

കൃഷ്ണൻ മഹാൻ, കൃഷ്ണൻ കംസനേക്കാൾ മഹീയാൻ, കൃഷ്ണൻ എല്ലാം പ്രാജ്ഞരിലും വെച്ചു മഹിഷ്ഠൻ.

3. തര, തമ, ഇഷ്ഠ എന്നിവകൾ പുല്ലിംഗത്തിൽ അൻ, ക്ലീബത്തിൽ അം, സ്ത്രീലിംഗത്തിൽ ആ എന്നിവ പ്രത്യയങ്ങൾ ആകുന്നു. ഈയസ്സ് എന്നതു ഈയാൻ, ഈയസ്, ഈയസീ എന്നു മുറകൾ മാറും.

പുല്ലിംഗം.	സുന്ദരൻ,	സുന്ദരതരൻ,	സുന്ദരതമൻ,	ശ്രേഷ്ഠൻ.
സ്ത്രീലിംഗം.	സുന്ദരി,	സുന്ദരതര,	സുന്ദരതമ,	ശ്രേഷ്ഠ.
നപുംസകം.	സുന്ദരം,	സുന്ദരതരം,	സുന്ദരതമം,	ശ്രേഷ്ഠം.
പു. ശ്രേയാൻ,	പ്രേയാൻ,	പടീയാൻ,	അണീയാൻ,	പാപീയാൻ.
സ്ത്രീ. ശ്രേയസീ,	പ്രേയസീ,	പടീയസീ,	അണീയസീ,	പാപീയസീ.
ന. ശ്രേയസ്സ,	പ്രേയസ്സ,	പടീയസ്സ,	അണീയസ്സ,	പാപീയസ്സ.

4. ഉൽകൎഷാതിശയം കാണിപ്പാൻ ഈയസ്, ഇഷ്ഠ എന്നിവയോടു തരതമ പ്രത്യയങ്ങളേയും ചേൎക്കും.

ബലീയസ്സ്, ബലീയസ്തരം, ബലീയസ്തമം, ബലിഷ്ഠം, ബലിഷ്ഠതരം, ബലിഷ്ഠതമം.

5. ചില ശബ്ദങ്ങളുടെ അതിശയനരൂപങ്ങളെക്കാണിപ്പാൻ അന്യശബ്ദങ്ങളുടെ രൂപങ്ങളെ പ്രയോഗിക്കും.

പ്രശസ്യൻ	ശ്രേയാൻ	ശ്രേഷ്ഠൻ	സ്ഥിരൻ	സ്ഥേയാൻ	സ്ഥേഷ്ഠൻ
	ജ്യായാൻ	ജ്യേഷ്ഠൻ	വൃദ്ധൻ	വർഷീയാൻ	വർഷിഷ്ഠൻ
അന്തികം	നേദീയസ്	നേദിഷ്ഠം		ജ്യായാൻ	ജ്യേഷ്ഠൻ
ബാഢം	സാധീയസ്	സാധിഷ്ഠം	യുവാവ്	യവീയാൻ	യവിഷ്ഠൻ
പ്രിയൻ	പ്രേയാൻ	പ്രേഷ്ഠൻ		കനീയാൻ	കനിഷ്ഠൻ
ബഹുലം	ബംഹീയസ്	ബംഹിഷ്ഠം	അല്പൻ	അല്പീയാൻ	അല്പിഷ്ഠൻ
പൃഥു	പ്രഥീയസ്	പ്രഥിഷ്ഠം	ഗുരു	ഗരീയസ്	ഗരിഷ്ഠം
സ്ഥൂലം	സ്ഥവീയസ്	സ്ഥവിഷ്ഠം	ദീർഘം	ദ്രാഘീയസ്	ദ്രാഘിഷ്ഠം

ദൂരൻ — ദവീയാൻ — ദവിഷ്ഠൻ, ഹ്രസ്വൻ — ഹ്രസീയാൻ — ഹ്രസിഷ്ഠൻ ക്ഷിപ്രൻ — ക്ഷേപീയാൻ — ക്ഷേപിഷ്ഠൻ. ഉരു — വരീയാൻ — വരിഷ്ഠൻ, ബഹു — ഭൂയാൻ, ഭൂയിഷ്ഠൻ.

6. പ്രശംസയെക്കാണിപ്പാൻ രൂപപ്രത്യയത്തെയും കുറെ ന്യൂനതയെക്കാണിപ്പാൻ കല്പ, ദേശ്യ, ദേശീയ എന്നീ പ്രത്യയങ്ങളെയും ഉപയോഗിക്കും.

വൈയാകരണരൂപൻ — പ്രശസ്തനായ വൈയാകരണൻ.

ഉത്തമകല്പം, മദ്ധ്യകല്പം എന്ന ലീലാതിലകത്തിലെ മണിപ്രവാളസംജ്ഞകൾ നോക്കുക. ഇപ്പോൾ സാദൃശ്യത്തിലും കല്പപ്രത്യയത്തെ ഉപയോഗിക്കും.

216. 1. മൽ, ഇൻ, വിൻ, മിൻ, ശാലിൻ എന്ന തദ്ധിതപ്രത്യയങ്ങളും നാമങ്ങളോടു ചേർന്നു ഗുണവചനങ്ങളും ഉണ്ടാകും. അ, ആ എന്നിവയിൽ നാമം അവസാനിച്ചാൽ മൽ വത്ത് ആകും.

വൽ — ഗുണവത്തു, വിദ്യാവത്തു, ബലവത്തു, യശസ്വത്തു, ലക്ഷ്മീവത്തു.

മൽ — ശ്രീമത്തു, മതിമത്തു, കർത്തൃമത്തു, സാനുമത്തു, ഗോമത്തു.

ജ്ഞാപകം. ഈ നപുംസകങ്ങൾ ഭാഷയിൽ പുല്ലിംഗങ്ങളായും പ്രയോഗിക്കും. എന്നാൽ ഗുണവാൻ, ശ്രീമാൻ മുതലായ പുല്ലിംഗങ്ങളും ഉണ്ടു.

ഇൻ — ധനി, ബലി, ജ്ഞാനി, മാനി, ശിഖി, ശിഖരി, വേദി, ശാസ്ത്രി, മാലി.

മിൻ — വാഗ്മിൻ.

വിൻ — തേജസ്വി, യശസ്വി, സ്രഗ്വി, തരസ്വി.

ശാലിൻ — ഗുണശാലി, ബുദ്ധിശാലി, ധൈര്യശാലി, പരാക്രമശാലി.

2. വികാരം, പ്രാചുൎയ്യം എന്നീ അൎത്ഥത്തിൽ നാമങ്ങളോടു മയപ്രത്യയം ചേരും.

വികാരം — സുവൎണ്ണമയം, മൃന്മയം, ദാരുമയം.

പ്രാചുൎയ്യം — അന്നമയം, ജലമയം. എന്നാൽ ചിന്മയം മുതലായതിൽ മയപ്രത്യയത്തിന്നു പ്രകൃത്യൎത്ഥം തന്നെ.

പൊന്മയം, വിണ്മയം ഇത്യാദി ഭാഷാപ്രയോഗങ്ങൾ സാധുവല്ല.

3. ഇവയുടെ സ്ത്രീലിംഗത്തിൽ ഈപ്രത്യയം വരും.

ധനിനീ, ബലിനീ, തേജസ്വിനീ, ഗുണശാലിനി, ജലമയീ, തേജോമയീ. ഭാഷയിൽ ഈകാരം ഹ്രസ്വമാകും.

217. 1. ഭാവനാമങ്ങളെ ഉണ്ടാക്കാനായി അ, ഇമൻ, ഈ, ത്വം, താ, യ്യ എന്ന പ്രത്യയങ്ങളെ നാമങ്ങളോടു ചേൎക്കും.

a. അ-പടു + അ = പാടു + അ = പാടോ + അ = പാടവ് + അം (92) = പാടവം. ലഘു—ലാഘവം; ഗുരു—ഗൌരവം, ശത്രു—ശാത്രവം. സുഷ്ഠു—സൌഷ്ഠവം, മൃദു—മാൎദ്ദവം, പുരുഷ—പൌരുഷം. (218, 1.)

b. ഇമൻ — അണു — അണിമാവു, ഗുരു—ഗരിമാവു, ലഘു—ലഘിമാവു, മഹൻ—മഹിമാ, മൃദു—മ്രദിമ, ചണ്ഡ—ചണ്ഡിമാവു, പൃഥു—പ്രഥിമാവു.

c. ഈ— ചതുര – ചാതുരീ, വിദഗ്ദ്ധ — വൈദഗ്ദ്ധീ, മധുര — മാധുരീ.

d. ത്വം- ബ്രാഹ്മണത്വം	മൂൎഖത്വം	ജഡത്വം	ധൂൎത്തത്വം	ക്രൂരത്വം
e. താ- ബ്രാഹ്മണതാ	മൂൎഖത	ജഡത	ധൂൎത്തത	ക്രൂരത
f. യം- ബ്രാഹ്മണ്യം	മൌൎഖ്യം	ജാഡ്യം	ധൌൎത്ത്യം	ക്രൌൎയ്യം

ചതുൎവ്വൎണ്ണം — ചാതുൎവ്വൎണ്ണ്യം; ത്രിലോകി — ത്രൈലോക്യം; ഷഡ്ഗുണം — ഷാഡ്ഗുണ്യം; സേന — സൈന്യം; സന്നിധി — സാന്നിധ്യം; സമീപം — സാമീപ്യം; ഉപമാ — ഔപമ്യം; സുഖം — സൌഖ്യം; ബ്രാഹ്മണ (ജാതി) — ബ്രാഹ്മണ്യം; പൌര — പൌൎയ്യം; ഇവയിലേ പ്രത്യയത്തിന്നു പ്രകൃതിയുടെ അൎത്ഥമാകയാൽ അതിന്നെ സ്വാൎത്ഥികമെന്നു പറയും.

2. ത്തം, ത്തനം, തരം എന്ന ഭാഷാതദ്ധിതങ്ങൾ ത്വംപ്രത്യയത്തിന്റെ രൂപാന്തരമായിരിക്കാം. ഭാഷാനാമങ്ങളോടു ത്വം ചേൎത്തുപയോഗിക്കാറുണ്ടു.

ഉദാ: വിഡ്ഢിത്വം, ഭോഷത്വം, ആണത്വം, ചങ്ങാതിത്വം, താന്തോന്നിത്വം, ചണ്ടത്വം, ഊററത്വം, ഊഴത്വം, കിടാത്വം.

3. യപ്രത്യയാന്തനാമങ്ങളിൽ പിന്നെയും ത, ത്വ എന്നീ തദ്ധിതപ്രത്യയങ്ങൾ ചേൎക്കുന്നതു് അനാവശ്യമാകുന്നു.

പ്രാധാന്യത, ആധിക്യത, ദാൎഢ്യത, സാദൃശ്യത, വേഗത, കൂൎമ്മത ഇവ തെറ്റാകുന്നു. ബുദ്ധികൂൎമ്മത. കൂൎമ്മ എന്ന ഭാഷാഭാവനാമത്തോടു ത, എന്ന സംസ്കൃതപ്രത്യയം ചേൎത്തിരിക്കുന്നു.

218. പിതാവു്, പുത്രൻ, പൌത്രൻ എന്നിവയുടെ പാരമ്പൎയ്യം കാണിക്കുന്നതാകുന്നു **അപത്യം.** അച്ഛൻ **വംശ്യനും** അച്ഛനും മകനും ഇടയിൽ ആരുമില്ലായ്കയാൽ പുത്രൻ **അനന്തരാപത്യവും** ആകും. അച്ഛൻ, മകൻ, പൌത്രൻ എന്നിവർ **ഗോത്രവും** പൌത്രന്റെ മകൻ മുതല്ക്കുള്ള ശേഷക്കാർ **യുവാപത്യങ്ങളും** ആകുന്നു. ഈ എല്ലാ അൎത്ഥങ്ങളിലും വരുന്ന പ്രത്യയങ്ങൾ ഉണ്ടു. യുവാപത്യപ്രത്യയം ചിലപ്പോൾ ലോപിക്കും. ഈ ലോപത്താൽ ഗോത്രജന്മാരെല്ലാവൎക്കും ഒരേ അപത്യനാമം ഉണ്ടാകും. വിശ്വാമിത്രൻ, ജമദഗ്നി, ഭരദ്വാജൻ, ഗൌതമൻ, അത്രി, വസിഷ്ഠൻ, കാശ്യപൻ എന്ന സപ്തൎഷിമാരും എട്ടാമനായ അഗസ്ത്യനും കൂടി ബ്രാഹ്മണരുടെ ഗോത്രപിതാക്കന്മാർ ആകുന്നു. ഇവരുടെ താവഴികളായി നാല്പത്തൊമ്പതു ഗോത്രങ്ങൾ ഉണ്ടു. ഈ ഗോത്രജന്മാരെ അതതു ഋഷിമാരുടെ പേർ വിളിക്കും. (1) വൈശ്വാമിത്രൻ—കൌശികൻ (2) ജാമദഗ്ന്യൻ—ഭാൎഗ്ഗവൻ, (3) ഭാരദ്വാജൻ, (4) ഗൌതമൻ (5) ആത്രി (6) വാസിഷ്ഠൻ (7) കാശ്യപൻ (8) ആഗസ്ത്യൻ.

രഘു—രാഘവൻ, യദു—യാദവൻ, കുരു—കൌരവൻ, കകുത്സ്ഥ—കാകുത്സ്ഥൻ, ബ്രഹ്മാ—ബ്രാഹ്മൻ മുതലായവയിൽ ചേൎന്ന അൺപ്രത്യയം അനന്തരാപത്യത്തെയും ഗോത്രാപത്യത്തെയും കാണിക്കുന്നു.

1 തദ്ധിതം പരമാകുമ്പോൾ പ്രാതിപദികത്തിന്റെ അന്ത്യസ്വരം ലോപിക്കയും ആദ്യസ്വരം വൃദ്ധിയാകയും ചെയ്യും. അന്ത്യസ്വരം ഉകാരമായാൽ അതിന്നു ഗുണം വരും.

മധുര + യ = മാധുൎയ്യം, ഗുരു + അം = ഗൌരോ + അം = ഗൌരവ് + അം = ഗൌരവം. (92) ലഘു, പടു, മൃദു, ദാരു, എന്നിവയോടു് അം പ്രത്യയവും, ഭൃഗു, മനു, ഋഭു, വസു എന്നിവയോടു് അൺപ്രത്യയവും ചേൎത്തു തദ്ധിതങ്ങളെ ഉണ്ടാക്കും.

2. സ്വരം പരമായാൽ ഉപസൎഗ്ഗാന്തത്തിലെ ഇ—ഉ എന്നിവ യ്, വ് ആകും (91). തദ്ധിതം പരമാകുമ്പോൾ

യ്, വ് എന്നിവയെ ഇയ്, ഉവ് എന്നു സംകല്പിച്ചു സന്ധികാൎയ്യം ചെയ്യേണം.

വ്യാസ + കി (= വി + ആസ) + കി = (വിയ് + ആസ) + കി = വൈയാസകി; വ്യാകരണ + അഃ = വിയ് + ആ + കരണ + അഃ = വൈയാകരണൻ; ന്യായ + ഇക = നി + ആയ + ഇക = നൈയായിക. വ്യധികരണ + യ = വൈയധികരണ്യം. ശ്വാപദ + അം = ശ്വ് + ആപദ + അം = ശൌവ് + ആപദ് + അം = ശൌവാപദം.

3. അ (— അൺ)[1] (അഞ്), ഇ (ഇഞ്), ആയനഃ (ഫക്), ആയനി (ഫിഞ്), യ (യഞ്) ഇയ (ഘഃ), ഈന (ഖഃ), ഈയ (ഛഃ), യ (ണ്യഃ) എന്നീ പ്രത്യയങ്ങൾക്കു അപത്യാൎത്ഥം.

അ — a. ഉശീനര — ഔശീനരൻ, ഇരാവതി — ഐരാവതം, ഉവ് — ഔവൻ, ദുഹിതൃ — ദൌഹിത്രൻ, പുത്ര — പൌത്രൻ, കുശിക — കൌശികൻ, വസുദേവൻ — വാസുദേവൻ.

b. സ്ത്രീ. യമുനാ — യാമുനൻ, ഗംഗാ — ഗാംഗൻ, സുഭദ്രാ — സൌഭദ്രൻ.

a. ഇ — ദശരഥ — ദാശരഥി; ശൂര — ശൌരി; സൂത — സൌതി, ലോമഹൎഷൻ — ലൌമഹൎഷണി, അൎജ്ജുനൻ — ആൎജ്ജുനി, രാവണൻ — രാവണി.

b. സുമിത്രാ — സൌമിത്രി.

ആയന — ദ്വീപ — ദ്വൈപായനൻ, ബദര — ബാദരായണൻ, വത്സ — വാത്സായനൻ, യുഗന്ധര — യൌഗന്ധരായണൻ, അശ്വല — ആശ്വലായനൻ, ഗൎഗ്ഗ — ഗാൎഗ്ഗ്യായണൻ.

ആയനി — ഗൎഗ്ഗന്റെ യുവാപത്യം — ഗാൎഗ്ഗായണൻ — അവന്റെ ശിഷ്യന്മാർ ഗാൎഗ്ഗായണീയന്മാർ.

ഏയ (ഢക്) സ്ത്രീലിംഗത്തോടും ചേരും.

സ്ത്രീ — വിനതാ — വൈനതേയൻ, രോഹിണി — രൌഹിണേയൻ, രുക്മിണി — രൌക്മിണേയൻ, കുന്തി — കൌന്തേയൻ, ദ്രൌപദി — ദ്രൌപദേയൻ — ഉത്തരാ — ഔത്തരേയൻ, കദ്രു — കാദ്രവേയൻ, ഭഗിനി — ഭാഗിനേയൻ, കൌസല്യാ — കൌസലേയൻ, ശകുന്തളാ — ശാകുന്തളേയൻ.

പുല്ലിംഗം — അത്രി — ആത്രേയൻ, അഗ്നി — ആഗ്നേയൻ, മൃകണ്ഡു — മാൎക്കണ്ഡേയൻ.

ഈയ — സ്വസൃ — സ്വസ്രീയൻ, ഭ്രാതൃ — ഭ്രാത്രീയൻ, ഭരത — ഭാരതീയൻ.

ഈന — കുല — കുലീനൻ.

---

1. വലയത്തിന്നുള്ളിലേ അൺ, ഫക് മുതലായവ പാണിനിസംജ്ഞകളാകുന്നു.

219. 1. പൂൎണ്ണചന്ദ്രൻ ചിത്രാനക്ഷത്രത്തോടു കൂടുന്ന തിഥി ചൈത്രീ പൌൎണ്ണമി. ഈ പൌൎണ്ണമാസീ ഏതു മാസത്തിൽ വരുന്നുവോ അതു ചൈത്രം. വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രപദം (പ്രോഷ്ഠപദം), ആശ്വിനം, കാൎത്തികം, മാൎഗ്ഗശീൎഷം, പൌഷം, മാഘം, ഫാല്ഗുനം എന്നീ മാസനാമങ്ങളുടെ അൎത്ഥം പറക. ഇവയിൽ ചേരുന്ന അൺപ്രത്യയം കാലവാചകം ആകുന്നു. 'ഇന്നു കാൎത്തിക' എന്നതിൽ ചന്ദ്രൻ കൃത്തികാനക്ഷത്രത്തോടു ചേൎന്ന കാലം എന്നു വ്യാഖ്യാനിക്കാം. എന്നാൽ ഇന്നു പൂയം, കേട്ട, മുതലായ പ്രയോഗങ്ങളിൽ തദ്ധിതം ലോപിച്ചിരിക്കുന്നു.

2. യാഗത്തിങ്കൽ ദേവതെക്കായി സമൎപ്പിക്കുന്ന ദ്രവ്യം എന്ന അൎത്ഥത്തിൽ ദേവതാനാമങ്ങളോടു തദ്ധിതം ചേരും. ഇന്ദ്രനുള്ള ഹവിസ്സ = ഐന്ദ്രം ഹവിസ്സ; വിഷ്ണുവിന്നുള്ള പുരോഡാശം = വൈഷ്ണവം പുരോഡാശം.

3. അസ്ത്രാൎത്ഥത്തിലും ഈ ദേവതാതദ്ധിതങ്ങളെ പ്രയോഗിക്കും.

ബ്രാഹ്മമസ്ത്രം–ബ്രഹ്മാവിന്റെ അസ്ത്രം. പാശുപതം, ആഗ്നേയം, വാരുണം, വായവ്യം. (വായു ദേവതയായുള്ള അസ്ത്രം എന്നൎത്ഥം).

220. 1. **സമൂഹം എന്ന അൎത്ഥത്തിൽ അണാദിപ്രത്യയങ്ങൾ വരും.**

i. അൺ–കാകകളുടെ സമൂഹം–കാകം; ബക–ബാകം, ഭിക്ഷാ–ഭൈക്ഷം യുവതി–യൌവതം.

ii. ഗ്രാമം — ഗുണഗ്രാമം, കരണഗ്രാമം, തത്വഗ്രാമം, ശബ്ദഗ്രാമം, ഇന്ദ്രിയഗ്രാമം, ഭൂതഗ്രാമം.

iii. അകം — ഉക്ഷൻ (കാള)–ഔക്ഷകം, ഉഷ്ട്ര (ഒട്ടകം)–ഔഷ്ട്രകം, രാജൻ രാജകം, വത്സ–വാത്സകം, വൃദ്ധ–വാൎദ്ധകം, കേദാര (കൃഷിനിലം)–കൈദാരകം.

iv. ഗണിക — ഗാണിക്യം.

v. യൻ — ബ്രാഹ്മണ–ബ്രാഹ്മണ്യം. vi. പൎശു–പാൎശ്വം.

vii. താ — ഗ്രാമതാ, ജനതാ, ബന്ധുതാ, സഹായതാ, ഗജ-ഗജതാ.

2. **അതു പഠിക്കുന്നവൻ, അറിയുന്നവൻ എന്നൎത്ഥത്തിൽ അണാദിപ്രത്യയങ്ങൾ വരും.**

വ്യാകരണം — വൈയാകരണൻ, നിരുക്ത — നൈരുക്തൻ, നിമിത്ത — നൈമിത്തൻ, മുഹൂൎത്ത — മൌഹൂൎത്തൻ.

പരീക്ഷ. 215 — 220.

1. താഴെ വരുന്നവയുടെ അൎത്ഥം പറക. അവയിലെ ലകാരങ്ങളേയും കൃത്തുകളേയും തദ്ധിതങ്ങളേയും കാണിക്കുക.

(a) കാമിനി ശശധരസമമുഖി നന്നു ശൃണു | ശശിബിംബമിതു കാണ്കെ ശൈലവരേ. | ചരമേ മസൃണതരതരുതതിയും കാണ്കെ ധന്യേ. | (b) നിൻവിരഹം ഞാൻ വിഷഹേ കഥമിദാനീം. | (c) താമ്രചൂഡതതിയും യുദ്ധം ചെയ്യും. (d) മലയനിലയമാരുതൻ നല്ല മഞ്ജുളഗന്ധസംയുതൻ മാലിനീവീചിസംഗതൻ ശ്രദ്ധേ മന്ദം വരുന്നു. (e) ചിത്രം ചിത്രമിവരുടെ ചിത്തശൌഢ്യമോർത്താൽ. (f) ധാഷ്ട്യമിതെന്നൊട്ടു കൂട്ടുകയില്ലാ. | (g) വിധി വിപരീതമായിട്ടമ്പോൾ വിഫലമായീടുമിഹ വാഞ്ഛിതമശേഷവും.

2. ചാരു, വിഷമം, ധീര, ചികിത്സ, ബുദ്ധി, ജയം, വാദം, എന്നവയിൽനിന്നു തദ്ധിതങ്ങളുണ്ടാക്കി അവയെ വാക്യങ്ങളിൽ പ്രയോഗിക്കുക.

3. കൈതവം, മാധുരി, മഹിമ, ശുശ്രൂഷ, ജൈത്രം, ശാത്രവം, ഇഷ്ടി, കാരുണ്യം, കാത്താന്തമന്ദിരം, വൈഭവം, വൈക്ലബ്യം, ഔക്ഷ്യം, നൈരൃതേശൻ, ആന്ദൂരം, പാശുപതം, വൈഷ്ണവം, സൌഷ്ഠവം.

എന്നിവയുടെ ശബ്ദനിഷ്പത്തി പറക.

IV. സമാസാധികാരം.

A. നാമസമാസം.

1. സമാസസ്വരൂപം.

221. 1. തമ്മിൽ സംബന്ധമുള്ള പദങ്ങൾ ഒന്നായിച്ചേൎന്ന് ഒരു പദമായി ഒരൎത്ഥം മാത്രം കാണിക്കുന്ന പദകദംബകത്തിന്നു സമാസം എന്നു പേർ.

രാജാവിൻെറ പുരുഷൻ എന്നതിൽ പദങ്ങൾക്കു തമ്മിൽ ഉള്ള സംബന്ധം ആദ്യപദത്തിൻെറ ഷഷ്ഠീപ്രത്യയത്തിൽ നിന്നറിയാം. സംബന്ധം പറയുന്ന പ്രത്യയം വിട്ടുകളഞ്ഞു പദങ്ങളെ അടുത്തുച്ചരിച്ചാൽ ഉണ്ടാകുന്ന രാജപുരുഷൻ സമാസമാകുന്നു. സമാസത്തിൻെറ അൎത്ഥം കാണിപ്പാൻ ഉപയോഗിക്കുന്ന വാക്യമാകുന്നു **വിഗ്രഹവാക്യം.** സമാസാൎത്ഥം രാജാവെന്നോ പുരുഷനെന്നോ എന്നല്ല. രാജാവു നല്കിയ അധികാരമുള്ള വിശിഷ്ടപുരുഷൻ എന്നൎത്ഥമാകയാൽ ആ അൎത്ഥം രാജപുരുഷൻ എന്ന സമുദായത്തിൽ നിന്നു കിട്ടുന്നു. തമ്മിൽ സംബന്ധമുള്ള പദങ്ങൾ ഒന്നിച്ചു കൂടി അവയവങ്ങളുടെ അൎത്ഥത്തിൽ നിന്നു വ്യത്യസ്തമായ അൎത്ഥം കാണിക്കുന്ന ശക്തിയാകുന്നു **ഏകാൎത്ഥീഭാവം.**

സമാസത്തിൻെറ ഇടയിൽ അന്യപദങ്ങൾക്കു പ്രവേശമില്ല; വിഭക്തികൾ സമാസാന്തത്തിൽ ചേരാം; വിശേഷണാദികൾ സമാസാൎത്ഥത്തോട്

അനന്വയിക്കയല്ലാതെ അതിലേ അവയവങ്ങളോടു ചേരുകയില്ല. ഈ ഹേതുക്കളാൽ സമാസത്തിന്നു് ഐകപദ്യം ഉണ്ടു.

2. ഏകാൎത്ഥീഭാവവും ഐകപദ്യവും ഉള്ള പദക്കൂട്ടം സമാസമാകുന്നു. സമാസത്തിലേ പദങ്ങൾ ഘടകപദങ്ങളും അവയിൽ ആദ്യത്തേതു പൂൎവ്വപദവും മറേറതു് ഉത്തരപദവും ആകുന്നു. സമാസത്തിൽ എത്ര പദങ്ങൾ ഉണ്ടായിരുന്നാലും അതിനെ രണ്ടു പദങ്ങളായി വിഗ്രഹിക്കേണം. പൂൎവ്വോത്തരപദങ്ങളും സമാസങ്ങൾ ആകുമ്പോൾ സമാസത്തിൽ ബഹുപദങ്ങൾ ഉണ്ടാകും.

ജഗൽ, ഈശ്വരൻ, അനുഗ്രഹം സിദ്ധി എന്നീ നാലു പദങ്ങൾ ചേൎന്നുണ്ടാകുന്ന ജഗദീശ്വരാനുഗ്രഹസിദ്ധി എന്ന സമാസത്തെ ദ്വിപദമാക്കി ജഗദീശ്വരാനുഗ്രഹത്തിന്റെ സിദ്ധി എന്നു വിഗ്രഹിച്ച ശേഷം പൂൎവ്വപദത്തെ ജഗദീശ്വരന്റെ അനുഗ്രഹം എന്നു വിഗ്രഹിക്കും. ഒടുവിൽ ജഗത്തിന്റെ ഈശ്വരൻ എന്നു വിഗ്രഹിക്കേണം.

അന്ത്യപദം ഒഴികെയുള്ള ഘടകപദങ്ങളുടെ പ്രത്യയങ്ങൾ ലോപിച്ചിരിക്കുന്നു എന്നു മേലുദാഹരണങ്ങളിൽ നിന്നു് അറിയാം. പങ്കേരുഹം എന്നതിൽ സപ്തമീപ്രത്യയം ലോപിച്ചിട്ടില്ല.

ജഗദീശ്വരൻ = ജഗത്തിന്റെ ഈശ്വരൻ; വാതങ്ങെക്കൊല്ലി = വാതത്തെ കൊല്ലുന്നതു; ചെങ്കതിരവൻ = ചുകന്ന കതിരുകൾ ഉള്ളവൻ; തേൻമൊഴിയാൾ = തേനിനെപ്പോലെയുള്ള മൊഴിയുള്ളവൾ. ഇവ വിഗ്രഹവാക്യങ്ങളാകുന്നു.

222. വിഗ്രഹവാക്യം കൊണ്ടു് ഒരു പദത്തിന്റെ അൎത്ഥം പറയുന്നതു പദവൃത്തി.

സമാസാൎത്ഥം വിഗ്രഹവാക്യം കൊണ്ടു പറയുന്നതു **സമാസവൃത്തിയും**, ദശരഥപുത്രൻ എന്നതിന്നു പകരം ദാശരഥി എന്ന തദ്ധിതത്തെ പ്രയോഗിച്ചു് അതിന്റെ അൎത്ഥം ദശരഥന്റെ പുത്രൻ എന്ന വിഗ്രഹവാക്യം കൊണ്ടു പറയുന്നതു **തദ്ധിതവൃത്തിയും** ആകുന്നു. ഏവനിൽ യോഗിമാർ രമിക്കുന്നുവോ ആയവൻ രാമൻ എന്നു കൃദന്തമായ രാമശബ്ദത്തിന്റെ അൎത്ഥം പറയുന്നതു **കൃദ്വൃത്തി.** 'ജഗത്തിന്റെ മാതാപിതാക്കന്മാർ' എന്ന അൎത്ഥത്തിൽ 'ജഗത്തിന്റെ പിതാക്കൾ' എന്നും പറയാം. മാതാപിതാക്കൾ എന്നതിൽ ആദ്യപദം ലോപിച്ച ശേഷം നിൽക്കുന്ന പിതാക്കൾ എന്നതിനെ മാതാപിതാ

കൾ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നതു് **ഏകശേഷവൃത്തി** (122. 2). അറിവാനുള്ള ഇച്ഛ ജിജ്ഞാസ പാനം ചെയ്യാനുള്ള ഇച്ഛ പിപാസ, ഭുജിപ്പാനുള്ള ഇച്ഛ ബുഭുക്ഷ എന്നിങ്ങിനെ അർത്ഥം പറയുന്നതു **സനാദിവൃത്തി.**

വിഗ്രഹവാക്യം കൊണ്ടു് അർത്ഥം പറയുന്ന സമാസവൃത്തി, കൃദ്വൃത്തി, തദ്ധിതവൃത്തി, ഏകശേഷവൃത്തി, സനാദിവൃത്തി എന്ന അഞ്ചു വൃത്തികൾ സംസ്കൃതത്തിൽ ഉണ്ടു. **ഏകാർത്ഥീഭാവം** ഈ അഞ്ചു പദവൃത്തികൾക്കു മാത്രമേയുള്ളു.

223. 1. പൂർവ്വപദാന്തത്തിലെ പ്രത്യയം ലോപിച്ചുണ്ടാകുന്നതു ലുൿസമാസവും പ്രത്യയം ലോപിക്കാതെ ഉണ്ടാകുന്നതു് അലുൿസമാസവും ആകുന്നു.

ലുൿസമാസം. ഇക്കുതോഴി, കഴലിണ, മധുരവാണി, പുലിത്തോൽ, മാൻകുട്ടി, അരഞ്ഞാൺ, കളിയടക്ക, ചെന്തളിർ, ഇളനീർ, കാർമേഘം.

അലുൿസമാസം — മരഞ്ചാടി, ചേരമാൻരാജ്യം, രാമൻനായർ, ശ്രീധരൻനമ്പൂതിരി, നാലാലൊന്നു, കുന്നിൽകുരു, മട്ടോലുംമൊഴിയാൾ, സൂത്രാത്മാവാദികൾ.

ഏകാർത്ഥീഭാവവും ഐക്യപദ്യവും ഉള്ളതു കൊണ്ടു് അലുൿസമാസങ്ങൾ വാചകത്തിൽ നിന്നു വ്യത്യാസപ്പെടുന്നു.

2. ഘടകപദങ്ങളുടെ പ്രാധാന്യപ്രകാരം സമാസങ്ങളെ തൽപുരുഷൻ, ദ്വന്ദ്വൻ, ബഹുവ്രീഹി, അവ്യയീഭാവൻ എന്ന നാലു തരങ്ങളായി വിഭജിക്കുന്നു. തൽപുരുഷനു കർമ്മധാരയൻ എന്നും കർമ്മധാരയനു ദ്വിഗു എന്നും അവാന്തരഭേദങ്ങൾ ഉള്ളതു കൊണ്ടു സമാസങ്ങൾ ആറു വിധം എന്നും പറയും. (224. 4.)

ഈ ആറുവിധം സമാസത്തിലും ലുഗലുഗ്ഭേദങ്ങൾ ഉള്ളതു കൊണ്ടു വിഭജനം സങ്കരമാകുന്നു.

ഘടകപദങ്ങളെല്ലാം സംസ്കൃതശബ്ദങ്ങൾ ആയാൽ സമാസത്തിലെ സന്ധി, വിഗ്രഹവാക്യം, അർത്ഥം, പദവിന്യാസക്രമം ഇത്യാദികാര്യങ്ങൾ സംസ്കൃതവ്യാകരണവിധികളെ അനുസരിച്ചിരിക്കേണം. ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും കൂടുന്ന സമാസങ്ങൾ ഭാഷാവ്യാകരണം ആശ്രയിച്ചിരിക്കേണം. ഭാഷാനുഗുണമായി സമാസങ്ങളെ വിഗ്രഹിക്കുക.

(i) തൽപുരുഷൻ.

224. 1. വിഗ്രഹവാക്യത്തിൽ പൂൎവ്വപദം ദ്വിതീയാദിവിഭക്തിയിൽ ഉത്തരപദത്തോട് അന്വയിക്കുന്ന സമാസം **തൽപുരുഷൻ** ആകുന്നു.

തൽപുരുഷൻ എന്നതിന്ന് അവന്റെ പുരുഷൻ എന്നൎത്ഥമാകയാൽ അതു ഷഷ്ഠീതൽപുരുഷനാകുന്നു. ഈ സംജ്ഞയാൽ തത്സദൃശങ്ങളേയും ഗ്രഹിക്കുന്നതുകൊണ്ട് അതു് ഉപലക്ഷണമാകുന്നു. അതുപോലെ ദ്വിഗു (രണ്ടു പശു), ബഹുവ്രീഹി (ബഹുധാന്യങ്ങൾ ഉള്ള വയൽ) എന്നിവയും ഉപലക്ഷണങ്ങൾ ആകുന്നു.

2. പൂൎവ്വപദം പ്രഥമയായാൽ പൂൎവ്വോത്തരപദങ്ങൾ സമാനാധികരണങ്ങളായി സമാസം കൎമ്മധാരയനാകും.

a. ദ്വിതീയാതൽപുരുഷൻ — ദ്വിതീയാന്തപദം ശ്രിത, അതീത, പതിത, ഗത, അത്യസ്ത, പ്രാപ്ത, ആപന്ന എന്നീ പ്രകൃതികളോടു സമാസിക്കും.

കൃഷ്ണനെ ശ്രിതൻ — കൃഷ്ണശ്രിതൻ, സംഖ്യയെ അതീതം — സംഖ്യാതീതം, ലോകാതീതൻ; ദുഃഖാതീതൻ; പരലോകഗതൻ, തുഹിനാത്യസ്തൻ, സുഖപ്രാപ്തൻ, ദുഃഖാപന്നൻ. മുഹൂൎത്തസുഖം. വൎഷഭോഗം (ഒരു കൊല്ലം മുഴുവനും അനുഭവിക്കേണ്ടിയതു.

b. തൃതീയാതൽപുരുഷനിൽ കൃന്നിഷ്ഠ പദാന്തത്തിൽ വരും.

കരത്താൽ കൃതം — കരകൃതം, ഹസ്തലിഖിതം, ഹരിത്രാതൻ, വിഷ്ണുഗുപ്തൻ, ജന്മാന്തരകൃതം. വാക്കലഹം, നളതുല്യൻ, ചന്ദ്രസദൃശൻ, അഗ്നിസമൻ. അംഗവികലൻ, ഒന്നുകുറയ ചാക്ക് ആയിരം, കാലുറ മൂന്നു, ഗുഡമിശ്രം, ദദ്ധ്യോദനം.

c. ചതുൎത്ഥീതൽപുരുഷൻ — കുണ്ഡലഹിരണ്യം, ജഗദ്ധിതൻ, ഭക്ഷണാൎത്ഥം.

d. പഞ്ചമീതൽപുരുഷൻ — ചോരഭയം, അഗ്നിഭീതി, രോഗഭീതൻ, ഗ്രാമനിൎഗ്ഗതൻ എന്നിവയിൽ ചോരനിൽനിന്നുള്ള ഭയം = ഭയത്തിന്നു ഹേതു ചോരൻ എന്നൎത്ഥം. രാജ്യഭ്രഷ്ടൻ, സ്വൎഗ്ഗപതിതൻ മുതലായവ സംസ്കൃതത്തിൽ പഞ്ചമീതൽപുരുഷനാകുന്നു.

e. ഷഷ്ഠീതൽപുരുഷൻ — കൃഷ്ണചരിതം, കംസവധം, കാളീയമൎദ്ദനം, ബാണയുദ്ധം, പൂങ്കുല, നരിപ്പല്ല്, കൈവിരൽ, തുടയിണ, നെററിത്തടം, ഭൎത്താവു, നരപതി, ലോകനാഥൻ.

മുനിമാരുടെ ത്രയം — മുനിത്രയം. മൂന്നു് അവയവങ്ങളുള്ള സമുദായം ത്രയം.

ലോകത്രയം; ഫലദ്വയം; സാധനചതുഷ്ടയം; ഭൂതപഞ്ചകം; ഋതുഷൾകം. ഇവയിൽ ദ്വയം, ത്രയം, ചതുഷ്ടയം ഇത്യാദി സംഖ്യാസമൂഹനാമങ്ങൾ ആകുന്നു.

f. സപ്തമീതൽപുരുഷൻ — അക്ഷശൌണ്ഡൻ, കൂപമണ്ഡൂകം, ഉദ്ദണ്ഡോഹം, കടലാന, കളക്കോഴി.

ജ്ഞാപകം — ഇന്ദ്രസമൻ — എന്നതിനെ സംസ്കൃതരീതിയിൽ വിഗ്രഹിച്ചാൽ അതു തൃതീയാതൽപുരുഷനും ഭാഷയിൽ ഇന്ദ്രനോടു സമൻ എന്നു വിഗ്രഹിച്ചാൽ പഞ്ചമീതൽപുരുഷനും ഇന്ദ്രന്നു സമൻ എന്നു വിഗ്രഹിച്ചാൽ ചതുൎത്ഥീതൽപുരുഷനും ആകും. പൂൎവ്വപദത്തിന്റെ വിഭക്തി കൊണ്ടു തൽപുരുഷന്റെ ജാതി നിശ്ചയിക്കേണം.

3. തൽപുരുഷനിൽ പൂൎവ്വപദത്തിന്റെ വിഭക്തിക്കു മാററമില്ലാത്തതു കൊണ്ടു് ഉത്തരപദത്തിന്നു പ്രാധാന്യം.

"നന്ദനന്ദനൻ നമ്മെ രക്ഷിച്ചു." എന്നതിൽ രക്ഷകൻ നന്ദപുത്രനായ കൃഷ്ണനാകയാൽ ഉത്തരപദത്തിന്നു പ്രാധാന്യം.

4. ഏതു പദത്തിന്റെ അൎത്ഥത്തിൽ ശ്രോതാവു മനസ്സിരുത്തി ആലോചിക്കേണം എന്നു് ഇച്ഛിച്ചു പ്രയോഗിക്കുന്നുവോ ആ പദം വാക്യത്തിൽ പ്രധാനം. പ്രാധാന്യം പ്രായേണ പ്രഥമാവിഭക്തി കൊണ്ടു കാണിക്കും.

കനകമൃഗം, ചൈത്രമാസം, ശിവരാത്രി, രാമനവമീ, അയോദ്ധ്യാപുരി മുതലായവ സംജ്ഞകളാകയാൽ ഇവയുടെ വിഗ്രഹവാക്യങ്ങളെ വാക്യത്തിൽ പ്രയോഗിക്കയില്ല.

പൂൎവ്വകായം (= കായത്തിന്റെ പൂൎവ്വഭാഗം), മദ്ധ്യാഹ്നം (അഹസ്സിന്റെ മദ്ധ്യം), അൎദ്ധപിപ്പലി (പിപ്പലിയുടെ അൎദ്ധം) മുതലായ സമാസങ്ങളിൽ പൂൎവ്വപദം പ്രഥമയിൽ ആകയാൽ അവയെ പ്രഥമാതൽപുരുഷൻ എന്നു പറയും. താന്തോന്നി.

225. 1. തൽപുരുഷനിൽ ഉത്തരപദാദിയിലെ ഖരത്തിന്നു ദ്വിത്വം വരും. (82, 3) ദ്വിത്വം സ്വരത്തെക്കാണിക്കും. (42).

പുലിത്തോൽ, പൂക്കുല, വാഴപ്പഴം, ആനക്കൊമ്പു, മുന്തിരിങ്ങാപ്പഴം, കൊന്നപ്പൊടി. ഇവയിൽ ഘടകപദങ്ങൾ മലയാളപദങ്ങൾ ആകുന്നു.

പടജ്ജനം, ആനജ്ഞാന്നു, മടിശ്ശീല ഇത്യാദിയിൽ ഉത്തരപദം സംസ്കൃതവും പൂൎവ്വപദം മലയാളവും ആകുന്നു.

2. സംസ്കൃതപദങ്ങൾ മാത്രം ചേൎന്നുണ്ടായ സമാസങ്ങളിൽ ദ്വിത്വം വരികയില്ല.

അരികലം, തരുതതി, ഘനപടലം, തരുപുഷ്പം, നഗരജനം.

ചന്ദ്രക്കല മുതലായവയിലെ ദ്വിത്വം ചന്ദ്രൻ മുതലായ പൂൎവ്വപദങ്ങളുടെ ഭാഷീകരണത്താൽ സംഭവിച്ചു എന്നു ലീലാതിലകം സമാധാനം പറയുന്നു. അന്യഭാഷാപദങ്ങളെ കടം വാങ്ങി പ്രയോഗിക്കുമ്പോൾ അവ സ്വന്തം സ്വത്തായിത്തീരുന്നതു സ്വാഭാവികമല്ലയോ. സംസ്കൃതസന്ധിശാസ്ത്രത്തെ ലക്ഷിക്കാത്ത ശിഷ്ടന്മാർ പ്രയോഗിച്ച പദങ്ങൾക്കു സാധുത്വം കല്പിക്കുന്നതാണു ന്യായ്യം. (82.)

അഹൎവ്വൃത്തി, അഹോരാത്രം, നവരാത്രഃ, മഹാരാജൻ, പാൎത്ഥസഖൻ, ഇത്യാദി ഭാഷയിൽ എങ്ങിനെ മാറും?

(ii.) കൎമ്മധാരയൻ.

226. തൽപുരുഷനിലെ പൂൎവ്വോത്തരപദങ്ങൾക്കു സാമാനാധികരണ്യം ഉണ്ടായാൽ അതു കൎമ്മധാരയൻ ആകും.

സംസ്കൃതം — ശ്വേതവസ്ത്രം (ശ്വേതമായ വസ്ത്രം), നീലോൽപലം (നീലമായ ഉൽപലം) കാളമേഘം, മധുരവചനം, രൂക്ഷവചനം, പുഷ്ടമോദം. (224. 2.)

ഭാഷാ — കാർമേഘം, വെള്ളാന, വെള്ളാമ്പൽ, തണ്ടാർ, പൈങ്കിളി, കറുങ്കാൽ, ചെങ്കോൽ, ചെങ്കഴി.

പദങ്ങൾ സമാനാധികരണങ്ങളായി വിശേഷ്യവിശേഷണങ്ങളായിരിക്കും. വിശേഷണങ്ങൾ ഭാഷയിൽ വിശേഷ്യനിഘ്നങ്ങളും അലിംഗകങ്ങളും ആണല്ലോ. വിശേഷണം വിശേഷ്യനിഘ്നമായാൽ പൂൎവ്വപദം പ്രഥമയാകും. (117.)

പ്രഥമ — ശാരികത്തരുണി (ശാരികയാകുന്ന തരുണി), പൈങ്കിളിപ്പെൺ (പൈങ്കിളിയാകുന്ന പെൺ), കിളിപ്പൈതൽ (കിളിയാകുന്ന പൈതൽ), നീലക്കാർ (നീലമായ കാർ).

അലിംഗകവിശേഷണം—വെള്ളാന, പച്ചപ്പുല്ല്, മഞ്ഞവസ്ത്രം, വട്ടത്തൊപ്പി, മാട്ടുത്തോൽ, കാട്ടാന, നീറ്റടക്ക. (117.)

അലിംഗകവിശേഷണങ്ങളിൽ ധാതുക്കളിൽനിന്നു ജനിച്ച വെള്ള, കറുത്ത, വലിയ, ചുകന്ന മുതലായ പരിനിഷ്ഠിതരൂപങ്ങളും വേറും ധാതുക്കളും ഉണ്ടു. വിശേഷണമായുപയോഗിക്കുന്ന ധാതുക്കളേ **ധാതുജങ്ങളെന്നു** പറയും. (265.)

ധാതുജവിശേഷണം — ചെന്താമര (ചുകന്ന താമര), കരിംകൂവളം, (കറുത്ത കൂവളം), ഇളനീർ (ഇളയ നീർ), പൈംകിളി (പച്ചക്കിളി), തൃക്കാൽ

(ശ്രീകാൽ) വെഞ്ചാമരം (വെളുത്ത ചാമരം), മൂടുവസ്ത്രം (മൂടുന്ന വസ്ത്രം), വെഞ്ഞാടം, ചെന്താർ, ചേവടി, ചെമ്മീൻ, ചെങ്കനൽ, ഇവ **നിത്യസമാസങ്ങൾ** ആകുന്നു.

ലീലാതിലകത്തിലും ശബ്ദമണിദർപ്പണം മുതലായ കർണ്ണാടകവ്യാകരണങ്ങളിലും ചുകന്ന, കറുത്ത മുതലായ രൂപങ്ങൾ സന്ധിനിമിത്തം ചെം, കരിം മുതലായ രൂപങ്ങൾ ധരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. ധാതുജവിശേഷണങ്ങളെ ഇവ ഗ്രഹിക്കുന്നില്ല.

ധാതുജവിശേഷണങ്ങൾക്കു സ്വാതന്ത്ര്യപ്രയോഗമില്ലാത്തതു കൊണ്ട് അവ ചേർന്നുണ്ടാകുന്ന കർമ്മധാരയന്നു വിഗ്രഹവാക്യം ഇല്ലായ്കയാൽ അതു **നിത്യസമാസമാകുന്നു.**

ധാതുജങ്ങളുടെ സ്വഭാവം ഭേദകാധികാരത്തിൽ പറയും. (144. 266.)

(a) നിത്യസമാസം.

227. ഘടകപദങ്ങളെ തന്നെ വിഗ്രഹവാക്യത്തിൽ ഉപയോഗിച്ച് അർത്ഥം പറവാൻ കഴിയാത്തവ നിത്യസമാസങ്ങൾ ആകുന്നു. ഇവയിൽ താഴെ വരുന്നവ പൂർവ്വപദങ്ങളായ്വരാം.

i. ധാതുജവിശേഷണങ്ങൾ — ചെങ്കോൽ, ചെങ്കളമി, ഇളങ്കുറു, മൂടുപടം.

ii. ചുട്ടെഴുത്തുകൾ — അക്കാലം, ആ ദിവസം, ഇച്ചതി, ഈ യുദ്ധം.

iii. ചോദ്യെഴുത്തുകൾ — എപ്പോൾ, എവിടം, എപ്പേർ.

vi. അതു, ഇതു, ഏതു, എന്തു എന്ന സർവ്വനാമങ്ങൾ പൂർവ്വപദങ്ങളും അതു, താൻ ഉത്തരപദങ്ങളും ആയി പദ്യത്തിൽ വരും.

1. ഇക്കഥതന്നിൽ ഉള്ള നീതികൾ കേൾക്കുന്നേരം. 2. വന്ദിച്ചു ഗണനാഥൻതന്നേയും വാണിയേയും. 3. നന്ദനാം മഹീപതിതന്നുടെ പത്നികളായി. 4. ഭദ്രയാം സുനന്ദതാൻ ക്ഷത്രിയപുത്രി തന്നെ. 5. അന്തഃകീരങ്ങൾ വാഴും തരുകഹരമതിൽ നിന്നു വീണൊരു ധാന്യം. ഇവിടെ 'തരുകഹരമതിൽ' എന്നതിന്നു 'തരുകഹരത്തിൽ' എന്നു മാത്രം അർത്ഥം.

അന്ത്യവർണ്ണദ്വിത്വത്താൽ ഉണ്ടായ വിശേഷണങ്ങൾ — ആട്ടുപാൽ, മാട്ടുതോൽ, കാട്ടുപടോലം, ആററുവഞ്ചി, നീററടക്ക. ചെപ്പുകുടം, കരുക്കുപ്പട, ഇരുപ്പുപ്പലക, മുതലായവയിൽ അനുനാസികലോപത്താൽ ചെമ്പു, കരുങ്ങു, ഇരുമ്പു എന്നിവ ഖരദ്വിത്വത്താൽ വിശേഷണങ്ങളായ്ത്തീർന്നു. (267. 2.)

ജ്ഞാപകം — ഇലംക്രൂറു, ചെങ്കോൽ, കാട്ടുപടോലം, ആറുവഞ്ചി ഏഴിലംപാല മുതലായവ സംജ്ഞകൾ ആകകൊണ്ട് അവയെ വിഗ്രഹിച്ച് അൎത്ഥം പറഞ്ഞു കൂടായ്കയാൽ അവ നിത്യസമാസങ്ങൾ (അസ്വപദവിഗ്രഹങ്ങൾ) ആകുന്നു. വാക്യം കൊണ്ടു സംജ്ഞ ഉണ്ടാകാത്തതു കൊണ്ടു സമാസങ്ങളായ സംജ്ഞാനാമങ്ങളെ വിഗ്രഹിക്കയോ തൎജ്ജിമ ചെയ്കയോ പാടില്ല. ബ്രാഹ്മണാൎത്ഥം (ബ്രാഹ്മണന്നാക്കായിട്ടുള്ള) എന്നിങ്ങിനെയുള്ളവയിൽ വിഗ്രഹവാക്യത്തിൽ അൎത്ഥപദം ഉപയോഗിക്കാത്തതു കൊണ്ട് അവ നിത്യസമാസങ്ങൾ ആകുന്നു. യഥാശക്തി, യാവജ്ജീവം, ആസേതു മുതലായ അവ്യയീഭാവസമാസങ്ങളും നിത്യസമാസങ്ങൾ ആകുന്നു. (115. 8.)

(b) രൂപകസമാസം.

228. കൎമ്മധാരയന്റെ വിഗ്രഹത്തിലെ സാമാനാധികരണ്യത്താൽ സിദ്ധിക്കുന്ന ഐക്യം വാസ്തവമല്ലാതെ കല്പിതമായാൽ ആ ഐക്യം രൂപകാലംകാരത്തിന്നു ബീജമാകും.

1. രണ്ടു വസ്തുക്കൾ തമ്മിലുള്ള ഭേദത്തെ ഗണ്യമാക്കാതെ അവയുടെ സാമ്യത്തെ പ്രമാണിച്ച് അവക്ക് ഐക്യം കല്പിക്കുന്നതു രൂപകാലംകാരമാകുന്നു.

സംസാരമാകുന്ന സാഗരം എന്നതിൽ സംസാരത്തിന്നും സാഗരത്തിന്നും തമ്മിൽ ഐക്യം ഉണ്ടെന്നു 'ആകുന്നു' എന്ന ക്രിയ കാണിക്കുന്നു. ഇവക്കു വലിയ ഭേദം ഉണ്ടായിരുന്നിട്ടും അതിനെ ലക്ഷ്യമാക്കാതെ ഇവയെക്കടന്നു പോവാനുള്ള പ്രയാസത്തെ ആസ്പദമാക്കി ഐക്യം ആരോപിക്കുന്നു. ഐക്യമില്ലാത്തേടത്ത് അതുണ്ടെന്നു പറയുന്നത് ആരോപം.

2. ഐക്യം ആരോപിച്ചു രണ്ടു നാമങ്ങളെ ഒരു സമാസമാക്കിയാൽ അതു രൂപകസമാസമാകും.

സംസാരസാഗരം, സമരാധ്വരം, രണനളി, ജ്ഞാനയജ്ഞം, യുദ്ധാൎണ്ണവം, പരിഭവാഗ്നി (കൊണ്ടു ജ്വലിച്ച എന്റെ മനസ്സ്), ബന്ധുവിനാശദുഃഖജലധി, വ്യസനാഗ്നി, ഭുജ്ജ്വാസനശോണിതാസവം, ഇതു് ഒരു യുദ്ധയാഗമാകുന്നു, ചേതോദൎപ്പണം ഇത്യാദി രൂപകസമാസങ്ങളാകുന്നു. ഇവ രൂപകാലംകാരത്താൽ ഉണ്ടായവയാകുന്നു. ഇവയെ വിഗ്രഹിക്കുക. നിങ്ങൾക്ക് അൎത്ഥം ബോധിച്ചിട്ടുണ്ടെന്നു കാണിപ്പാൻ ഇവയെ പ്രയോഗിച്ചു വാക്യങ്ങളെ നിൎമ്മിക്കുക.

മാനം മാത്രം ധനം — മാനധനം, തപസ്സുമാത്രം ധനം — തപോധനം, കീൎത്തി മാത്രം ശരീരം — കീൎത്തിശരീരം, ഇത്യാദി സമാസങ്ങളുടെ വിഗ്രഹങ്ങളിൽ പൂൎവ്വപദവാച്യമായ വസ്തുമാത്രമല്ലാതെ മറെറാന്നുമില്ല എന്നു കാണിപ്പാൻ അവധാരണം ചെയ്യേണ്ടിയതു കൊണ്ടു് ഇവയെ **അവധാരണസമാസങ്ങൾ** എന്നു പറയും. ജലപാനം, വായുഭക്ഷണം, അബ്ഭക്ഷൻ എന്നിവയെ വിഗ്രഹിച്ചു് അൎത്ഥം പറക.

(c) ഉപമിതസമാസം.

229. 'മുകുന്ദന്റെ മുഖം അരവിന്ദം പോലെ മനോഹരമാകുന്നു' എന്നതു് **ഉപമാലംകാരം** ആകുന്നു. അതിൽ അരവിന്ദത്തോടു സാദൃശ്യപ്പെടുത്തിയ മുഖം **ഉപമേയവും**, അരവിന്ദം **ഉപമാനവും**, പോലെ **ഉപമാവാചകവും**, മനോഹരത്വം ഉപമാനോപമേയങ്ങളുടെ **സമാനധൎമ്മവും** ആകുന്നു. ഈ എണ്ണങ്ങൾ നാലും ഉള്ളതു **പൂൎണ്ണോപമ**. ഇവയിൽ വല്ലതിന്നും ലോപം വന്നുണ്ടാകുന്നതു **ലുപ്തോപമ**. അരവിന്ദം പോലെയുള്ള മുഖം എന്നതിന്നു പകരം മുഖാരവിന്ദം എന്ന സമാസത്തെ ഉപയോഗിക്കാം. 'മുകുന്ദന്റെ മുഖാരവിന്ദം മനോഹരമാകുന്നു' എന്നതിൽ ഉപമാവാചകത്തിന്നു ലോപം വന്നിരിക്കുന്നു.

1. ഉപമാനവാചികളായ നാമങ്ങൾ സമാനധൎമ്മവാചികളോടു സമാസിക്കുന്നതു് ഉപമിതസമാസം. ഇതിൽ ഉപമാനം പൂൎവ്വപദമാകും.

ഘനശ്യാമനായ രാമൻ = ഘനത്തെ (മേഘത്തെ) പോലേ ശ്യാമനായ രാമൻ. ഇവിടെ ഉപമേയനായ രാമന്നും ഉപമാനമായ മേഘത്തിന്നും സമാനമായ ശ്യാമഗുണം ഉള്ളതു കൊണ്ടു ഘനം ശ്യാമൻ എന്ന പദങ്ങൾ സമാസിച്ചു, ഉപമാവാചകം ലോപിച്ചു. ശംഖധവളം, സുധാമധുരം, നീഹാരശീതളം.

2. സാമാന്യധൎമ്മത്തെ പ്രയോഗിക്കാതെ ഉപമേയവാചികളായ നാമങ്ങൾ ഉപമാനവാചികളായ വ്യാഘ്രാദികളോടു സമാസിക്കും. ഇതിൽ ഉപമാനം ഉത്തരപദമാകുന്നു.

1. പുരുഷവ്യാഘ്രൻ, 2. പുരുഷസിംഹൻ, 3. പുരുഷൎഷഭൻ, 4. രാജകുഞ്ജരൻ, 5. മുഖപത്മം, 6. കരാരവിന്ദം, 7. കരകിസലയം, 8. വദനപുണ്ഡരീകം. 9. പാൎത്ഥിവചന്ദ്രൻ. 10. ബ്രാഹ്മകലാവതംസൻ. 11. ഭ്രൂ

മണി, 12. ഭൂപഖേടൻ, 13. കപികഞ്ജീരവൻ, 14. പക്ഷികീടൻ, 15. നൃപതിതിലകൻ, 16. പൂരുകുലമണിദീപൻ, 17. വനിതാരത്നം 18. പെൺമണിമാണിക്യം, 19. മനുജപുംഗവൻ, 20. ഗോമതല്ലിക, 21. ചില്ലീമതല്ലിക.

പെൺമണി (മണിയെപ്പോലെയുള്ള പെൺ), സ്ത്രീരത്നം (രത്നത്തെപ്പോലെയുള്ള സ്ത്രീ), മുനിപുംഗവൻ (പുംഗവനെപ്പോലെയുള്ള മുനി), പാണ്ഡവപശു (പശുവിനെപ്പോലെയുള്ള പാണ്ഡവൻ).

വ്യാഘ്രത്തെപ്പോലെ ശൂരനായ പുരുഷൻ എന്നു സാധാരണധർമ്മത്തെയും പറയുമ്പോൾ സമാസം ഉണ്ടാകയില്ല എന്നു സംസ്കൃതവൈയാകരണന്മാരുടെ സിദ്ധാന്തം. ഈ വിധം സമാസങ്ങളിൽ സമാനധർമ്മവും ഉപമാവാചകവും ലോപിച്ചിരിക്കുന്നു.

വ്യാഘ്രാദി* ആകൃതിഗണമാകയാൽ അവയെപ്പോലെയുള്ള മറ്റു പദങ്ങളേയും പ്രയോഗിക്കാം — വ്യാഘ്രം, ശാർദ്ദൂലം, സിംഹം, പുംഗവൻ, വൃഷഭം, ഋഷഭം, പ്രബർഹൻ, പരിവൃഢൻ, അഗ്രണീ, അഗ്രേസരൻ, നായകൻ, വരൻ, ശ്രേഷ്ഠൻ, മണ്ഡനം, അലംകാരം, ഭൂഷണം, രത്നം, മണി, മാണിക്യം, ശിരോമണി, ചൂഡാമണി, മൌലി, മൌലിരത്നം, മൌലിമാല, ശിരോരത്നം മതല്ലിക മുതലായവ ശ്രേഷ്ഠതയേയും, കീടം, കൃമി, പശു, ഗോ, അധമൻ, കളങ്കം മുതലായവ നീചതയേയും കാണിപ്പാനായി സമാസത്തിൽ ഉത്തരപദങ്ങളാമ്മതം.

3. ഉപമാവാചകങ്ങളെ താഴേ ചേർക്കുന്നു.

i. പ്രത്യയങ്ങൾ — വൽ, കല്പ, ദേശീയ, ദേശ്യ.

a. വൽ — ഇതു പ്രായേണ ക്രിയാവിശേഷണങ്ങളിൽ കാണും — ദണ്ഡവൽ പ്രണിപതിച്ചു. ദേവദാദേശമെന്നിക്കൊരു സ്ഥൂണിവൽ. ഇന്ദുമേൽ അപകീർത്തി തെളിഞ്ഞിരിക്കും മണിവൽ.

b. കല്പ — ദേവകല്പൻ, ഉത്തമകല്പം.

c. ദേശീയ — പഞ്ചവർഷദേശീയൻ.

ii. അവ്യയങ്ങൾ — യഥാ, വാ, വ ഇവ ഇവകൾ ഭാഷയിൽ പ്രയോഗം കറയും. ചാമിവ.

---

*സ്യുരുത്തരപദേ വ്യാഘ്രപുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ പുംസി ശ്രേഷ്ഠാർത്ഥഗോചരാഃ ।
മതല്ലികാ മചർച്ചികാ പ്രകാണ്ഡമുദ്ധതല്ലജൌ
പ്രശസ്തവാചകാന്യമൂനി ॥

iii. നിത്യസമാസത്തിൽ ഉത്തരപദങ്ങളായി വരുന്ന പദങ്ങൾ:— നിഭ, സന്നിഭ, ആഭ, നീകാശ, പ്രതീകാശ, ഉപമാ, പ്രകാശ.

ചന്ദ്രനിഭാനനൻ, ഇന്ദ്രസന്നിഭൻ.

iv. സമാൎത്ഥകപദങ്ങൾ:— അനുവാദിൻ, ഉപമിത, തുല്യ, തുലിത, പ്രഖ്യ, പ്രതിദ്വന്ദ്വി, പ്രതിനിധി, പ്രതിപക്ഷ, പ്രതിബിംബ, പ്രതിച്ഛന്ദ, പ്രത്യനീക, വിരോധിൻ, സമ, സമാന, സദൃശ, സദൃക്ഷ, സദൃക്, സജാതീയ സരൂപ, സമ്മിത, സപക്ഷ, സലക്ഷണ.

മൃഗപ്രായം, പ്രഭാതപ്രായയായ രജനീ.

v. ബഹുവ്രീഹിസമാസം.

ഉദാ: 1. ജയ സിതമണിസാകാശ. 2. ജയ സരസിജദളനിഭനേത്ര. 3. ജനിമൃതിഭയഹര ജലദസന്നിഭദേഹ. 4. മഗധനരാധിപതിമ്മഹേന്ദ്രകല്പഃ 5. ദീനം വെടിഞ്ഞഥ ചൊരിഞ്ഞു കനകനിഭചേലേ. 6. മനസിജസദൃശസ്വരൂപ വലമഥന. 7. നാരീമല്ലികാമുകുളദന്തപങ്ക്തി. 8. നിശാചരിസോമനേർമുഖിമാരെ ഹരിച്ചഹോ. 9. നീലനീരദനിഭരുചിരവേണി. 10. അംബുനിഭമൃദുചരണം തവ അൻപോടു കൈ തൊഴുതീടാം. 11. കഞ്ജബാന്ധവസദൃശഹാടകകുണ്ഡലേ. 12. മനോഹരാംബുദവേണി കിസലയരുചിരപദയുഗേ പഞ്ചബാണവിരോധിവാമകളേബരേ. 13. കുലഗിരിസമധീരൻ. 14. കാശകുന്ദഹിമഭാനുഗൌരതരമാകുമെന്നുടയ കീൎത്തിയും. 15. കംബുകണ്ഠി രുഗ്മിണി. 16. തവ പാദപല്ലവങ്ങൾ വന്ദേ.

ഈ സമാസങ്ങളെ വിഗ്രഹിച്ചു ജാതിയും അൎത്ഥവും പറക. ഉപമയുടെ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അവയെ വ്യക്തമായി കാണിക്കുക.

4. ഉപമാവാചികളായി പ്രയോഗിക്കുന്ന ഭാഷാപദങ്ങൾ:—

i. ഒത്ത, ഓളം, കണക്കേ, ഞായം, തരം, നേർ, പടി, വണ്ണം.

1. പാലൊത്തമൊഴി. 2. ഒരു ധൎമ്മം പോലും സത്യത്തോളം വലുതായില്ല. 3. കാറ്റു കണക്കേ മണ്ടി. 4. മൈ മറന്നീടിനാൾ ചിന്തിച്ചതോൎക്കുമ്പോൾ എന്നു ഞായം. 5. മതി പതറും തരം വേഗമുള്ള. 6. ചന്ദ്രനേർമുഖി.

5. ഉപമാനോപമേയങ്ങളുടെ സാദൃശ്യം ഉൽക്കൎഷം, അപകൎഷം മുതലായവയെ കാണിപ്പാൻ ക്രിയകളേയും പ്രയോഗിക്കും.

സ്പൎദ്ധിക്ക, ജയിക്ക, ദ്വേഷിക്ക, ദ്രോഹിക്ക, പ്രതിഗൎജ്ജിക്ക, ആക്രോശിക്ക, അവമാനിക്ക, നിന്ദിക്ക, ഹസിക്ക, എന്നിങ്ങനെയുള്ള സംസ്കൃതധാതുക്കളും

പൊരുതുക, പട വെട്ടുക, വെല്ലുക, മുതലായ ഭാഷാക്രിയകളും ഉപമാനോപമേയങ്ങളുടെ ഉൽകർഷാപകർഷങ്ങളെക്കാണിപ്പാൻ ഉപയോഗിക്കും.

1. കാമിനിമാരെല്ലാം കൈതൊഴുതീടുന്നൊരു കോമളഗാത്രി. 2. ബാലചന്ദ്രന്നു തോലി നല്കുന്ന ഫാലമൂലേ ചാലവെ ചില്ലികളും കാമവില്ലുകൾ പോലെ കോമളങ്ങളായുള്ള നേത്രങ്ങൾ കാണുമന്നേരം താമരദളങ്ങളും നാണിച്ചുമെല്ലെ പിന്നെ. നാസികാഭംഗി കണ്ടാൽ തിലപുഷ്പങ്ങളെല്ലാം ദാസരായീടുമെന്നു സംശയം വിട്ടു ചൊല്ലാം. ചാരുകുണ്ഡലാഞ്ചിതഗണ്ഡമണ്ഡലം രണ്ടും നേരിട്ടു കണ്ണാടികൾ കണ്ടുടൻ മണ്ടും. 3. കണ്ഠഭംഗി കാൺകയാൽ മങ്ങി കംബുവും വാണീടുന്നിതംബുപൂരത്തിൽ മുങ്ങി. 4. പാണിസൌന്ദൎയ്യം കണ്ടാൽ താമരപ്പൂക്കൾ വാടി നാണിച്ചു തന്നെ മുങ്ങുമംബുവിലെല്ലാം കൂടി. 5. കന്ദൎപ്പദൎപ്പാപഹമായ സൌന്ദൎയ്യം. 6. അധരജിതബിംബ ഭ്രമണ. 7. നല്ല വില്ലോടു മല്ലിടുന്നൊരു ചില്ലിലാസ്യഭംഗിയും. 8. തണ്ടാർശരശരാധിയും കണ്ഠത തേടീടും വണ്ടാർപൂംകുഴലി നീയും കണ്ടാലുമുദ്യാനം. 9. സുന്ദരതരരൂപനിൎജ്ജിതമാരൻ.

ഇതിലെ സമാസങ്ങളുടെ അൎത്ഥം പറഞ്ഞ് ഉപമാനോപമേയങ്ങളെക്കാണിക്ക.

230. 'ദേവൻെറ അടിമലർ നിങ്ങളെ രക്ഷിക്കട്ടെ' എന്നതിൽ അടിമലർ രൂപകസമാസമായാൽ അടിയാകുന്ന മലർ എന്നും, ഉപമിതസമാസമായാൽ മലരിനെപ്പോലെയുള്ള അടി എന്നും, അൎത്ഥം ഉളവാകും. ഒന്നാം അൎത്ഥം സ്വീകരിച്ചാൽ മലരിന്നു പ്രാധാന്യം ഉണ്ടായി അചേതനമായ പുഷ്പം ബഹുപ്രയാസസാധ്യമായ രക്ഷ ചെയ്യുന്നു എന്നു വരും. മലർ പോലെയുള്ള അടി എന്ന വിഗ്രഹത്തിലെ വിശേഷണം കൊണ്ടു രക്ഷണക്രിയക്കു ഒരു പ്രയോജനവും സിദ്ധിക്കുന്നില്ല. രക്ഷണനിൎവ്വാഹത്തിന്നായി മലരായി പരിണമിച്ച അടി നിങ്ങളെ രക്ഷിക്കട്ടെ എന്നു പരിണാമാലംകാരമായി വിഗ്രഹിക്കേണം. പരിണാമസമാസത്തെ വ്യാകരണം സ്വീകരിച്ചിട്ടില്ലാത്തതു കൊണ്ടു ഇതിനെ രൂപകസമാസമായി വിചാരിക്കേണം. സാമാനാധികരണ്യം കാണിക്കുന്ന അഭേദം പരിമാണത്താൽ സിദ്ധിച്ചു എന്നു ധരിക്കേണം. എത്ര ലഘുവും കോമളവും ആയ പുഷ്പം കൊണ്ടു ഭവരക്ഷ ചെയ്യുന്ന ഈശ്വരൻെറ മഹിമ എത്ര ആശ്ചൎയ്യകരം! എന്ന അതിശയാൎത്ഥവും കിട്ടും.

പ്രസന്നമായ ദൃഗഞ്ചലം കൊണ്ടു മഹീരേക്ഷണ നോക്കുന്നു. വ്യാഖ്യാനിക്ക.

1. ഉപമാനോപമേയങ്ങളായ പദങ്ങൾക്കു കൎമ്മധാരയനിൽ സ്ഥാനം തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. ശേഷം വിശേ

ഷണങ്ങൾ പൂർവ്വപദങ്ങളായി വിശേഷ്യത്തോടു ബഹുലം സമാസിക്കും.

ശ്വേതാതപത്രം, മധുരവാണി, കോമളഗാത്രം, രമ്യകാന്താരം, രക്തവസ്ത്രം.

2. കർമ്മധാരയൻ തൽപുരുഷസമാസത്തിന്റെ ഒരു ഉൾപിരിവാകയാൽ ഉത്തരപദാദിയിലെ ഖരത്തിന്നു ദ്വിത്വം വരും.

കിളിപ്പൈതൽ. പൈങ്കിളിപ്പെൺ, ശാരികത്തരുണി. (82. 3).

(iii.) ദ്വിഗുസമാസം.

231. 1. കർമ്മധാരയസമാസത്തിൽ പൂർവ്വപദം സംഖ്യയായാൽ അതു ദ്വിഗുവാകും.

ത്രിഭുവനം, സപ്തലോകം, പഞ്ചഭൂതങ്ങൾ, നവനിധികൾ, ദശാവതാരങ്ങൾ.

ഏഴുലോകം, ഈരേഴുലകം, ഇരുവത്തൊന്നുവട്ടം, മൂന്നുകോൽ, എൺചാൺ, അഞ്ചിടങ്ങഴി, അഞ്ഞാഴി, നാവുരി, ആയിരംനെല്ലു്, നൂററുപതു കാതം, നാലുപായങ്ങൾ, ആറുശാസ്ത്രങ്ങൾ, പതിനെട്ടു പുരാണങ്ങൾ.

a. ത്രൈലോക്യം, ചാതുർവ്വർണ്ണ്യം, മുതലായവയിൽ യ (ഷ്യഞ്) എന്ന തദ്ധിതപ്രത്യയം സ്വാർത്ഥത്തിൽ ചേൎന്നിരിക്കുന്നു.

b. ത്രിലോകി, ചതുസ്സൂത്രി, അഷ്ടാധ്യായി മുതലായവ അകാരാന്തമായ ദ്വിഗുവിനോടു വികല്പമായി സ്ത്രീപ്രത്യയമായ ഈ ചേൎന്നിരിക്കുന്നു.

c. ഭാഷാസമാസങ്ങളിൽ പൂർവ്വപദങ്ങളായ സംഖ്യകൾ വിഗ്രഹവാക്യത്തിൽ രൂപഭേദം വരാത്തതു കൊണ്ടും ഘടകപദങ്ങളുടെ ഇടയിൽ വേറെ പദങ്ങൾ വരാൻ പാടില്ലായ്കയാൽ ഐകപദ്യമുള്ളതു കൊണ്ടും ഇവ നിത്യസമാസങ്ങളാകുന്നു.

2. ചിലപ്പോൾ വിശേഷണമായ സംഖ്യ ഉത്തരവിശേഷണമായും വരും.

i. ലോകങ്ങളേഴിലും, വേദങ്ങൾനാലിനേയും. ഇവിടെയും ഘടകപദങ്ങളുടെ യോഗം പിരിക്കാൻ പാടില്ലാത്തതു കൊണ്ടു് ഇവ ദ്വിഗുസമാസമാകുന്നു. വചനപ്രത്യയത്തിന്നു ലോപം വരാത്തതു കൊണ്ടു് ഇവ അലുക്‌സമാസങ്ങൾ ആകുന്നു. എന്നാൽ നാലോ അഞ്ചോ പുരുഷന്മാർ ഇതിൽ ഓ എന്ന പദം

ഇടക്കു വന്നിരിക്കയാൽ സംഖ്യകൾ വ്യസ്തപദങ്ങൾ ആകുന്നു. നാലഞ്ച് എന്നതു നാലോ അഞ്ചോ എന്ന അൎത്ഥത്തിൽ ബഹുവ്രീഹിയും 'നാലഞ്ചിരുപതു്" എന്നിൽ അതു ദ്വിഗുവും ആകുന്നു.

ii. പ്രഥമപുരുഷൻ, ദ്വിതീയഭാൎയ്യ, തൃതീയപുത്രൻ, ചതുൎത്ഥവേദം ഇത്യാദി പൂരണീപൂൎവ്വപദമായ ദ്വിഗുസമാസം തന്നെ.

3. സംസ്കൃതത്തിൽ ദ്വിഗു വസ്തുക്കളുടെ കൂട്ടം കാണിക്കുന്നതു കൊണ്ടു് അതിനെ സമാഹാരദ്വിഗുവെന്നു പറയും. അതു് ഏകവചനവും നപുംസകലിംഗവും ആകും.

4. നിത്യസമാസം, രൂപകസമാസം, ഉപമിതസമാസം, ദ്വിഗുസമാസം എന്നിവ നാലും കൎമ്മധാരയന്റെ വിഭാഗങ്ങൾ ആകുന്നു.

(iv.) ബഹുവ്രീഹിസമാസം.

232. 1. സാമാനാധികരണ്യമുള്ള രണ്ടു പദങ്ങൾ ചേൎന്നു് ഒരു സമാസമായി ഇവയോടു സാമാനാധികരണ്യമില്ലാത്ത ഒരു അന്യപദത്തെ വിശേഷിക്കുന്നതു ബഹുവ്രീഹിയാകുന്നു.

'നെടുംകണ്ണിയായ സ്ത്രീ' എന്നതിൽ നെടുംകണ്ണി എന്ന സമാസം സ്ത്രീയെ വിശേഷിക്കുന്നു. അതിനു നെടിയ കണ്ണുകൾ ഉള്ളവൾ എന്നു് അൎത്ഥം. സ്ത്രീ നെടിയവൾ അല്ല; സ്ത്രീ കണ്ണുകളുമല്ല; അതു കൊണ്ടു ഘടകപദങ്ങളായ നെടും, കണ്ണ് എന്നവകളും സ്ത്രീക്കും തമ്മിൽ സാമാനാധികരണ്യം ഇല്ല. നെടുംകണ്ണി സ്ത്രീയുടെ വിശേഷണമാകയാൽ ബഹുവ്രീഹിസമാസമാകുന്നു. (a) നെടിയ കണ്ണുകൾ ആൎക്കുണ്ടോ അവൾ; (b) നെടിയ കണ്ണുകളോടു കൂടിയവൾ എന്നും വിഗ്രഹിക്കാം. മധുരമൊഴി, കിളിമൊഴി, ചെംകതിരവൻ, അന്നനടയാൾ, ചതുൎമ്മുഖൻ, പീതാംബരൻ, ഗദായുധൻ എന്നീ ബഹുവ്രീഹികളെ വിഗ്രഹിക്കുക.

2. ബഹുവ്രീഹിയിൽ വിശേഷണം എല്ലായ്പോഴും പൂൎവ്വപദമാകും.

പീതം (മഞ്ഞ) ആയ അംബരം (വസ്ത്രം) ആൎക്കുണ്ടോ അവൻ പീതാംബരൻ. കൃതകൃത്യൻ, ജിതേന്ദ്രിയൻ, ത്യക്തരാജ്യൻ, നഷ്ടധനൻ, പ്രാപ്തരാജ്യൻ·

പ്രാരബ്ധവിഘ്നങ്ങൾ (= പ്രാരബ്ധങ്ങളായ വിഘ്നങ്ങൾ). സ്വയംകൃതദോഷങ്ങൾ (സ്വയം കൃതങ്ങളായ ദോഷങ്ങൾ) എന്നിങ്ങിനെയുള്ള കർമ്മധാരയസമാസങ്ങളിൽ നിഷ്ഠ പൂർവ്വപദമാകുന്നു. 'സിദ്ധസംകല്പനായ കൗശികൻ' എന്നതിൽ സിദ്ധം എന്ന നിഷ്ഠ സംകല്പത്തെ വിശേഷിച്ച സമാസാർത്ഥം കൗശികനെ വിശേഷിക്കുന്നതു കൊണ്ട് അതു ബഹുവ്രീഹിയാകുന്നു. 'ശ്രീരാമായണം പുരാ വിരിഞ്ചിവിരചിതം'. ഇവിടെ വിരിഞ്ചിവിരചിതം (വിരിഞ്ചിയാൽ വിരചിതം) എന്നതു തൃതീയാതൽപുരുഷൻ ആകുന്നു. നിഷ്ഠയുടെ സ്ഥാനപ്രകാരം സമാസം ഭേദപ്പെട്ടു.

3. ബഹുവ്രീഹിയിലും കർമ്മധാരയനിലും നിഷ്ഠ പൂർവ്വപദവും തൽപുരുഷനിൽ ഉത്തരപദവും ആകുന്നു.

4. ബഹുവ്രീഹി അന്യപദത്തെ വിശേഷിക്കുന്നതു കൊണ്ടു വിശേഷ്യമായ അന്യപദത്തിന്നു പ്രാധാന്യം. അതു വിശേഷണമാകയാൽ വിശേഷ്യത്തോടു ലിംഗവചനങ്ങളിൽ അന്വയിക്കും.

ശുക്ലാംബരനായ വിഷ്ണു; പീതാംബരയായ ലക്ഷ്മി, കൃഷ്ണാംബരമായ കുലം. ചന്ദ്രമുഖൻ ആയ ബാലൻ, ചന്ദ്രമുഖി — സീത.

സലക്ഷ്മണനായ (രാമൻ), സഭർത്തൃകയായ (സീത), സപുത്രനായ (ദശരഥൻ) മുതലായവയിൽ ലക്ഷ്മണനോടു കൂടിയ രാമൻ എന്നും ഭർത്താവിനോടു കൂടിയ സീതയെന്നും പുത്രന്മാരോടു കൂടിയ ദശരഥൻ എന്നും അർത്ഥമാകയാൽ അവ ബഹുവ്രീഹികൾ ആകുന്നു. ഇവിടെ സ എന്നതു സഹ എന്നതിന്റെ രൂപാന്തരം ആകുന്നു.

233. 1. ചിലപ്പോൾ ബഹുവ്രീഹിയിലേ പദങ്ങൾ പ്രഥമാസാമാനാധികരണ്യത്തിൽ വരാതെ സപ്തമീവ്യധികരണത്തിൽ ആയിരിക്കും.

സപ്തമി — ആയുധപാണി (പാണിയിൽ ആയുധമുള്ളവൻ), പത്മനാഭൻ (നാഭിയിൽ പത്മമുള്ളവൻ), ദാമോദരൻ (ഉദരത്തിങ്കൽ ദാമമുള്ളവൻ). പാണി, നാഭി, ഉദരം ഇവ വ്യധികരണത്തിലാകയാൽ സമാസാന്തത്തിൽ വന്നിരിക്കുന്നു.

ചക്രപാണി, കണ്ഠേകാളൻ, നീലകണ്ഠൻ, ദണ്ഡപാണി ഇവയെ വിഗ്രഹിച്ച് അർത്ഥം പറക.

2. ബഹുവ്രീഹിയിൽ ഉപമാനോപമേയങ്ങൾക്കുള്ള സമാനപദങ്ങളിൽ ഉപമേയാംശം ലോപിക്കും.

വ്യാഘ്രത്തിന്റെ മുഖം വ്യാഘ്രമുഖം. വ്യാഘ്രമുഖം പോലെയുള്ള മുഖം ഉള്ളവൻ എന്ന അൎത്ഥത്തിൽ വ്യാഘ്രമുഖമുഖൻ എന്നു പറയുന്നതിന്നു പകരം വ്യാഘ്രമുഖൻ എന്നു പ്രയോഗിക്കും. ഈ ബഹുവ്രീഹിയിൽ ഉപമേയാംശമായ മുഖം വിട്ടിരിക്കുന്നു. അന്നനടയാൾ—അന്നത്തിൻ നടപോലെയുള്ള നടയുള്ളവൾ. കിളിമൊഴിയാൾ, കീരവാണി, ഇവയെ വിഗ്രഹിക്ക.

234. 1. സമാസങ്ങളെ ഘടകപദങ്ങളായി പ്രയോഗിച്ചുണ്ടാകുന്ന സമാസങ്ങളെ പിന്നെയും പൂൎവ്വോത്തരപദങ്ങളായി ഉപയോഗിക്കുവാൻ കഴിയുന്നതു കൊണ്ടു സംസ്കൃതത്തിൽ സമാസങ്ങൾ അത്യന്തം നീണ്ടുപോയി അൎത്ഥം ഗ്രഹിപ്പാൻ ക്ലേശവും സംശയവും ജനിക്കും. ഭാഷയിൽ നീണ്ട സമാസം കൂടാതെ കഴിക്കുന്നതു് ഉത്തമം.

മല്ലീസായകതുല്യദേഹൻ (മല്ലിയാകുന്ന സായകമുള്ളവൻ) മല്ലീസായകൻ എന്ന ബഹുവ്രീഹി. മല്ലീസായകനു തുല്യം എന്ന മല്ലീസായകതുല്യം എന്നതു ബഹുവ്രീഹിഗൎഭമായ തൽപുരുഷൻ. മല്ലീസായകതുല്യമായ ദേഹം ആൎക്കുണ്ടോ അവൻ മല്ലീസായകതുല്യദേഹൻ എന്നതു ബഹുവ്രീഹി. ധിക്കൃതശക്രപരാക്രമൻ, രാകേന്ദുസമാനനൻ, പാകശാസനതുല്യപരാക്രമൻ, ശുഭ്രസ്ഫടികസംകാശശരീരൻ, ധാതൃശങ്കരവിഷ്ണുപ്രമുഖന്മാർ, ശൃംഗാരരസപരിപുഷ്ടവേഷൻ, ശ്രീകൃഷ്ണാംഘ്രിസരോരുഹാൎപ്പിതമനാഃ, മന്ദാക്ഷപ്രേമഹൎഷോദയലളിതമുഖീ എന്നിവയെ വിഗ്രഹിച്ചു് അൎത്ഥം പറക.

2. വിചാരത്തിന്റെ തീവ്രതയും ശീഘ്രതയും ഹേതുവായി അല്പസമയം കൊണ്ടു് അഭിപ്രായം വിശദമാക്കുവാൻ വേണ്ടി ഇപ്പോൾ കൃദന്തങ്ങളും തദ്ധിതങ്ങളും ദീൎഘസമാസങ്ങളും ഭാഷയിൽ ഭൂരിയായി പ്രയോഗിച്ചു വരുന്നതു കൊണ്ടു് ഈ മൂന്നു വിഷയങ്ങളെ വിസ്തരിച്ചു വിവരിച്ചിരിക്കുന്നു.

3. ഇന്ദ്രാദികളായ ദേവന്മാർ. ഇന്ദ്രൻ ഏവരുടെ ആദിയോ അവർ ഇന്ദ്രാദികൾ എന്ന ബഹുവ്രീഹി ഇന്ദ്രജാതിയിൽ ഉൾപ്പെട്ട ദേവന്മാരെ വിശേഷിക്കും. രംഭാപ്രഭൃതികളായ അപ്സരസ്സുകൾ, അഗ്നിമുഖരായ ദേവർ, നാരദപ്രമുഖന്മാരായ ബ്രഹ്മൎഷികൾ. ഇന്ദ്രാദികളായ ദേവന്മാർ എന്നതും ഒരു സമാസമാകും. ഇന്ദ്രാദിദേവന്മാർ. ഇതിൽ പൂൎവ്വപദം ഉത്തരപദത്തെ വിശേഷിക്കുന്നതു കൊണ്ടു് ഇതു കൎമ്മധാരയൻ ആകുന്നു. ഇന്ദ്രനാദികൾ മുതലായ അലുക്സമാസങ്ങളും ഉണ്ടു.

മദ്ധ്യമപദലോപിസമാസം.

235. 1. വിഗ്രഹവാക്യത്തിന്റെ ഇടയിൽ ഉള്ള പദങ്ങളെ എളുപ്പമായി ഗ്രഹിപ്പാൻ കഴിയുന്നതായാൽ അവയെ വിട്ടു കളഞ്ഞിട്ടും സമാസം ഉണ്ടാകാം. ഈ വിധം സമാസത്തിന്നു മദ്ധ്യമപദലോപി എന്നു പേർ.

വെണ്ണപ്രിയനായ കൃഷ്ണൻ = വെണ്ണകൃഷ്ണൻ; മണ്ണിൽ നിന്നു എടുത്ത എണ്ണ = മണ്ണെണ്ണ; തീയുടെ ശക്തി കൊണ്ട് ഓടുന്ന വണ്ടി = തീവണ്ടി: ആവിയന്ത്രം; തീക്കപ്പൽ; മഞ്ഞു തടുപ്പാനുള്ള തൊപ്പി = മഞ്ഞുതൊപ്പി; തപസ്സു പ്രധാനമായ വനം = തപോവനം.

2. കൊണ്ടാദിഗതികൾ വിഭക്തികളോടു ചേൎന്നുണ്ടാകുന്ന ഗതിസമാസങ്ങളിൽ ഗതികളും അവയോട് അന്വയിക്കുന്ന വിഭക്തികളും പ്രയോഗിച്ചു കാണായ്കയാൽ അവ മദ്ധ്യമപദലോപികളാകുന്നു.

മരം കൊണ്ടുണ്ടാക്കിയ പെട്ടി = മരപ്പെട്ടി, പൊന്നു കൊണ്ടുണ്ടാക്കിയ വള = പൊൻവള, ശത്രുക്കളിൽ നിന്നുള്ള ഭയം — ശത്രുഭയം, പുത്രനോടു കൂടിയ രാമൻ — സപുത്രനായ രാമൻ.

(v.) ദ്വന്ദ്വസമാസം.

236. 1. നാമങ്ങളെ സമുച്ചയിപ്പാൻ ഉപയോഗിക്കുന്ന ഉംനിപാതത്തെ വിട്ട് എല്ലാ നാമങ്ങളേയും ഒരു പദമാക്കിയാൽ ഉണ്ടാകുന്നതു ദ്വന്ദ്വൻ ആകുന്നു.

അമ്മയച്ഛന്മാർ, സ്ത്രീപുരുഷന്മാർ, ബ്രാഹ്മണക്ഷത്രിയവൈശ്യശൂദ്രന്മാർ, കൈകാലുകൾ, ഗ്രാമധനധാന്യരത്നങ്ങൾ, തകിൽമുരശുപറപടഹാദികൾ, കാൽകൈകുടൽതോൾഗളതടം, രാമലക്ഷ്മണഭരതശത്രുഘ്നന്മാർ.

2. സന്ധിയിൽ ഉത്തരപദത്തിന്നു വിധിച്ച ദ്വിത്വം ദ്വന്ദ്വനിൽ വരികയില്ല.

കുടതഴചാമരങ്ങൾ, ആനതേർകുതിരകാലാൾ; കൈകാലുകൾ. (82. 3)

3. വിഗ്രഹവാക്യത്തിൽ ഘടകപദങ്ങൾ പ്രഥമയിൽ വരുന്നതു കൊണ്ട് എല്ലാ പദങ്ങൾക്കും പ്രാധാന്യമുണ്ട്.

4. ദ്വന്ദ്വനിൽ സംജ്ഞാനാമത്തിന്നു ബഹുവചനം വരും.

രാമകൃഷ്ണന്മാർ, നകുലസഹദേവന്മാർ, ഗംഗായമുനകൾ. (126.)

5. ബഹുവചനാന്തമായ ദ്വന്ദ്വൻ ഇതരേതരദ്വന്ദ്വനും ഏകവചനാന്തമായതു സമാഹാരദ്വന്ദ്വനും ആകുന്നു. ഇതരേതരദ്വന്ദ്വൻ വസ്തുക്കളുടെ പാൎത്ഥക്യവും സമാഹാരദ്വന്ദ്വൻ അവയുടെ സമൂഹവും കാണിക്കും. ഈ ഭേദം ദ്വിഗുവിലും ഉണ്ടു.

6. ദ്വന്ദ്വാന്തത്തിൽ വരുന്ന പ്രത്യയങ്ങളും പദങ്ങളും ഓരോ ഘടകപദത്തോടു ചേരും.

പ്രത്യയം. സ്ത്രീപുരുഷന്മാരുടെ = സ്ത്രീകളുടേയും പുരുഷന്മാരുടേയും; ബ്രാഹ്മണക്ഷത്രിയത്വം = ബ്രാഹ്മണത്വവും ക്ഷത്രിയത്വവും.

നാമങ്ങൾ. സ്ത്രീപുരുഷപ്രത്യയങ്ങൾ — സ്ത്രീപ്രത്യയങ്ങളും പുരുഷപ്രത്യയങ്ങളും.

237. ദ്വന്ദ്വനിൽ പൂൎവ്വോത്തരപദങ്ങളെ സംബന്ധിച്ച ചില നിയമങ്ങൾ സംസ്കൃതത്തിൽ ഉണ്ടു. ഇവ ഭാഷാപദങ്ങളിൽ പ്രവൃത്തിക്കുന്നില്ലെങ്കിലും സംസ്കൃതസമാസത്തിൽ ഉപേക്ഷിച്ചുകൂടാ.

1. ഇകാരാന്തവും ഉകാരാന്തവും ആയ പദങ്ങൾ ദ്വന്ദ്വനിൽ പൂൎവ്വപദങ്ങളാകും. ഈ വിധങ്ങളായ ബഹുപദങ്ങൾ ഒന്നിച്ചു കൂടുമ്പോൾ ഒന്നിനെ മാത്രം നിയമം സംബന്ധിക്കും.

ഹരിഹരന്മാർ, വിഷ്ണുശങ്കരന്മാർ., ഹരിഹരഗുരുക്കന്മാർ, ഹരിഗുരുഹരന്മാർ.

2. സ്വരാദിപദം ആദിയിൽ വരും.

ഇന്ദ്രവരുണന്മാർ, അഗ്നിവായ്വാദിത്യന്മാർ.

3. കുറഞ്ഞക്ഷരമുള്ള പദങ്ങൾ പൂൎവ്വപദങ്ങളാകും.

കപിരാഘവന്മാർ, പാൎവ്വതീപരമേശ്വരന്മാർ, ഭക്ഷണപാനം ഇതു ശരിയോ?

4. ലഘ്വക്ഷരം, അഭ്യൎഹിതവാചി, ജ്യേഷ്ഠത്വവാചി എന്നിവ പൂൎവ്വപദമാകും.

ലഘ്വക്ഷരം — കുശകാശങ്ങൾ, പശുപാശങ്ങൾ, ശിശുധാത്രിമാർ.

അഭ്യർഹിതവാചി — മാതാപിതാക്കന്മാർ, ഗുരുശിഷ്യന്മാർ.

ജ്യേഷ്ഠതവാചി. യുധിഷ്ഠിരഭീമന്മാർ, ഭീമാർജ്ജുനന്മാർ.

(vi.) അവ്യയീഭാവസമാസം.

238. (i) രണ്ടു നാമങ്ങൾ ചേർന്ന് ഒരു സമാസമായിത്തീർന്നു ക്രിയയെ വിശേഷിക്കുമ്പോൾ അതിനെ അവ്യയീഭാവസമാസം എന്നു പറയും. (ii) ഉപസർഗ്ഗവും നാമവും അല്ലെങ്കിൽ (iii) അവ്യയവും നാമവും ചേർന്നും അവ്യയീഭാവസമാസം ഉണ്ടാകും.

a. നാമങ്ങൾ — ഭക്തിപൂർവ്വം, വിധിപൂർവ്വം, ശ്രദ്ധാപുരസ്സരം, മദ്ധ്യമാർഗ്ഗം, മദ്ധ്യസഭം. ഭക്തിപൂർവ്വം ഭക്തിയോടു കൂടിയെന്നും ഭക്തിയുള്ള ഹേതുവായി എന്നും അർത്ഥം. മദ്ധ്യമാർഗ്ഗം — മാർഗ്ഗത്തിന്റെ മദ്ധ്യത്തിൽ.

b. ഉപസർഗ്ഗവും നാമവും — ആബാലവൃദ്ധം, ആചാണ്ഡാലം, ആസേതു, അനുപദം, അനുരൂപം, അദ്ധ്യാത്മം, പ്രതിദിനം, അന്വഹം, നിർദ്ദയം, നിർഭയം, നിർദ്ദാക്ഷിണ്യം. ബാലന്മാരും വൃദ്ധന്മാരും വരെ = ആബാലവൃദ്ധം (ജനങ്ങൾ ഒട്ടൊഴിയാതെ). ആചാണ്ഡാലം = ചാണ്ഡാലന്മാരോളം (അവരേയും അടക്കി). അനുപദം (ഉടനടി—പിന്നാലെ തന്നെ). അദ്ധ്യാത്മം—ആത്മാവിൽ (ആത്മാവു വിഷയമായി). പ്രതിദിനം (ദിനം തോറും), എന്നാൽ ദിനം പ്രതി, വർഷം പ്രതി മുതലായവ അവ്യയീഭാവസമാസങ്ങൾ അല്ല; രണ്ടു വ്യസ്തപദങ്ങളാകുന്നു. അവയിൽ ആദ്യത്തേതു ദ്വിതീയ കർമ്മപ്രവചനീയമായ പ്രതിയുടെ കർമ്മം.

c. അവ്യയവും നാമവും — യഥാശക്തി, യഥാമതി, യഥോചിതം, യാവജ്ജീവം, യഥാക്രമം.

യഥാ — ഒത്തവണ്ണം, കടന്നുപോകാതെ, എങ്ങനെയോ — അങ്ങനെ, അനുകൂലമായി എന്ന അർത്ഥമാകുന്നു. ഇവയെ ഉപയോഗിച്ച് അർത്ഥം പറക. യാവജ്ജീവം — ജീവനുള്ള കാലം.

d. പൂർവ്വപദം നിഷ്ഠയായിരിക്കാം — ഊഢകോപം, ആത്തമോദം, വീതഖേദം, ഹീനധൈര്യം, ബദ്ധദ്വേഷം, പുഷ്ടമോദം.

e. നിഷ്ഠ ഉത്തരപദമായും വരാം. അനുതാപലവഹീനം. ശങ്കാവിഹീനം.

f. കൂടെ എന്നർത്ഥമുള്ള സഹ എന്ന അവ്യയം സ എന്നായി നാമങ്ങളോടു ചേർന്ന് അവ്യയീഭാവസമാസം ഉണ്ടാകും.

സദയം, സാദരം, സബഹുമാനം, സധൈൎയ്യം, സചക്രം, സസ്നേഹം, സാമോദം.

g. നഞ് എന്നതു് ഇല്ലാ എന്നൎത്ഥത്തിൽ അവ്യയീഭാവത്തിന്റെ പൂൎവ്വപദമാകുന്നു. അഭയം.

h. യഥാശക്തി (ശക്തിക്കു് ഒത്തവണ്ണം), യഥാക്രമം (ക്രമത്തെ അനുസരിച്ചു്) അനുപദം (പിന്നാലേ തന്നെ), പ്രതിദിനം (ദിനം തോറും), അന്വഹം (നാൾ തോറും), മദ്ധ്യേസഭം (സഭയുടെ മദ്ധ്യത്തിൽ), മദ്ധ്യേമാൎഗ്ഗം, അധ്യാകാശം. ഈ സമാസങ്ങളുടെ അന്തത്തിൽ വിഭക്തിപ്രത്യയം ചേക്കാറില്ല. ഉപകൃഷ്ണം-കൃഷ്ണന്റെ സമീപം എന്നിങ്ങിനെ വിഗ്രഹവാക്യങ്ങളെ അറിഞ്ഞുകൊൾക.

i. വഴിപോലെ, കരയുംഭാവം, നല്ലവണ്ണം, ഇരുപതുവട്ടം, ആയിരമുരു ഇത്യാദി പദപ്രയോഗങ്ങൾ ക്രിയാവിശേഷണങ്ങളാകയാൽ അവ്യയീഭാവസമാസങ്ങളായെടുക്കാം.

നഞ്സമാസം.

239. 1. സംസ്കൃതത്തിലേ ന എന്നതിന്നു് ഇല്ല എന്നും അല്ല എന്നും അൎത്ഥമുണ്ടു. ഈ നിപാതത്തിന്നു സംസ്കൃതത്തിൽ ആറൎത്ഥങ്ങൾ* ഉണ്ടു,

1. തത്സാദൃശ്യം — അബ്രാഹ്മണൻ = ബ്രാഹ്മണൻ അല്ലാത്തവൻ; ക്ഷത്രിയനോ വൈശ്യനോ ശൂദ്രനോ ആയിരിക്കും. ഈ മൂന്നു വൎണ്ണങ്ങൾക്കു ബ്രാഹ്മണനോടു സാദൃശ്യം ഉണ്ടു. "അബ്രാഹ്മണനെ വിളിക്കു" എന്നു കല്പിച്ചാൽ ഈ മൂന്നു വൎണ്ണങ്ങളിൽ ഒരുവനെക്കൊണ്ടു വരും. ആടു, കല്ലു, പുല്ലു മുതലായവയെ ഗ്രഹിക്കയില്ല. 2. തദന്യത്വം — ഘടം അപടമാകുന്നു. ഘടം വസ്ത്രമല്ല; ഘടം വസ്ത്രത്തിൽ നിന്നു ഭേദപ്പെട്ടതാകുന്നു. 3. തദല്പത്വം — അനുദരാ കന്യാ— കന്യക്കു് ഉദരമില്ല എന്നതിന്നു കന്യ കൃശോദരിയാകുന്നു എന്നൎത്ഥം. വേനലിൽ പുഴയിൽ വെള്ളമില്ല; കുറവാണെന്നു് അൎത്ഥം. 4. വിരോധിതാ — അസുരർ — സുരവിരോധികൾ — ദൈത്യന്മാർ എന്നു് അൎത്ഥം. അധൎമ്മം — ധൎമ്മവിരോധിയായ പാപം എന്നൎത്ഥം. 5. അപ്രാശസ്ത്യം — അകാലാധ്യായി അപ്രശസ്തകാലത്തു് അദ്ധ്യായനം ചെയ്യുന്നവൻ — നിഷിദ്ധകാലത്തു പഠിക്കുന്നവൻ എന്നു അൎത്ഥം. കാലമകാലമായി. 6. അഭാവം. ഘടോ നാസ്തി — ഘടമില്ല.

2. പുത്രൻ അല്ലാത്തവൻ അപുത്രൻ എന്നതു നഞ്തൽപുരുഷൻ.

3. പുത്രൻ ഇല്ലാത്തവൻ അപുത്രൻ എന്നതു ബഹുവ്രീഹി. അവിദ്യമാന

---

*തത്സാദൃശ്യം തദന്യത്വം തദല്പത്വം വിരോധിതാ ।
അപ്രാശസ്ത്യമഭാവശ്ച നഞൎത്ഥാഃ ഷൾ പ്രകീൎത്തിതാഃ ॥

പുത്രൻ, എന്നും ബഹുവ്രീഹിയിൽ പറയാം. അരാജകമായ രാജ്യം, ഭാൎയ്യ ഇല്ലാത്തവൻ അഭാൎയ്യൻ, ഭ്രാതാവില്ലാത്തവൾ അഭ്രാതൃക, ഇത്യാദി നഞ് ബഹുവ്രീഹിസമാസങ്ങൾ ആകുന്നു.

4. അവ്യയീഭാവസമാസത്തിലും നഞ് വരും. അലജ്ജം, അഭയം, അനാദരം, അവിരതം. (238. g.)

5. ന എന്നതിന്നു ഹലാദിശബ്ദം പരമായാൽ ആദ്യനകാരം ലോപിക്കും. സ്വരാദിപദം വന്നാൽ അതു് അൻ ആകും.

ന + ഭയം — അഭയം. ന + ജ്ഞാനം — അജ്ഞാനം.

ന + ആദരം — അനാദരം. ന + ഈശൻ = അനീശൻ, ന + അപത്യൻ—അനപത്യൻ, ന + അദ്ധ്യായം — അനദ്ധ്യായം, ന + ഇഷ്ടം—അനിഷ്ടം.

6. നഞൎത്ഥത്തിൽ മററു പദങ്ങളും വരും:

a. ഉപസൎഗ്ഗം. നിൎഭയം, നിരാശ്രയം, വിശങ്കം, വിസമ്മതം. b. നിഷ്ഠ. അസ്തഭയം, വീതഭയം, ശങ്കാഹീനം, ശങ്കാവിഹീനം, മുക്തലജ്ജം.

7. നഞ് മാറാതെയും ചില പദങ്ങളിൽ വരും — നക്ഷത്രം, നൈകം, നഗം.

2. സമാസലിംഗം.

240. 1. തൽപുരുഷൻ, കൎമ്മധാരയൻ, ഇതരേതരദ്വന്ദ്വൻ എന്നീ സമാസങ്ങളുടെ ലിംഗം ഇവയുടെ അന്തത്തിലെ നാമത്തിന്റെ ലിംഗം തന്നെ ആയിരിക്കും. ബഹുവ്രീഹിക്കു് അതു വിശേഷിക്കുന്ന നാമത്തിന്റെ ലിംഗം വരും. സമാഹാരദ്വിഗുവും സമാഹാരദ്വന്ദ്വവും ഏകവചനത്തിൽ നപുംസകമാകും. ബഹുവചനത്തിൽ ദ്വിഗുവിന്നു് അന്ത്യനാമത്തിന്റെ ലിംഗം ഉണ്ടാകും.

തൽപുരുഷൻ — കവിമാതാവു, ഫണിപതി, യദുകുലം, ഏദയമുദം. രാമപത്നി, ദേവസ്ത്രീ, സ്ത്രീരത്നം.

കൎമ്മധാരയൻ — പരമസഖൻ, ശ്രു[illegible]മുനി, കപടനരൻ, തരുണതമാലം.

ദ്വന്ദ്വൻ—രാമലക്ഷ്മണന്മാർ, വായുഭാരതിമാർ, പാൎവ്വതീപരമേശ്വരന്മാർ.

ബഹുവ്രീഹി — രാമൻ താമരക്കണ്ണൻ, സീത താമരക്കണ്ണി, രാജ്യം ബഹുനായകം, ശുക്ലാംബരൻ വിഷ്ണു, പീതാംബര ലക്ഷ്മി, സുദതി ദമയന്തി.

2. ബഹുവ്രീഹിയിൽ ചിലപ്പോൾ സ്ത്രീലിംഗത്തിൽ ആൾപ്രത്യയം നിരൎത്ഥകമായിച്ചേൎക്കും. മധുരമൊഴിയാൾ; നെടുങ്കണ്ണിയാൾ, ഇന്ദുമുഖിയാൾ, ഇന്ദുനേർമുഖിയാൾ.

3. ആരുടെ ഭൎത്താവു മരിച്ചുവോ അവൾ മൃതഭൎത്തൃകയായ നാരി. ബഹുവധുമാർ ഉള്ള രാജാവു, ബഹുവധൂകൻ ആയ രാജാവു. ബഹു നദികൾ ഉള്ള

ദേശം — ബഹുനദികമായ ദേശം — ഇങ്ങനെ സ്ത്രീലിംഗാന്തബഹുവ്രീഹികളിൽ കപ്രത്യയം വരും. സ്ത്രീയോടു കൂടിയവൻ — സസ്ത്രീകൻ, ശ്രീയോടു കൂടിയവൻ — സശ്രീകൻ.

4. രൂപവതിയായ ഭാൎയ്യ ആൎക്കുണ്ടോ അവൻ രൂപവൽഭാൎയ്യൻ. രൂപവാനായ പുത്രനുള്ളവൻ രൂപവൽപുത്രൻ. ഈ രണ്ടു ബഹുവ്രീഹികളിലും ഗുണവചനത്തിന്നു് ഒരേരൂപം വന്നിരിക്കുന്നു. രൂപവൽഭാൎയ്യൻ എന്നതിൽ സ്ത്രീപ്രത്യയം ലോപിച്ചു ഗുണവചനത്തിന്നു പുംവൽഭാവം വന്നിരിക്കുന്നു. കൃഷ്ണചതുൎദ്ദശീ — കൃഷ്ണയായ ചതുൎദ്ദശീ, ചൈത്രപൌൎണ്ണമീ — ചൈത്രിയായ പൌൎണ്ണമീ മുതലായ കൎമ്മധാരയസമാസങ്ങളിലും ഗുണവചനത്തിന്നു പുംവൽഭാവം വരും.

5. സ്ത്രീ, ഭാൎയ്യ, നദി മുതലായവ നിത്യസ്ത്രീലിംഗങ്ങളാകുന്നു. അതു കൊണ്ടു് ഇവക്കു സ്ത്രീത്വം മുഖ്യം. ബഹുവ്രീഹി വിശേഷ്യനിഘ്നമാകയാൽ അതിന്റെ അന്തത്തിലേ ശബ്ദത്തിന്റെ ലിംഗം വിശേഷ്യത്തിന്റെ ലിംഗമായ്വരുന്ന കാരണം അതിനെ **ഉപസൎജ്ജനലിംഗ**മെന്നുപറയും.

3. സമാസസ്ഥപദവിധി.

241. 1. രാജൻ, സഖി, അഹസ്സ് എന്ന പ്രാതിപദികങ്ങൾ തൽപുരുഷനിൽ അകാരാന്തങ്ങളായി സംസ്കൃതത്തിൽ വരുമെങ്കിലും ഭാഷയിൽ ഇതു വികല്പമാകുന്നു.

ദേവരാജൻ കൃഷ്ണസഖൻ, പുണ്യാഹം. ഭാഷയിൽ മഹാരാജാവു, ജനകരാജാവു, പാൎത്ഥസഖി, മുതലായവയും ഉണ്ടു.

2. പൂൎവ്വാഹ്ണം, അപരാഹ്ണം, മദ്ധ്യാഹ്നം മുതലായ സമാസങ്ങളിൽ അഹസ് എന്നതു് അഹ്നം ആകും.

3. പഞ്ചരാത്രം, നവരാത്രം, പൂൎവ്വരാത്രം, അഹോരാത്രം മുതലായവയിൽ രാത്രിശബ്ദം അകാരാന്തമാകും. എന്നാൽ ഭാഷയിൽ നവരാത്രി, അഹോരാത്രി മുതലായ രൂപങ്ങൾ ഉണ്ടു.

4. ബഹുവ്രീഹ്യന്തത്തിൽ അക്ഷി എന്നതു് അക്ഷ ആകും; ധനുസ്സു ധന്വൻ ആകും; ധൎമ്മ ഒരു പദം മാത്രം പൂൎവ്വപദമായാൽ ധൎമ്മൻ ആകും.

അക്ഷി — താമരാക്ഷൻ, രക്താക്ഷൻ.

ധനുസ് — അധിജ്യധന്വാവു, ഗാണ്ഡീവധന്വാവു.

ധൎമ്മ — സുധൎമ്മാവു.

നാഭി — പത്മനാഭൻ.

ജായാ — ജാനി. ജാനകീജാനി = ജാനകി ഭാൎയ്യയായവൻ.